# മാനന്തവാടി രൂപത ബുള്ളറ്റിൻ

RNI Reg. No. KERMAL/2010/32222
Registered KL/TLY/01/25-27
License to post without prepayment of postage
No. KL/PMG/NR/WPP/83/TLY/2025-27

Vol. 17 / Issue 06
June 2026

"For their sake I consecrate myself, that they also may be consecrated in truth."
(John 17:19)



Let's Rise together to Rebuild the Community

സീറോമലബാർ
സമുദായ ശക്തീകരണ വർഷം - 2026

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 17 ജൂൺ 2026 ലക്കം 6

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


മാധ്യമ ദിനം- സർക്കുലർ ........................................................................ 05
ജൂൺ മാസത്തിലെ പഠനവിഷയം ........................................................ 10
രൂപതാ കച്ചേരി വാർത്തകൾ ................................................................. 14
Transfer List ...................................................................................... 16
മതബോധനരംഗം ................................................................................. 21
ചെറുപുഷ്പ മിഷൻലീഗ് ........................................................................ 24
കെ.സി.വൈ.എം ................................................................................... 30
കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ....................................................... 36
കുടുംബപ്രേഷിതത്വം ............................................................................. 38
വിൻസെന്റ് ഡി പോൾ സൊസൈറ്റി ..................................................... 46
സാമൂഹ്യ സേവനരംഗം (WSSS) .......................................................... 49
ജീവസ് & കെ.എൽ.എം .......................................................................... 55
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി .................................................. 57
കത്തോലിക്കാ കോൺഗ്രസ്സ് (AKCC) .................................................. 61
ബയോവിൻ അഗ്രോ റിസർച്ച് ............................................................... 64
റേഡിയോ മാറ്റൊലി ............................................................................... 67
Mary Matha Arts & Science College ................................................. 69
ഫെഡാർ ഫൗണ്ടേഷൻ ........................................................................... 71
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ................................................... 72
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ...................................................... 74
ബിഷപ്സ് പ്രോഗ്രാം ............................................................................. 81

## സർക്കുലർ

***Prot. No. 32061/2026***
***Circular No. 03/2026***

### മാധ്യമ ദിനം - ജൂൺ 14

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരെ, സമർപ്പിതരെ, സഹോദര ങ്ങളെ, പ്രിയപ്പെട്ട കുട്ടികളേ,

60-ാമത് ആഗോള സാമൂഹ്യ മാധ്യമദിനത്തിന്റെ ഭാഗമായി നമ്മുടെ രൂപതയിൽ 2026 ജൂൺ 14 ഞായറാഴ്ച മാധ്യമ ദിനമായി ആചരിക്കുകയാണ്. 'സത്യം നിങ്ങളെ സ്വതന്ത്രരാക്കും' (യോഹ. 8:32) എന്ന വചനത്തിന്റെ വെളിച്ചത്തിൽ, നമ്മുടെ കൈകളിലുള്ള മൊബൈൽ ഫോണുകളുടെയും കമ്പ്യൂട്ടറുകളുടെയും ആർട്ടിഫി ഷ്യൽ ഇന്റലിജൻസിന്റെയും ലോകത്തിൽ അവയെ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കണമെന്ന് ചിന്തിക്കാനുള്ള ഒരു ക്ഷണ മാണ് ഈ ദിനം.

ഒരുകാലത്ത് ലോകവാർത്തകൾ അറിയാനായി നാം പത്ര ത്തിനും റേഡിയോയ്ക്കും വേണ്ടി കാത്തിരുന്നു. ഇന്ന് ലോകം മുഴു വൻ നമ്മുടെ കൈപിടിയിൽ ഒതുങ്ങിയിരിക്കുന്നു. ഒരു ചോദ്യം ചോദിച്ചാൽ നിമിഷങ്ങൾക്കകം ഉത്തരം ലഭിക്കുന്ന കാലമാണിത്. Chat GPT, Gemini തുടങ്ങിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സംവി ധാനങ്ങൾ ഇനി ഭാവിയുടെ സ്വപ്നങ്ങളല്ല, നമ്മുടെ വീടുകളിലും ജോലിസ്ഥലങ്ങളിലും പഠനമുറികളിലും എത്തിക്കഴിഞ്ഞ യാഥാർത്ഥ്യ ങ്ങളാണ്.

ഈ പുതിയ ലോകത്തെ ഭയപ്പെടണോ അതോ സ്വീകരിക്കണോ എന്ന ചോദ്യത്തിനുള്ള ഉത്തരം വളരെ വ്യക്തമാണ്. ദൈവം മനുഷ്യന് നൽകിയ എല്ലാ നല്ല കഴിവുകളും പോലെ സാങ്കേതിക വിദ്യയും നന്മയ്ക്കായി ഉപയോഗിക്കപ്പെടേണ്ട ദാനമാണ്.

നിർമ്മിതബുദ്ധി ഭീഷണിയല്ല, സുവിശേഷ പ്രഘോഷണത്തി നുള്ള പുതിയ സഹായിയാണ്. കത്തികൊണ്ട് പച്ചക്കറി അരിയാം. അതേ ആയുധം കൊണ്ട് ഒരാളെ മുറിപ്പെടുത്തുകയും ചെയ്യാം. തെറ്റ് കത്തിയുടേതല്ല, അത് ഉപയോഗിക്കുന്ന മനുഷ്യന്റേതാണ്. നിർമ്മിത ബുദ്ധിയുടെ കാര്യവും അങ്ങനെ തന്നെയാണ്. ഏവർക്കും

ലോകോത്തര നിലവാരത്തിലുള്ള അറിവ് നേടാനും കുട്ടികൾക്ക് പഠിക്കാനും അദ്ധ്യാപകർക്ക് പഠിപ്പിക്കാനും കർഷകർക്ക് പുതിയ കൃഷിരീതികളെക്കുറിച്ച് അറിയാനും ഡോക്ടർക്ക് പുതിയ രോഗങ്ങളെ പ്പറ്റി മനസ്സിലാക്കാനും ലഭ്യമായ മരുന്നുകൾ ഏവയെന്നറിയാനും അങ്ങനെ മറ്റനേകം കാര്യങ്ങൾക്കും നിർമ്മിത ബുദ്ധി സഹായമാണ്. അതുപോലെ വൈദികർക്കും, സമർപ്പിതർക്കും സുവിശേഷ പ്രബോധനത്തിനും സഭാപ്രബോധനങ്ങളെ തങ്ങൾക്കാവശ്യമായ രൂപത്തിലും ഭാവത്തിലും അവതരിപ്പിക്കാനും നിർമ്മിത ബുദ്ധി സഹായകമാണ്. ചിത്രങ്ങളും വീഡിയോകളും നിർമ്മിച്ച് വിശ്വാസപരിശീലനം കുട്ടികൾക്ക് രസകരമാക്കാൻ മതാദ്ധ്യാപകർക്കും നിർമ്മിത ബുദ്ധി ഉപയോഗിക്കാം.

സഭയുടെ സന്ദേശങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കാനും സാമൂഹ്യസേവനങ്ങൾ കൂടുതൽ ഫലപ്രദമാക്കാനും സാങ്കേതികവിദ്യ നമ്മെ സഹായിക്കും. എന്നാൽ ഒരു കാര്യം നാം മറക്കരുത്, യന്ത്രത്തിന് ബുദ്ധി പോലെയുള്ള കഴിവു കൊടുക്കാം. പക്ഷെ അതു കൊടുക്കുന്നത് മനുഷ്യനാണ്. അതിനാൽ നിർമ്മിത ബുദ്ധിയുടെ പിന്നിൽ പ്രവർത്തിക്കുന്ന വ്യക്തിയുടെ വിശ്വാസ സംഹിതയുടെ അടിസ്ഥാനത്തിലാണ് നിർമ്മിത ബുദ്ധി പ്രവർത്തിക്കുന്നത്. ക്രൈസ്തവ വിശ്വാസത്തെ ഇല്ലായ്മ ചെയ്യാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്നവരാണ് നിർമ്മിത ബുദ്ധിയുടെ പിന്നിൽ പ്രവർത്തിക്കുന്നവരിൽ ഏറിയ പങ്കും എന്നത് പരസ്യമായ രഹസ്യമാണ്. അതിനാൽ വിവേകപൂർവം വേണം നിർമ്മിത ബുദ്ധിയെ ആശ്രയിക്കാൻ. കാരണം മൂല്യങ്ങൾ നൽകാൻ സ്വയമേ അവയ്ക്ക് കഴിയില്ല. അതുകൊണ്ട് സാങ്കേതികവിദ്യയുടെ പിന്നാലെ ഓടുന്നതിനോടൊപ്പം അതിനെ ക്രിസ്തീയ മൂല്യങ്ങളാൽ നയിക്കാനാണ് ഇന്നത്തെ ലോകം നമ്മളോട് ആവശ്യപ്പെടുന്നത്.

**മനുഷ്യസ്പർശം: ഒരു യന്ത്രത്തിനും പകരം വയ്ക്കാനാവാത്തത്**

മലയോര മേഖലയിൽ ജീവിക്കുന്ന നമുക്ക് ഈ സത്യം ഏറ്റവും നന്നായി മനസ്സിലാകും. ഒരു ഉരുൾപൊട്ടൽ ഉണ്ടാകുമ്പോൾ എ. ഐയ്ക്ക് ഉപഗ്രഹ ചിത്രങ്ങൾ വിശകലനം ചെയ്യാം. എത്ര വീടുകൾ തകർന്നുവെന്ന് കണക്കാക്കാം. അപകടമേഖലയുടെ മാപ്പ് തയ്യാറാക്കാം. പക്ഷേ മണ്ണിനടിയിൽ നഷ്ടപ്പെട്ട മകനെ ഓർത്ത് കരയുന്ന അമ്മയുടെ കണ്ണീർ തുടയ്ക്കാൻ ഒരു യന്ത്രത്തിനും കഴിയില്ല. എത്ര അത്യാധുനികമായ യന്ത്രമായാലും ദുരന്തഭൂമിയിൽ വിറച്ചുനിൽക്കുന്ന

ഒരു കുഞ്ഞിന്റെ തോളിൽ കൈവെച്ച് 'ഭയപ്പെടണ്ട, ഞങ്ങൾ കൂടെയുണ്ട്' എന്ന് പറയാൻ അതിന് കഴിയില്ല.

മാനന്തവാടി രൂപതയുടെ സാമൂഹിക പശ്ചാത്തലത്തിൽ മാധ്യമങ്ങൾക്ക് വലിയ പങ്കുണ്ട്. നമ്മുടെ കർഷകരുടെ പ്രശ്നങ്ങളും പരിസ്ഥിതി വെല്ലുവിളികളും അതിജീവനത്തിന്റെ കഥകളും ലോക ശ്രദ്ധയിൽ എത്തിക്കാൻ നമുക്ക് സോഷ്യൽ മീഡിയയെ 'ഹൈപ്പർ ലോക്കൽ' മാധ്യമങ്ങളായി ഉപയോഗിക്കാം. വാട്സ് ആപ്പും ഫേസ്ബുക്കും വെറും വിനോദത്തിനപ്പുറം കർഷകർക്ക് പുതിയ വിപണികൾ കണ്ടെത്താനും കാർഷിക അറിവുകൾ പങ്കുവെക്കാനും പരസ്പര സഹായത്തിനുമുള്ള വേദികളാക്കി മാറ്റാം.

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ ഹൃദയവും കരുണയും നൽകി. മറ്റൊരാളുടെ വേദന സ്വന്തമായി അനുഭവിക്കാനുള്ള കഴിവും നൽകി. അതാണ് മനുഷ്യന്റെ ഏറ്റവും വലിയ സാങ്കേതികവിദ്യ. അതിനാൽ സോഷ്യൽ മീഡിയയിലും ഡിജിറ്റൽ ലോകത്തും നാം പങ്കുവെക്കുന്ന ഓരോ വാക്കിലും മനുഷ്യസ്നേഹത്തിന്റെ സ്പർശം ഉണ്ടാകണം. വിമർശനത്തേക്കാൾ പ്രോത്സാഹനവും, വിദ്വേഷത്തേക്കാൾ സ്നേഹവും, പരിഹാസത്തേക്കാൾ കരുണയും നമ്മുടെ സന്ദേശങ്ങളിൽ നിറയട്ടെ.

**ഡിജിറ്റൽ ജാഗ്രത: സൗജന്യത്തിന്റെ പിന്നിലെ വില**

നമ്മുടെ മാതാപിതാക്കൾ പറയാറുണ്ട്: 'സൗജന്യമായി കിട്ടുന്നതിന് പിന്നിൽ എന്തെങ്കിലും കാരണമുണ്ടാകും.' ഡിജിറ്റൽ ലോകത്തും അത് പലപ്പോഴും ശരിയാണ്. സൗജന്യമായി ഉപയോഗിക്കുന്ന പല ആപ്പുകളും സേവനങ്ങളും നമ്മുടെ ശ്രദ്ധയും സമയവും വ്യക്തിവിവരങ്ങളുമാണ് ശേഖരിക്കുന്നത്. അതിനാൽ നമ്മളും നമ്മുടെ കുട്ടികളും എന്ത് പങ്കുവെക്കുന്നു, ആരുമായി പങ്കുവെക്കുന്നു എന്ന കാര്യത്തിൽ ജാഗ്രത പുലർത്തണം. ഇന്ന് വ്യാജ വീഡിയോകളും കൃത്രിമ ചിത്രങ്ങളും സൃഷ്ടിക്കാൻ ഏതാനും മിനിറ്റുകൾ മതി. ഒരാൾ പറയാത്തത് പറഞ്ഞതുപോലെയും ചെയ്യാത്തത് ചെയ്തതുപോലെയും കാണിക്കാൻ കഴിയും. അതിനാൽ ഒരു സന്ദേശം ഫോർവേഡ് ചെയ്യുന്നതിന് മുമ്പ് ഒരു നിമിഷമെങ്കിലും ചിന്തിക്കാം:

'ഇത് സത്യമാണോ?' 'ഇത് മറ്റൊരാളെ വേദനിപ്പിക്കുമോ?', 'ഞാൻ ഇത് പങ്കുവെച്ചാൽ സമൂഹത്തിന് നന്മയുണ്ടാകുമോ?' ഈ മൂന്ന് ചോദ്യങ്ങൾ ചോദിച്ചാൽ നമ്മുടെ സോഷ്യൽ മീഡിയ ഉപയോഗം കൂടുതൽ ഉത്തരവാദിത്തമുള്ളതാകും.

പ്രിയപ്പെട്ട മാതാപിതാക്കളേ, നമ്മുടെ കുട്ടികൾ വളരുന്നത് നാം വളർന്ന ലോകത്തിലല്ല. അവർക്ക് കൂട്ടുകാരനായി ഒരു മൊബൈൽ ഫോൺ ഉണ്ട്. പഠനസഹായിയായി ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉണ്ട്. ലോകം മുഴുവൻ അവരുടെ മുന്നിൽ തുറന്നുകിടക്കുന്നു. ഈ സാഹചര്യത്തിൽ കുട്ടികൾക്ക് നല്ല മാർക്ക് മാത്രം മതിയാകില്ല. ചിന്തിക്കാനുള്ള കഴിവും ശരിയായ ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവും സത്യം തിരിച്ചറിയാനുള്ള വിവേകവും ആവശ്യമാണ്.

Chat GPT-യോടോ Gemini-യോടോ ചോദ്യം ചോദിക്കാൻ കുട്ടികൾ പഠിക്കട്ടെ. പക്ഷേ ജീവിതത്തിലെ എല്ലാ ഉത്തരങ്ങളും യന്ത്രങ്ങളിൽ നിന്ന് ലഭിക്കില്ലെന്ന് അവർ മനസ്സിലാക്കട്ടെ. പ്രാർത്ഥിക്കാൻ പഠിക്കണം. പരാജയം സഹിക്കാൻ പഠിക്കണം. മറ്റുള്ളവരെ ബഹുമാനിക്കാൻ പഠിക്കണം. കഠിനാധ്വാനം ചെയ്യാൻ പഠിക്കണം. മക്കൾ മനസിലാക്കേണ്ട കാര്യം എ. ഐ ഹോം വർക്ക് ചെയ്തു തരും പക്ഷെ നമ്മുടെ സ്വഭാവരൂപീകരണം നടത്തില്ല. ഐ.എ ഉപദേശം നൽകാം, പക്ഷേ ജീവിതമൂല്യങ്ങൾ പകർന്നു നൽകുന്നത് മാതാപിതാക്കളും അധ്യാപകരും, നല്ല സുഹൃത്തുക്കളും, ആത്മീയ ഗുരുക്കന്മാരുമാണ്.

**സ്ക്രീനിന് അപ്പുറത്തുള്ള ജീവിതം**

ഇന്ന് പല വീടുകളിലും ഒരേ മുറിയിൽ ഇരിക്കുന്നവർ പോലും വ്യത്യസ്ത സ്ക്രീനുകളിലേക്കാണ് നോക്കുന്നത്. ഒരു കുടുംബം ഒരുമിച്ച് ഭക്ഷണം കഴിക്കുന്നു, പക്ഷേ സംഭാഷണമില്ല. ഒരു കുട്ടി നൂറുകണക്കിന് ഓൺലൈൻ സുഹൃത്തുക്കളുമായി ബന്ധപ്പെട്ടു കിടക്കുന്നു, പക്ഷേ സ്വന്തം മാതാപിതാക്കളോട് സംസാരിക്കാൻ സമയം കണ്ടെത്തുന്നില്ല. ഡിജിറ്റൽ ബന്ധങ്ങൾ വളരുമ്പോൾ മനുഷ്യ ബന്ധങ്ങൾ ക്ഷയിക്കാതിരിക്കാൻ നാം ശ്രദ്ധിക്കണം. ദിവസത്തിൽ കുറച്ച് സമയമെങ്കിലും ഫോൺ മാറ്റിവെക്കാം.കുടുംബമായി പ്രാർത്ഥിക്കാം, പരസ്പരം സംസാരിക്കാം, ഒരു രോഗിയെ സന്ദർശിക്കാം. കാരണം ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട നോട്ടിഫിക്കേഷൻ ദൈവത്തിൽ നിന്നുള്ള വിളിയാണെന്നും ഏറ്റവും വിലയേറിയ കണക്ഷൻ മനുഷ്യഹൃദയങ്ങളുമായുള്ള ബന്ധമാണെന്നും നാം മറക്കരുത്.

കർഷകന്റെ വേദനയും പ്രതീക്ഷയും ലോകം അറിയണം. നമ്മുടെ യുവജനങ്ങളുടെ നേട്ടങ്ങൾ ലോകം കാണണം. നമ്മുടെ പ്രകൃതിയും സംസ്കാരവും വിശ്വാസജീവിതവും കൂടുതൽ ആളുകളിലേക്ക് എത്തണം.

സോഷ്യൽ മീഡിയയെ വെറും വിനോദത്തിന്റെയോ തർക്കങ്ങളുടെയോ വേദിയാക്കാതെ നന്മ പങ്കുവെക്കുന്ന ഒരു സമൂഹവേദിയാക്കി മാറ്റാൻ നമുക്ക് സാധിക്കണം. സാങ്കേതികവിദ്യ അതിവേഗം മാറുന്നു. എന്നാൽ മാറാതെ നിൽക്കുന്ന കുറെയധികം കാര്യങ്ങളുണ്ട്. സത്യത്തിന് എന്നും വിലയുണ്ട്. സ്നേഹത്തിന് എന്നും ശക്തിയുണ്ട്. കരുണയ്ക്ക് എന്നും പ്രസക്തിയുണ്ട്. ദൈവത്തിന് എന്നും മനുഷ്യനെ ആവശ്യമുണ്ട്.

സാങ്കേതികവിദ്യയുടെ കൈപിടിച്ച്, എന്നാൽ മാനവിക മൂല്യങ്ങൾ മുറുകെപ്പിടിച്ച് വേണം നാം മുന്നോട്ട് നീങ്ങാൻ. നമ്മുടെ ഓരോ ഡിജിറ്റൽ ചലനവും ലോകത്തിന് പ്രത്യാശ നൽകുന്നതാകട്ടെ. കേവലം ഉപഭോക്താക്കൾ എന്നതിലുപരി, ഡിജിറ്റൽ ലോകത്തെ നന്മയുടെ നിർമ്മാതാക്കളാകാൻ നമുക്ക് പരിശ്രമിക്കാം.

കർത്താവേ, വിവരങ്ങളുടെ കുത്തൊഴുക്കിൽ നിന്നും സത്യത്തെ തിരിച്ചറിയാനും, സാങ്കേതികവിദ്യയുടെ ശക്തിയെ നന്മയ്ക്കായി ഉപയോഗിക്കാനും, ഡിജിറ്റൽ ലോകത്തിൽ അങ്ങയുടെ സ്നേഹത്തിന്റെ സാക്ഷികളാകാനും ഞങ്ങളെ സഹായിക്കണമേ. നന്മയുടെയും സത്യത്തിന്റെയും പ്രവാചകന്മാരാകാൻ ഞങ്ങളെ സഹായിക്കണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് എല്ലാവർക്കും ഒരിക്കൽ കൂടി മാധ്യമദിന ആശംസകൾ നേരുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**യേശുവിൽ**

**ബിഷപ്പ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**ശ്രദ്ധിക്കുക:** ഈ സർക്കുലർ 2026 ജൂൺ മാസം 14-ാം തീയതി ഞായറാഴ്ച്ച വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. അതുപോലെ ഇടവകകൾ, സംഘടനകൾ, സമർപ്പിതസമൂഹങ്ങൾ എന്നിവരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ ഷെയർ ചെയ്യാനും ശ്രദ്ധിക്കണം എന്നഭ്യർത്ഥിക്കുന്നു.

## 2026 ജൂൺ മാസത്തിലെ കുടുംബ കൂട്ടായ്മകളിലെ പഠനവിഷയം

## മാനന്തവാടി രൂപതയും സമുദായ വളർച്ചയും

**ആമുഖം**

ക്രൈസ്തവരുടെ സംസ്കാരം കൃഷിയിൽ വേരൂന്നിയതും ജീവിതരീതി തീർത്ഥാടകരുടെതുമാണെന്നാണ് പൊതുവെ പറയാറുള്ളത് (Christian culture is rooted in agriculture, and our lifestyle is that of pilgrims). പഴയനിയമ ജനത മുതൽ ഇന്നത്തെ കാലത്തെ വിദേശ കുടിയേറ്റംവരെ പരിശോധിക്കുമ്പോൾ ദൈവവിശ്വാസം കൈമുതലാക്കി ജീവിതം കെട്ടിപ്പൊക്കാൻ നടത്തുന്ന പുറപ്പാടുകളാണ് സമുദായം നടത്തിയിട്ടുള്ളതെന്ന് കാണാനാകും.

1920 കളിൽ തിരുവിതാംകൂറിലെ ക്രൈസ്തവ സമൂഹം നടത്തിയ മലബാർ കുടിയേറ്റത്തിന്റെ ജീവിക്കുന്ന സ്മാരകമാണ് ഇവിടുത്തെ ക്രൈസ്തവ സമൂഹം. കോഴിക്കോട് രൂപതയുടെ ആത്മീയ നേതൃത്വം സീറോമലബാർ സമുദായശക്തീകരണത്തിന് നല്കിയ സമ്മാനമായിരുന്നു 1953-ൽ മലബാറിലെ പ്രഥമ സീറോ മലബാർ രൂപതയായ തലശേരിയുടെ സ്ഥാപനം.

**മാനന്തവാടി രൂപത**

1973 മാർച്ച് ഒന്നിന് പരിശുദ്ധ പോൾ ആറാമൻ മാർപ്പാപ്പ ക്വാന്താ ഗ്ലോറിയ എന്ന തിരുവെഴുത്തിലൂടെ മാനന്തവാടിയിൽ മലബാറിലെ രണ്ടാമത്തെ രൂപത സ്ഥാപിച്ചു. പ്രഥമ മെത്രാനായ മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ നേതൃത്വത്തിൽ 75000 വിശ്വാസികളും 18 പേരടങ്ങുന്ന വൈദിക സമിതിയുമാണ് ഉണ്ടായിരുന്നത്. കേരളത്തിലെ വയനാട്, കണ്ണൂർ, മലപ്പുറം ജില്ലകളിലും, തമിഴ്നാട്ടിലെ നീലഗിരി ജില്ലയിലും കർണ്ണാടകത്തിലെ മൈസൂർ, ബാംഗ്ലൂർ, ഷിമോഗ NRപുര പ്രദേശങ്ങളുമുൾക്കൊള്ളുന്നതുമായിരുന്നു ഭൂപരിധി. ഈ പ്രദേശങ്ങളിലെല്ലാം സാമൂഹിക വികസനത്തിന് നേതൃത്വം നല്കിയത് രൂപതാ നേതൃത്വവും വൈദികരും അവരോടൊപ്പം ഒറ്റക്കെട്ടായി നിലകൊണ്ട വിശ്വാസി സമൂഹവുമാണ്.

പിന്നീട് എമ്മാനുവേൽ പോത്തനാമൂഴി പിതാവ് കരുതലോടെ കാത്ത സമൂഹത്തെ ഇന്ന് ജോസ് പൊരുന്നേടം പിതാവും അലക്സ് താരാമംഗലം പിതാവും നയിക്കുന്നു. വൈദിക അൽമായ കൂട്ടായ്മയിലൂടെ സമുദായ ശക്തീകരണവും സാമൂഹ്യ വികസനവും സാധ്യമാകുകയെന്നത് വരും തലമുറയ്ക്കായി ചെയ്യേണ്ട

നന്മയും ഉത്തരവാദിത്വവുമാണന്ന് രൂപതാ ചരിത്രം നമ്മെ ഓർമ്മിപ്പിക്കുന്നു.

**വിദ്യാഭ്യാസ മേഖല**

മൂന്ന് ഹൈസ്കൂളുകളും പതിനൊന്ന് പ്രൈമറി സ്കൂളുകളും ഉണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് ഇരുപതോളം ഹൈസ്കൂളുകളും പതിനഞ്ചിൽപരം ഹയർ സെക്കണ്ടറികളും മുപ്പതിലധികം പ്രൈമറി സ്കൂളുകളും ഇംഗ്ലീഷ്, മലയാളം മീഡിയങ്ങളിലായി രൂപതയും വിവിധ സന്യാസ സമൂഹങ്ങളും ചേർന്ന് നടത്തി വരുന്നു. ഒന്നുവീതം എയ്ഡഡ് കോളേജും, പാരലൽ കോളേജും അധ്യാപക പരിശീലന കേന്ദ്രവും നമുക്കുണ്ട്. ഇവയിലൂടെ ജാതി മത വ്യത്യാസമില്ലാതെ എല്ലാവർക്കും ഗുണമേൻമയുള്ള വിദ്യാഭ്യാസം നല്കാനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും രൂപതയ്ക്ക് സാധിച്ചിട്ടുണ്ട്. ഇതിലൂടെ എത്രയോ കുടുംബങ്ങൾ സാമ്പത്തികമായും സാംസ്കാരികമായും ഉയർന്നുവെന്ന് ചുറ്റുപാടുകളിൽ നിന്ന് ദർശിക്കാനാകും. ഇതിനായി നമ്മുടെ പൂർവ്വികർ എടുത്ത മനോധൈര്യവും കരുതലും തുടർന്ന് ഏറ്റെടുക്കേണ്ടത് നമ്മുടെ കർത്തവ്യമാണ്. ഫെഡാർ പോലെയുള്ള നൂതനവിദ്യാഭ്യാസ സംരംഭങ്ങൾ ഇനിയും അനിവാര്യമായിട്ടുണ്ട്. തുടർ വിദ്യാഭ്യാസ പദ്ധതികൾ പ്രയോജനപ്പെടുത്തി ഇടവകകളിൽ കഴിയുന്നത്ര പേരെ പ്ലസ്ടു വരെ എത്തിക്കാൻ കഴിഞ്ഞാൽ വലിയ നേട്ടമായിരിക്കുമുണ്ടാക്കാൻ സാധിക്കുക.

**ആരോഗ്യ രംഗം**

രൂപതയുടെ ആരംഭം മുതൽ ആരോഗ്യ സംരക്ഷണത്തിനായി ധാരാളം ആശുപത്രികളും ഡിസ്പൻസറികളും ഇടവകാ തലങ്ങളിൽ പ്രവർത്തനമാരംഭിച്ചു. രൂപതയാരംഭിച്ച സെന്റ് ജോസഫ് ഹോസ്പിറ്റലിൽ ഡയാലിസിസ് സെന്റർ ഉൾപ്പെടെ നവീന സംവിധാനങ്ങൾ കൊണ്ടുവരാൻ സാധിച്ചു. സന്യസ്ത സമൂഹങ്ങളുടേതുൾപ്പെടെ ധാരാളം ആശുപത്രികൾ ഇന്ന് നമുക്കുണ്ട്.

ഈ കാലഘട്ടത്തിന്റെ പ്രത്യേക ആവശ്യമായ പാലിയേറ്റീവ് കെയർ, വാർദ്ധക്യപരിപാലനം എന്നിവയെ കുറിച്ച് ചിന്തിക്കുകയും ഇടവകാതലത്തിൽ സംവിധാനങ്ങൾ രൂപപ്പെടുത്തുകയും ചെയ്യാൻ സാധിച്ചാൽ ആതുര സേവനരംഗത്ത് അത് കാലികസമീപനമായിരിക്കും.

**സാമൂഹ്യ സേവനരംഗം**

1974 ലിൽ തന്നെ സാമൂഹ്യ സേവന പ്രവർത്തനങ്ങൾക്കായി

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി രൂപീകരിച്ചു. ആദിവാസി ക്ഷേമപ്രവർത്തനങ്ങളും സാക്ഷരതാ പ്രവർത്തനങ്ങളും വയനാട്ടിൽ ആദ്യമായി ആരംഭിച്ചത് രൂപതയാണ്. അതിലൂടെ വളർന്നുവന്നവരിൽ പലരുമാണ് ഇന്ന് ആദിവാസി സമുദായ നേതാക്കൾ. മൈക്രോ ഫിനാൻസിന്റെ ആദ്യമാതൃകയായ ലഘു സമ്പാദ്യ പദ്ധതി, കുടുംബശ്രീയുടെ പ്രഥമ മാതൃകയായ മഹിളാ സംഘങ്ങൾ, അങ്കൺവാടികളുടെ ആദ്യരൂപമായ ബാലവാടികൾ തുടങ്ങിയവ അഭിമാന പദ്ധതികളായിരുന്നു. കാൽലക്ഷത്തിലധികം വീടുകളും, അനുബന്ധ സൗകര്യങ്ങളും ഒരുക്കി നല്കാനായിട്ടുണ്ട്. ചികിത്സാസഹായം വിദ്യാഭ്യാസ സഹായം തൊഴിൽ സഹായം, ജീവനോപാധികൾ ലഭ്യമാക്കൽ എന്നിവ ഇന്നും തുടരുന്നു.

കാർഷിക പുരോഗതിക്കായി ബയോവിൻ ഫാക്ടറി, മാധ്യമ രംഗത്ത് മാറ്റൊലി റേഡിയോ സ്റ്റേഷൻ, സാമൂഹ്യ സുരക്ഷാ രംഗത്ത് ജീവസ് തുടങ്ങിയ സംവിധാനങ്ങളിലൂടെ സേവന പ്രവർത്തനങ്ങൾ നൂതന രീതിയിലേക്ക് പരിവർത്തനം ചെയ്യാൻ ശ്രമിക്കുന്നു.

**അഗതി ശുശ്രൂഷ**

നിരാലംബരും നിർദ്ധന കുടുംബാംഗങ്ങളുമായ കുട്ടികളുടെ സംരക്ഷണത്തിനായി ബാല മന്ദിരങ്ങൾ, വാർദ്ധക്യത്തിലെത്തിയവർക്കായുള്ള പരിചരണ കേന്ദ്രങ്ങൾ, റീഹാബിലിറ്റേഷൻ സെന്ററുകൾ തുടങ്ങിയവ എല്ലാ വിഭാഗമാളുകൾക്കുമായി നടത്തിവരുന്നു.

**സാമൂഹിക ഇടപെടലുകൾ**

സാമൂഹിക വികസനത്തിൽ രൂപത നടത്തിയ ഇടപെടലുകൾ ധാരാളമാണ്; റോഡ് വികസനമെടുത്താൽ ചുങ്കക്കുന്ന്-പാൽചുരം റോഡ്, അടയ്ക്കാത്തോട് - ശാന്തിഗിരി റോഡ്, തലപ്പുഴ-തവിഞ്ഞാൽ-വാളാട് റോഡുകൾ, പനമരം -നടവയൽ റോഡ് തുടങ്ങി ഒട്ടുമിക്ക റോഡുകൾക്ക് പിന്നിലും വൈദിക നേതൃത്വമായിരുന്നു. സർക്കാർ സ്ഥാപനങ്ങൾക്കായുള്ള സഹകരണം മറ്റൊരു മേഖലയാണ്. ഇടവകകളും രൂപതയും സൗജന്യമായി വിട്ടു നൽകിയ സ്ഥലങ്ങളിലാണ് ഇവയെല്ലാം സ്ഥാപിതമായത്. വൈദ്യുതി, ബസ്റൂട്ടുകൾ, സഹകരണ പ്രസ്ഥാനങ്ങൾ തുടങ്ങിയവ ഗ്രാമീണ മേഖലയിൽ എത്തിക്കുന്നതിൽ നമ്മുടെ വൈദികർ വഹിച്ച പങ്ക് വലുതാണ്.

**ജനകീയ പ്രശ്നങ്ങളിലെ ഇടപെടൽ**

ഐതിഹാസികമായ ഗൂഡല്ലൂർ കുടിയിറക്ക് സമരം, കൊട്ടിയൂർ കുടിയിറക്ക് സമരം, മാനന്തവാടി ജലവൈദ്യുതിക്കെതിരായ സമരം, വയനാട് ജില്ലക്കുവേണ്ടി നടത്തിയ കണ്ണൂർ കളക്ട്രേറ്റ് ഉപരോധം, മദ്യനിരോധനത്തിനായി നടത്തിയ പ്രസംഗ പരമ്പരകളും ഷാപ്പ് ഉപരോധങ്ങളും ഇക്കൂട്ടത്തിൽ ത്രസിപ്പിക്കുന്ന ചരിത്ര ഇടപെടലുകളാണ്, വസ്തുതകളാണ്. ഇന്നും ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിൽ രൂപതയിലെ ക്രൈസ്തവ സമൂഹം ജാഗ്രത പുലർത്തുന്നു.

**പ്രാദേശിക വികസനം**

ഒരോ ഇടവകയുടേയും പ്രദേശത്തുണ്ടായ വികസനങ്ങൾ പുതുതലമുറ മനസ്സിലാക്കേണ്ടതുണ്ട്. വികാരിമാരായിരുന്ന വൈദികരുടേയും അവരോട് തോൾചേർന്ന് നിന്ന അൽമായരുടേയും സമർപ്പണവും കാഴ്ചപ്പാടുകളും ചർച്ച ചെയ്യപ്പെടേണ്ടത് പുതുതലമുറയിൽ സമുദായ ബോധമുണർത്തുന്നതിന് അത്യന്താപേഷിതമാകയാൽ നിങ്ങളുടെ പ്രദേശത്തിന്റെ സാമൂഹിക വികസനത്തിൽ ഇടവക സമൂഹം നടത്തിയ ഇടപെടലുകൾ ഇതിനോടനുബന്ധിച്ച് ചർച്ച ചെയ്യണം. അപ്പോൾ മാത്രമാണീ വിഷയം പൂർണ്ണമാകുക.

**തയ്യാറാക്കിയത്: സമുദായ ശക്തീകരണ വർഷ കോർകമ്മിറ്റി**
**ഫാ. ജോബി മുക്കാട്ടുകാവുങ്കൽ (വൈസ് ചെയർമാൻ)**
**ജോസ് മാത്യു പുഞ്ചയിൽ (ജനറൽ കൺവീനർ)**

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ബഹുമാനപ്പെട്ട മാത്യു കൊല്ലിത്താനം അച്ചന്റെ ചരമവാർഷികം ജൂൺ 3 നും ബഹുമാനപ്പെട്ട തോമസ് കാട്ടൂരച്ചന്റെ ചരമവാർഷികം ജൂൺ 8 നും ബഹുമാനപ്പെട്ട ജെയിംസ് കുമ്പുക്കിൽ അച്ചന്റെ ചരമവാർഷികം ജൂൺ 21 നും ബഹുമാനപ്പെട്ട ജെയിംസ് പീടികപ്പാറ അച്ചന്റെ ചരമവാർഷികം ജൂൺ 28 നുമാണ്. നമ്മുടെ വി. കുർബാനകളിലും പ്രാർത്ഥനകളിലും ഈ വൈദികരെ സ്നേഹപൂർവ്വം അനുസ്മരിക്കാം.

**മാധ്യമ ദിനം – ജൂൺ 14**

2026 ജൂൺ 14 ഞായറാഴ്ച മാധ്യമദിനമായി നമ്മുടെ രൂപതയിൽ ആചരിക്കുകയണ്. അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**പത്രോസിന്റെ കാശ് – ജൂൺ 29**

ജൂൺ 29 ന് ആദിമസഭയുടെ അടിസ്ഥാനങ്ങളായി വർത്തിച്ച പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാളാണല്ലോ. ജൂൺ 28-ാം തീയതി ഞായറാഴ്ച വി. പത്രോസിന്റെ കാശ് പിരിവിനുള്ള ദിവസമായി കണക്കാക്കി, പ്രത്യേകം സ്തോത്രക്കാഴ്ച നടത്തി ലഭിക്കുന്ന തുക റോമിലേയ്ക്ക് അയച്ചുകൊടുക്കുവാനായി കാലതാമസം വരുത്താതെ രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സീറോ മലബാർ ദിനം – ജൂലൈ 3**

സീറോ മലബാർ സഭാദിനമായി കൂടി ആചരിക്കുന്ന നമ്മുടെ സഭയുടെ പിതാവായ മാർ തോമാ ശ്ലീഹായുടെ തിരുനാൾ ദിനമായ ദുക്റാന തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും നേരുന്നു. സീറോ മലബാർ സഭാദിനമായ ജൂലൈ 03 ന് പ്രത്യേക സ്തോത്രക്കാഴ്ച എടുക്കുകയും ലഭിക്കുന്ന തുക സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ കൂരിയയുടെ പ്രവർത്തന ഫണ്ടിലേക്ക് നൽകുന്നതിനായി കഴിയുന്നതും നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

**നന്ദി**

മാനന്തവാടി രൂപതയിലെ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ കർമ്മ മേഖലകളിലേക്ക് പ്രവേശിക്കുന്ന വടപുറം വികാരി ബഹു. ബിജു നീലംതറ OFM Cap, സഹവികാരി എബിൻ മാങ്കുഴിയിൽ OFM Cap, അരുൾനിലയം വികാരി ബഹു. ജോർജ് ഏഴാനിക്കാട്ട് CMI, അപ്പപ്പാറ വികാരി ബഹു. ജോമോൻ കളപറമ്പത്ത് O' Carm, തലപ്പുഴ വികാരി ബഹു. മാത്യു കളരിക്കൽ CMI, ഒലിവുമല വികാരി ബഹു. മാത്യു പാലക്കൽ CMF എന്നീ വൈദികർക്ക് രൂപതാ കുടുംബത്തിന്റെ ഹൃദ്യമായ യാത്രാമംഗളങ്ങൾ നേരുന്നു. പുതിയ ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയവും ആശംസിക്കുന്നു.

**സ്വാഗതം**

മാനന്തവാടി രൂപതയിൽ വിവിധ ഇടവകളിൽ വികാരിയായി ചാർജെടുക്കുന്ന ബഹു. ലിജോ കരിപ്പാമറ്റത്തിൽ O.Carm അച്ചനും (അപ്പപാറ), ബഹു. ബിജു കൊച്ചുനിരവത്ത് OFM Cap അച്ചനും (വടപുറം) ബഹു. ജോമൽ കോനൂർ OFM Cap അച്ചനും (അസി. വികാരി, വടപുറം) ബഹു. ജോർജ് കൊച്ചുവേലിക്കകം CMI അച്ചനും (അരുൾനിലയം), ബഹു. ജിമ്മി പോടൂർ CMI അച്ചനും (തലപ്പുഴ), ബഹു. ജോർജ് നെല്ലുവേലിയിൽ CMF അച്ചനും (ഒലിവുമല) മാനന്തവാടി രൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം. ശുശ്രൂഷാ മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയവും ആശംസിക്കുന്നു.

**വൈദികരുടെ റിഫ്രഷർ കോഴ്സ്**

സീനിയർ വൈദികരുടെ (1978-1979 ഓർഡിനേഷൻ ബാച്ചു മുതൽ 1999-2000 ബാച്ച് വരെ) റിഫ്രഷർ കോഴ്സ് 2026 ജൂൺ 16 മുതൽ 18 വരെ കോത്തഗിരിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പങ്കെടുക്കേണ്ട ബഹു. വൈദികർ ഇടവകയിലെയും സ്ഥാപനങ്ങളിലെയും എല്ലാ കാര്യങ്ങളും ക്രമീകരിച്ച് ഈ കോഴ്സിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**അഭിനന്ദനങ്ങൾ**

ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും കൊമേഴ്സിൽ ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കിയ റവ. ജോഫ്രി പോൾ കളരിക്കൽ അച്ചന് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ നേരുന്നു.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

**Transfer List - May 2026**

(w.e.f. 17th May 2026)

| Sl. No. | House Name, Name | Assignment |
|---|---|---|
| 1 | Alackathadathil James (Nidhin) | Resident Formator, Mary Matha Major Seminary, Thrissur |
| 2 | Alumkal Joseph (Anish) | Vicar, Kallumukku |
| 3 | Arackaparambil Emmanuel (Manu) | Adjutant Judicial Vicar (add’l) |
| 4 | Chakkalackal Joseph (Ajin) | Vicar, Ootty |
| 5 | Chakkiyath Xavier (Babu) | Vicar, Yavanarkulam |
| 6 | Chavaranal Thomas (Nikhil) | Vicar, Nelliyodi |
| 7 | Cheruthottil Paul (Siby) | Study |
| 8 | Chettiyazzery Joseph (Jaise) | Vicar, Cherukattoor |
| 9 | Chirakkathottathil Augustine (Sijesh) | Vice Rector, Procurator & Priest In-charge of Benefactors, MMC |
| 10 | Chittarackal Varghese (Sanoj) | Vicar, Coonoor, Aruvankadu & Burliar |
| 11 | Edakkudiyil Mathew (Sijo) | Vicar, Ambayathode |
| 12 | Elavunkal Johny | Vicar, Velloonny |
| 13 | Elemkunnel Sebastian (Bigi) | Vicar, Vilambukandam |
| 14 | Kakkattikalayil Sebastian (Babu) | Vicar, Alattil |
| 15 | Kalapurayil Vincent | Archpriest, Nadavayal |
| 16 | Kalapurackal Mathew (Vipin) | Vicar, Panavally (add’l) |
| 17 | Kalarickal Paul (Geofry) | Station Director, Radio Mattoli |
| 18 | Kappiarumalayil John (Johny) | Vicar, Munderi & Bhoodanam |
| 19 | Kappiarumalayil Jose | Vicar, Edappetty |

| | | |
|---|---|---|
| 20 | Karuthedath Mathew (Manoj) | Vicar, Karimbil |
| 21 | Kassamkuttiyil Sebastian (Binoy) | Pastoral Ministry, Orissa Mission |
| 22 | Kattamkottil Joseph (Saji) | Pastoral Ministry, Sagar Mission |
| 23 | Kattath Thomas (Anish) | Vicar, Paralikunnu |
| 24 | Kochuparackal Mathew (Tomy) | Vicar, Prasanthagiri |
| 25 | Koottala Paul | Vicar, Thalanji |
| 26 | Korattiparambil Vincent | Vicar, Valad |
| 27 | Kottackal Stephen | Forane Vicar, Thariode |
| 28 | Kottarathil Joseph (Jose) | Vicar, Ottaplavu |
| 29 | Koyikattil Mathew (Biju) | Forane Vicar, Kalpetta |
| 30 | Kunnath Johney | Joint Director, WSSS & Vicar, Karani |
| 31 | Kunnath Joseph (Akhil) | Assistant Director & Production Head, Media Commission |
| 32 | Kuttikkattukunnel Thomas | Vicar, Poolappadam |
| 33 | Madapallikunnel Antony (Siby) | Vicar, Valeri |
| 34 | Madappallikunnel Mathew (Thankachan) | Medical Leave |
| 35 | Malayil Mathew (Johny) | Forane Vicar, Dwaraka & Spiritual Advisor- Divine Mercy Mission |
| 36 | Mangalathil Thomas (Tomy) | Vicar, Boys Town |
| 37 | Mattam Gervasis (Baby) | Vicar, Poroor |
| 38 | Mavara Stanislaus (Biju) | Forane Vicar, Chungakkunnu |
| 39 | Moonnanal Justin | Vicar, Kavummannam |
| 40 | Moothedath Mathew (Babu) | Charismatic Zonal Director |

| | | |
|---|---|---|
| 41 | Mulakudiyankal Varghese (Shaji) | Medical Leave |
| 42 | Mulavelikunnel Jacob (Shaju) | Vicar, Moolepadam |
| 43 | Muthukathaniyil Varghese (Regi) | Vicar, Puzhamudi |
| 44 | Padinjarayil George (Joy) | Vicar, Vythiri |
| 45 | Padinjarayil Mathew (Robin) | Associate Manager, Corporate Educational Agency & Vicar, Panthipoil |
| 46 | Painumkal Kuriakose (Binu) | Vicar, Muthireri (add'l) |
| 47 | Peechattu Joseph (Jithin) | Vicar, Peria |
| 48 | Periappuram Mathew (Joshi) | Manager& Bursar, De Paul School Kalpetta & Manager, Greenpeak Estate Kalpetta |
| 49 | Perumattikunnel John (Johny) | Spiritual Father, MMC |
| 50 | Plassanal Thomas (Reji) | Vicar, Thavinjal |
| 51 | Ponparackal John (Biju) | Managing Director, NDS (add'l) |
| 52 | Poikayil Joseph (Jerin) | Vicar, Kalathuvayal |
| 53 | Pudussery Martin | Vicar, Thomattuchal |
| 54 | Pudussery Vincent | Vicar, Vimalagiri |
| 55 | Pulikuzhiyil Abraham (Shinto) | Vicar, Cheengavallam |
| 56 | Pulinthanam Jose | Vicar, Kurumbalakotta |
| 57 | Pullamkunnel Joy | Vicar, Puthussery |
| 58 | Punchayil Lucka (Saji) | Vicar, Sisumala |
| 59 | Punnackapadavil Sebastian (Biju) | Manager, Seminary Villa Estate |
| 60 | Puthenparambil James | Forane Vicar, Payyampally |
| 61 | Puthenpurackal Mathew (Tomy) | Vicar, Pookottumpadam |

| | | |
|---|---|---|
| 62 | Puthenpurayil Mani (Siju) | Vicar, Manvayal |
| 63 | Puthukkattil Mathew (Jainesh) | Vicar, Bospara |
| 64 | Puthukulathil John | Medical Leave |
| 65 | Thayyil Joseph (Jose) | Vicar, Kunjhome |
| 66 | Thekkanady Jose | Retired |
| 67 | Thenpalliyil Sebastian (Nishwin) | Executive Director, NDS & Vicar, Arattupara |
| 68 | Therakam George | Vicar, Arinchermala |
| 69 | Therakam Thomas Joseph | Retired |
| 70 | Thevarkunnel Don Bosco (Bivaldin) | Vicar, Mangalassery (add’l) |
| 71 | Thondiparambil Sebastian (Biju) | Vicar, Panamaram & Director, Temperance Movement (add’l) |
| 72 | Thuruthel Kuriakose (Joy) | Vicar, Dharmagiri |
| 73 | Thuruthel Thomas (Biju) | Vicar, Kottiyoor |
| 74 | Unnipally Sebastian | Retired |
| 75 | Vazhayil Kurian | Medical Leave |

## Religious Priests

| | | |
|---|---|---|
| 76 | Karippamattathil Lijo O. Carm | Vicar, Appapara (w.e.f.16th March 2026) |
| 77 | Kochuniravath Varghese (Biju) OFM Cap | Vicar, Vadapuram |
| 78 | Kochuvelikkakam George CMI | Vicar, Arulnilayam |
| 79 | Podoor Jimmy CMI | Vicar, Thalapuzha |
| 80 | Nelliyaniyil George CMF | Vicar, Olivumala (w.e.f. 7th June 2026) |

## Assistants

| | | |
|---|---|---|
| 81 | Kocheril Mathew (Anoop) | Assistant Vicar, Manimooly |
| 82 | Manthrickal Thomas (Amal) | Assistant Vicar, Bathery |
| 83 | Mulangattil Thomas (Amal) | Assistant Director, Pastoral Centre |
| 84 | Njallampuzha Thomas | Assistant Vicar, Kallody |
| 85 | Pannackal Mathew (Amal) | Assistant Vicar, Nilambur |
| 86 | Purakkal George (Aneesh) | Study, Rome |
| 87 | Thekkemuriyil Jose CMI | Assistant Vicar, Mullenkolly |
| 88 | Vattakkunnel Jude | Assistant Vicar, Cathedral |

Fr. Anoop Kaliyaniyil
Chancellor

Bishop Jose Porunnedom
Bishop of the eparchy of Mananthavady

# മതബോധനരംഗം

## പുതിയ അധ്യയനവർഷം

2026–27 അധ്യയന വർഷം മെയ് 31 ന് ആരംഭിച്ചല്ലോ. തിരുസഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യമാണ് വിശ്വാസപരിശീലനം. തലമുറകൾക്ക് വിശ്വാസ നിക്ഷേപങ്ങളെ കൈമാറുന്ന ഈ സഭാത്മക ശുശ്രൂഷ നിർവഹിക്കാൻ നമുക്ക് ലഭിക്കുന്ന അവസരമാണ് വിശ്വാസ പരിശീലനരംഗം. രൂപതാധികാരിയായ മെത്രാനോട് ചേർന്ന് വൈദികരും സന്യസ്തരും അൽമായ വിശ്വാസപരിശീലകരും ഈ ദൗത്യം തുടർന്നുകൊണ്ടിരിക്കുന്നു. സഭയോളം പഴക്കമുള്ള മതബോധന ശുശ്രൂഷ ആത്മാർത്ഥമായി നിർവഹിക്കുവാൻ നാളിതുവരെ ദൈവം നൽകിയ അവസരമോർത്ത് നന്ദിയർപ്പിക്കാം. കഴിഞ്ഞ വർഷങ്ങളിൽ ഈ ശുശ്രൂഷ സ്തുത്യർഹമായി നിർവഹിച്ച് വിവിധ കാരണങ്ങൾ കൊണ്ട് ഈ വർഷം തൽസ്ഥാനത്തു നിന്നും മാറിയ ബഹു. വൈദികർ, പ്രധാനാദ്ധ്യാപകർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് മറ്റ് അദ്ധ്യാപകർ എന്നിവർക്ക് സ്നേഹത്തോടെ നന്ദി അർപ്പിക്കുന്നു. ''വിശ്വാസം പ്രഘോഷിക്കുന്നതിൽ ആനന്ദം കണ്ടെത്താനാണ്'' ബനഡിക്ട് 16–ാമൻ പാപ്പ 'വിശ്വാസത്തിന്റെ വാതിൽ' എന്ന അപ്പസ്തോലിക ലേഖനത്തിൽ പ്രസ്താവിക്കുന്നത്. വിശ്വാസം കൈമാറുകയും പ്രഘോഷിക്കുകയും വഴി അധ്യാപകർ സഭയുടെ അടിസ്ഥാനപരമായ ശുശ്രൂഷയാണ് നിർവ്വഹിക്കുന്നത്. മിശിഹായോടും സഭയോടുമുള്ള സ്നേഹമായിരിക്കണം വിശ്വാസപരിശീലന ശുശ്രൂഷയ്ക്കായി അവരെ പ്രേരിപ്പിക്കുന്ന ഘടകം. ഈ അധ്യയനവർഷത്തിൽ ഗൗരവതരമായ ദൗത്യം ഏറ്റെടുക്കുന്ന എല്ലാ വിശ്വാസപരിശീലകർക്കും സ്വാഗതം ആശംസിക്കുന്നു. നമ്മുടെ അഭിവന്ദ്യപിതാക്കന്മാരുടെ ആശീർവാദവും, പ്രാർത്ഥനയും, പ്രോത്സാഹനവും, നിർദേശങ്ങളും എപ്പോഴും നമുക്ക് ശക്തിയാണ്. ഇടവകകളിൽ ബഹുമാനപ്പെട്ട വികാരി അച്ചൻമാരുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് മാതാപിതാക്കളെയും കുട്ടികളെയും സഹകരിപ്പിച്ച് പ്രധാനാദ്ധ്യാപകരും മറ്റ് അദ്ധ്യാപകരും പ്രവർത്തിക്കണം. അധ്യാപകർ തങ്ങളുടെ കുട്ടികൾക്കു വേണ്ടി പ്രാർത്ഥിക്കുകയും കൂദാശാ ജീവിതത്തിലും ഇടവകയിലും കുട്ടികൾക്ക് മാതൃകയാകുകയും വേണം. കുട്ടികൾക്ക് വിശ്വാസം പകർന്നു നൽകുന്നതിനൊപ്പം ക്ലാസുകൾ സമയബന്ധിതമായി പൂർത്തിയാക്കണം. കുട്ടികൾ ദൈവവചനം വായിച്ച് കേൾ

ക്കണം. അവർക്ക് അത് വ്യാഖ്യാനിച്ചു കൊടുക്കുകയും വേണം. ''കുട്ടികൾ ഭക്ഷണം ഇരക്കുന്നു. പക്ഷെ ആരും നൽകുന്നില്ല'' (വിലാപങ്ങൾ 4:4) എന്ന അവസ്ഥ ദൈവവചനത്തെ സംബന്ധിച്ച് ഉണ്ടാകാതിരിക്കട്ടെ. വിശ്വാസപരിശീലന വേദിയിൽ അമൂർത്തമായ തത്വങ്ങൾ മാത്രമല്ല ആർദ്രമായ ഉദാഹരങ്ങളും ഉണ്ടാകണം. നല്ല സമരിയാക്കാരന്റെ ഉപമ പറഞ്ഞതിന് ശേഷം ''നീയും പോയി ഇത് പോലെ ചെയ്യുക'' എന്ന ഫരിസേയനോടുള്ള ഈശോയുടെ നിർദ്ദേശം നമ്മുടെ മനസ്സിനെയും മനസാക്ഷിയെയും സ്വാധീനിക്കുന്നതാണ്. വിശുദ്ധരെ പരിചയപ്പെടുത്തി, അവർ നമ്മുടെ ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനത്തെ കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കണം. അധ്യാപകർ ഭക്തസംഘടനകളെ പ്രോത്സാഹിപ്പിച്ച് കുട്ടികൾക്ക് ഉത്തരവാദിത്വങ്ങൾ നൽകി സജീവരാക്കണം. സീറോ മലബാർ സഭ സമുദായശക്തീകരണ വർഷമായി ആചരിക്കുന്ന അവസരത്തിൽ നമ്മുടെ സഭയുടെ മഹത്വവും, ശ്രേഷ്ഠതയും, ചരിത്രവും അധ്യാപകർ മനസിലാക്കുകയും കുട്ടികൾക്ക് പങ്കുവെച്ചു കൊടുക്കുകയും വേണം. സഭയെ സ്നേഹിച്ച് ക്രിസ്തുവിനെ പ്രഘോഷിച്ച് ജീവിക്കുവാൻ നമുക്കേവർക്കും കഴിയട്ടെ. എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ ഒരു നല്ല അധ്യയന വർഷം ആശംസിക്കുന്നു.

**HM Conference**

മെയ് 27-ാം തീയതി നടന്ന കോൺഫ്രൻസിൽ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് വിശ്വാസ പരിശീലനവർഷം ഉദ്ഘാടനം ചെയ്തു. വിശ്വാസ പരിശീലകരായ അദ്ധ്യാപകർ ക്രിസ്തു അനുഭവം സ്വന്തമാക്കി തങ്ങൾക്ക് ലഭിച്ച അനുഭവം അവർ കുട്ടികളുമായി പങ്കുവയ്ക്കണമെന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു.

വിശ്വാസപരിശീലനരംഗത്ത് 50, 35, 25 വർഷങ്ങൾ പൂർത്തിയാക്കിയവരെയും, 1 മുതൽ 12 വരെ ക്ലാസ്സുകളിൽ തുടർച്ചയായി മുടങ്ങാതെ ഹാജരുള്ള കുട്ടികളെയും ആദരിച്ചു. 12-ാം ക്ലാസിൽ ആദ്യ മൂന്ന് റാങ്കുകാർക്ക് ഫാ. ജോസഫ് തൊണ്ടിപ്പറമ്പിൽ അവാർഡും, 12,7,4 ക്ലാസുകളിൽ ഉയർന്ന മാർക്ക് ലഭിച്ചവർക്ക് ബിഷപ്പ് എമ്മാനുവൽ പോത്തനാമൂഴി സ്കോളർഷിപ്പും, 10-ാം ക്ലാസ്സിൽ ഉയർന്ന മാർക്ക് ലഭിച്ചവർക്ക് മോൺ. സി. ജെ. വർക്കിച്ചൻ മെമ്മോറിയൽ സ്കോളർഷിപ്പും നല്കി ആദരിച്ചു.

**ആമുഖ സെമിനാർ**

2026-27 വർഷത്തിൽ അധ്യാപന രംഗത്തേക്ക് പുതുതായി കടന്നുവരുന്നവർക്കായി ആമുഖ സെമിനാർ ജൂൺ 6,13 എന്നീ തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. വിശദ വിവരങ്ങൾ പ്രധാനധ്യാപകരെ അറിയിക്കുന്നതാണ്.

**സർവ്വേ ഫോം**

മുഴുവൻ ഇടവകകളും 2026 -27 വർഷത്തെ സർവ്വേ ഫോം മതബോധനത്തിന്റെ സൈറ്റിൽ (https://catechismmdy.in/panel/)ഓൺ ലൈനായി enter ചെയ്ത് പ്രിന്റൗട്ട് രൂപതാ മതബോധന കേന്ദ്രത്തിൽ ജൂൺ 21 നു മുൻപായി, പോസ്റ്റ് വഴിയോ നേരിട്ടോ എത്തിക്കേണ്ട താണ്. സർവ്വേ ഫോം പൂർത്തിയാക്കി അതിന്റെ ഒരു കോപ്പി ഇടവ കയിലും സൂക്ഷിക്കേണ്ടതാണ്. ഫോം പൂരിപ്പിക്കുമ്പോൾ വിവരങ്ങ ളെല്ലാം കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. പ്രത്യേകിച്ച്, ഒന്നു മുതൽ പന്ത്രണ്ടു വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന കുട്ടി കളുടെ എണ്ണം enter ചെയ്യുമ്പോൾ ശ്രദ്ധിക്കണം. ഓരോ ഇടവകയിൽ നിന്നും സർവ്വേ ഫോമിൽ തന്നിരിക്കുന്ന കുട്ടികളുടെ എണ്ണമനു സരിച്ചായിരിക്കും പരീക്ഷകൾക്കാവശ്യമായ question papers നിങ്ങ ൾക്ക് ലഭിക്കുക. അതുകൊണ്ട്, ഈ കാര്യത്തിൽ വീഴ്ചവരുത്ത രുത്. പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ സർവ്വേ ഫോം പൂർത്തി യാക്കുവാൻ സഹകരിക്കുമല്ലോ.

**HCC രജിസ്ട്രേഷൻ 2026-27**

ഈ അധ്യയന വർഷത്തെ പ്ലസ് വൺ, പ്ലസ് ടു രജിസ്ട്രേ ഷൻ മതബോധനത്തിന്റെ വെബ്സൈറ്റിലൂടെ നടത്തണം. രൂപതാ ഓഫീസിൽനിന്ന് അറിയിക്കുമ്പോൾ print എടുത്ത് കുട്ടി, parent, ഹെഡ്മാസ്റ്റർ, വികാരിയച്ചൻ എന്നിവരുടെ ഒപ്പും, സീലും വച്ച് രൂപതാകേന്ദ്രത്തിൽ നിശ്ചിതസമയത്ത് എത്തിക്കണം. വിശദ വിവര ങ്ങൾ മെസേജിലൂടെ അറിയിക്കുന്നതാണ്.

**സംസ്ഥാന പ്രതിഭാസംഗമം**

2026 മാർച്ച് 20-ാം തീയതി നടന്ന രൂപതാ പ്രതിഭാ സംഗമ ത്തിൽ പങ്കെടുത്ത് മാനന്തവാടി രൂപതാ പ്രതിഭകളായ 1. നിവേദ് തുരുത്തേൽ (കാവുംമന്ദം) 2. ആബേൽ ഷിനോജ് (എള്ളുമന്ദം) 3. എയ്ഞ്ചലീന ജോസഫ് (മണിമൂളി) 4. അന്ന റോസ് വാത്തേലിൽ (കാരക്കാമല) എന്നിവർക്ക് അഭിനന്ദനങ്ങൾ.

നമ്മുടെ രൂപതാ പ്രതിഭകൾ 2026 മെയ് 7, 8, 9 തിയ്യതികളിൽ എറണാകുളത്തുവച്ച് നടത്തപ്പെട്ട സംസ്ഥാന പ്രതിഭാസംഗമത്തിൽ പങ്കെടുത്തു. സംസ്ഥാനതല പ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ട നിവേദ് തുരുത്തേലിന് രൂപതാ മതബോധന കുടുംബത്തിന്റെ ആശം സകൾ. സംസ്ഥാന പ്രതിഭാസംഗമത്തിനായി കുട്ടികളെ ഒരുക്കിയ ശ്രീ. ജോൺസൻ വടക്കേക്കര സാറിനും, പ്രതിഭകളെ സംസ്ഥാന പ്രതിഭാ സംഗമത്തിനായി കൊണ്ടുപോയ സി. റെജി മരിയ FCC ക്കും രൂപതാ മതബോധന കേന്ദ്രത്തിന്റെ നന്ദി.

**ഫാ. തോമസ് കച്ചിറയിൽ**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ളവരെ,

'എവുക്കരിസ്ത്യ' എന്ന പേരിൽ വി. കുർബാനയെ നമ്മുടെ സകല പ്രവർത്തനങ്ങളുടെയും ഊർജ്ജവും കേന്ദ്രവുമാക്കിയുള്ള പ്രവർത്തന വർഷത്തിന് തിരശീല വീഴുകയാണ്. ക്രിസ്തുവിന്റെ വിളഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായി ഈ പ്രവർത്തന വർഷത്തെ നെഞ്ചിലേറ്റിയ രൂപതാ, മേഖലാ, ശാഖാ തലങ്ങളിലെ ഡയറക്ടേഴ്സ്, ജോ. ഡയറക്ടേഴ്സ്, രക്ഷിതാക്കൾ, ഭാരവാഹികൾ, എല്ലാ പ്രിയ മിഷൻ ലീഗ് അംഗങ്ങളെയും ഏറെ സ്നേഹത്തോടും നന്ദിയോടും കൂടെ ഓർക്കുന്നു.

പുതിയൊരു പ്രവർത്തന വർഷത്തിലേക്കും, അധ്യായന വർഷത്തിലേക്കും നാം പ്രവേശിക്കുകയാണല്ലോ. പ്രശസ്തമായ ഒരു കവിവാചകം ഇപ്രകാരമാണ് ഏതൊരു വലിയ മാറ്റവും ആരംഭിക്കുന്നത് നമ്മിൽ നിന്ന് തന്നെയാണ്. നമ്മൾ മുറുകെ പിടിച്ചിരിക്കുന്ന ചില പഴയ ശീലങ്ങളും, മുൻധാരണകളും, വാശികളുമൊക്കെ ഉപേക്ഷിച്ചാലെ പുതിയൊരു ലോകത്തേക്ക് നമുക്ക് നടന്നു കയറാനാകൂ. വീണ്ടുമൊരു പ്രവർത്തന വർഷാരംഭത്തിലേക്കും, അദ്ധ്യായന വർഷത്തിലേക്കും നിങ്ങൾ പ്രവേശിക്കുമ്പോൾ എനിക്ക് നിങ്ങളെ ഓർമ്മപ്പെടുത്താനുള്ളതും ഇത് തന്നെയാണ്. കഴിഞ്ഞ ഒരു വർഷത്തിൽ ലഭിച്ച അനുഭവങ്ങളുടെയും, വിജയ പരാജയങ്ങളുടെയും, തിരുത്തലുകളുടെയും, മാർഗനിർദ്ദേശങ്ങളുടെയുമെല്ലാം വെളിച്ചത്തിൽ കൂടുതൽ ഊർജ്ജത്തോടെയും, പുതുമയോടെയും, ആവേശത്തോടെയും പുതിയ വർഷത്തെ പുണരുക. അപ്പോൾ വലിയ വിജയങ്ങൾ നമ്മുടെ സംഘടനാ പ്രവർത്തനങ്ങളിലും, പഠന മേഖലകളിലുമുണ്ടാകും. ഒപ്പം വി. കുർബാന നമ്മുടെ വ്യക്തി ജീവിതത്തിലും, സംഘടനാ പ്രവർത്തനങ്ങളിലും നമ്മുടെ പ്രചോദനവും മാർഗദീപവുമാകട്ടെ. അവനെ നോക്കിയവർ പ്രകാശിതരായി എന്നാണല്ലോ വചനം സാക്ഷ്യപെടുത്തുന്നത്. നമുക്കും ദിവ്യകാരുണ്യത്തിലേക്ക് നമ്മുടെ കണ്ണുകളുയർത്താം. എല്ലാ പ്രതിസന്ധിയിലും പ്രത്യാശയുടെ നക്ഷത്രമായി ദിവ്യകാരുണ്യം നമ്മോടൊപ്പമുണ്ടാകും.

മെയ് മാസത്തിൽ രൂപതാ സമിതിയുടെ നേതൃത്വത്തിൽ നടത്തിയ റീജിയണൽ ക്യാമ്പുകളിലും, ക്രിസ്റ്റീൻ ധ്യാനത്തിലും പങ്കെടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നു. ഈ പരിപാടികളുടെ വിജയത്തിനായി എല്ലാ സഹായസഹകരണങ്ങളും ചെയ്തുതന്ന മേഖലാ ശാഖാ ഡയറക്ടർ അച്ചന്മാർ, ജോ. ഡയറക്ടർ സിസ്റ്റേഴ്സ്, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദി. ദ്വാരകയിൽ വെച്ച് നടന്ന രൂപതാ വാർഷികത്തിലും, അത് പോലെ രൂപതാ വാർഷിക മാനേജിങ് കമ്മിറ്റിയിലും പങ്കെടുത്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. രൂപതാ മാനേജിങ് കമ്മിറ്റിയിൽ വെച്ച് രൂപതാ പ്രസിഡന്റ് ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. സിജിൻ കൂടക്കാട്ട്, ഓർഗനൈസർ ആയി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. വിനോദ് മാത്യു ഓലെടത്ത്, സംസ്ഥാന മാനേജിങ് കമ്മിറ്റി അംഗമായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. അജേഷ് ഉണ്ടശാംപറമ്പിൽ എന്നിവർക്ക് അഭിനന്ദനങ്ങളും, സ്വാഗതവും ആശംസിക്കുന്നു. തിരുബാലസഖ്യ രൂപതാ ആനിമേറ്റർ ആയി സ്തുത്യർഹ സേവനം കാഴ്ചവെച്ച സി. ആൻഫിലിപ്പ് SCV, മിഷൻ ലീഗ് രൂപതാ ഓഫീസ് സെക്രട്ടറി ആയി സേവനം അനുഷ്ട്ടിച്ച സി. ലിന്റ CMC എന്നിവർ തങ്ങളുടെ പുതിയ പ്രവർത്തന മേഖലകളിലേക്ക് യാത്രയാവുകയാണ്. നാളിതുവരെയും നമുക്ക് ഈ പ്രിയ സിസ്റ്റേഴ്സ് നൽകിയ എല്ലാ സേവനങ്ങളെയും ഏറെ നന്ദിയോടെ ഓർക്കുകയും പുതിയ കർമ്മപഥത്തിൽ എല്ലാം ദൈവാനുഗ്രഹങ്ങളും നേരുകയും ചെയ്യുന്നു. ഒപ്പം ഓഫീസ് സെക്രട്ടറിയായി കടന്നുവരുന്ന സി. ജെസ് മേരി SABS ന് ഹൃദ്യമായ സ്വാഗതം! ചെറുപുഷ്പ മിഷൻ ലീഗിനെ വിവിധ മേഖലകളിൽ നയിച്ച് സ്ഥലം മാറി പോകുന്ന എല്ലാ മേഖലാ, ശാഖാ ഡയറക്ടർ അച്ചന്മാർക്കും, ജോ. ഡയറക്ടേഴ്സ്സിനും ഹൃദയം നിറഞ്ഞ നന്ദി.

പ്രിയ കൂട്ടുകാരെ, മിഷൻ ലീഗ് അംഗങ്ങൾക്കായി എഴുതിയ ഒരു കത്തിൽ കുഞ്ഞേട്ടൻ ഇപ്രകാരം കുറിക്കുന്നുണ്ട്: 'ശ്രദ്ധാപൂർവ്വം പഠിക്കുക, ആരും തോൽക്കരുത്, പ്രാർത്ഥിക്കുക, പ്രയത്നിക്കുക, വിജയം സുനിശ്ചിതം. സേവനം അനുഷ്ഠിക്കാനുള്ള ഒരവസരവും മുടക്കരുത്. ഇങ്ങനെ ചിട്ടയോടെ സ്കൂൾ വർഷം സമാരംഭിക്കുക (കുഞ്ഞേട്ടന്റെ കത്തുകൾ, 1965 ജൂലൈ). കുഞ്ഞേട്ടന്റെ വാക്കുകളെ ഹൃദയത്തിൽ സ്വീകരിച്ച്, മിഷൻ ലീഗിന്റെ സംസ്കാരത്തെ നമ്മുടെ ജീവിതത്തിൽ നിറച്ച്, നന്നായി പഠിച്ചും, പ്രാർത്ഥിച്ചും,

സംഘടനാ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തും നമുക്ക് പ്രേഷിതനെ ഉദ്ഘോഷിക്കാം. പ്രേഷിതരായി മുന്നേറാം. എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പ്രവർത്തന വർഷവും, അധ്യായന വർഷവും ഒത്തിരി സ്നേഹത്തോടെനേരുന്നു.

**സന്തോഷച്ചൻ**

**ക്രിസ്റ്റീൻ ധ്യാനം**

മെയ് 3 മുതൽ 6 വരെ സീയോൻ ധ്യാന കേന്ദ്രത്തിൽ വച്ച് 7 മുതൽ 12 വരെ ക്ലാസ്സിലുള്ള കുട്ടികൾക്കായി ആദ്യ ബാച്ച് ക്രിസ്റ്റീൻ ധ്യാനം നടന്നു. 107 കുട്ടികൾ പങ്കെടുത്ത ധ്യാനം ജിതിൻ അച്ചന്റെ നേതൃത്വത്തിലുള്ള കപ്പൂച്ചിൻ അച്ചന്മാരും ടീം അംഗങ്ങളും നേതൃത്വം നൽകി. മെയ് 21 മുതൽ 24 വരെ സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് 7 മുതൽ 12 വരെ ക്ലാസ്സിലുള്ള കുട്ടികൾക്കായി സെക്കന്റ് ബാച്ച് ക്രിസ്റ്റീൻ ധ്യാനം നടന്നു. 110 കുട്ടികൾ പങ്കെടുത്തു. ജോജോ അച്ചന്റെ നേതൃത്വത്തിൽ കപ്പൂച്ചിൻ അച്ചന്മാർ നേതൃത്വം നൽകി. ധ്യാനങ്ങൾക്കു നേതൃത്വം നൽകിയ ടീം അംഗങ്ങൾ, രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ, ധ്യാന കേന്ദ്രം ഒരുക്കി തന്ന ജിന്റോ തട്ടുപറമ്പിലച്ചനും ടീം അംഗങ്ങൾക്കും രൂപതാ നേതൃത്വം നന്ദി അറിയിക്കുന്നു.

**റീജിയണൽ ക്യാമ്പ്**

പുതിയ നേതൃത്വനിരയെ വളർത്തുന്നതിന്റെ ഭാഗമായി നടക്കുന്ന റീജിയണൽ ക്യാമ്പുകളുടെ അവസാനമായി നടന്ന ചുങ്കക്കുന്ന്, മാനന്തവാടി റീജിയണൽ ക്യാമ്പ് മെയ് 6, 7 തീയതികളിലായി ബോയ്സ് ടൗൺ സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടന്നു. ക്യാമ്പിൽ 82 കുട്ടികൾ പങ്കെടുത്തു. രൂപതാ എക്സിക്യൂട്ടീവും ടീം അംഗങ്ങളും നേതൃത്വം കൊടുത്ത ക്യാമ്പ് വിജയകരമായി പൂർത്തിയാക്കി. സഹകരിച്ച എല്ലാവരെയും, ആവശ്യമായ എല്ലാ ക്രമീകരണങ്ങളും ചെയ്തു തന്ന ജിന്റോ തട്ടുപറമ്പിലച്ചനെയും നന്ദിയോടെ ഓർക്കുന്നു.

**മാനേജിങ് കമ്മറ്റി**

സി.എം. എൽ. രൂപത വാർഷിക മാനേജിങ് കമ്മിറ്റി 9/05/26 ശനിയാഴ്ച്ച 2 PM മുതൽ ദ്വാരക കോൺഫ്രൻസ് ഹാളിൽ വച്ച് നടന്നു. 11 മേഖലകളുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ഓരോ മേഖലകളുടെയും പ്രവർത്തന റിപ്പോർട്ട് യോഗത്തിൽ അവതരിപ്പിച്ചു. വാർഷിക മാനേജിങ് കമ്മറ്റിയിൽ നിന്ന് രൂപതാ എക്സിക്യൂട്ടീവിൽ ഒഴിവു വന്ന സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് നടത്തി.

**അഭിനന്ദനങ്ങൾ**

സി. എം. എൽ. മാനന്തവാടി രൂപതയുടെ പ്രസിഡന്റായി സിജിൻ കൂടക്കാട്ട് കമ്മന, ജനറൽ ഓർഗനൈസറായി വിനോദ് ഓലേടത്ത് പയ്യമ്പള്ളി, സ്റ്റേറ്റ് മാനേജിങ് കമ്മറ്റി അംഗമായി അജേഷ് ഉണ്ടശാംപറമ്പിൽ ആടിക്കൊല്ലി എന്നിവരെ തിരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾക്ക് അഭിനന്ദനങ്ങൾ.

**നന്ദി**

മാനന്തവാടി രൂപതയുടെ വിവിധ ഫൊറോനകളിൽ സി. എം. ൽ. ഡയറക്ടർമാരായി സേവനം ചെയ്ത് പുതിയ സ്ഥലങ്ങളിലേക്ക് സ്ഥലം മാറി പോയ വൈദികരെ നന്ദിയോടെ ഓർക്കുന്നു. ഫാ. മാർട്ടിൻ പുതുശ്ശേരി കല്ലോടി, ഫാ. ബിജു തുരുത്തേൽ നീലഗിരി, ഫാ. ജെയ്നേഷ് പുതുകാട്ടിൽ മണിമൂളി മേഖല, ഫാ. ഷിന്റോ പുലികുഴിയിൽ നിലമ്പൂർ മേഖല, ഫാ. തോമസ് ഞള്ളംപുഴ ദ്വാരക മേഖല, ഫാ. അനീഷ് പുരക്കൽ കല്പറ്റ മേഖല, ഫാ. അമൽ ജോസ് മന്ത്രിക്കൽ നടവയൽ മേഖല. ബഹു. അച്ചന്മാരുടെ സേവനങ്ങളെ നന്ദിയോടെ ഓർക്കുന്നു. കൂടുതൽ ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ രണ്ടു വർഷകാലം സി.എം.ൽ. ഓഫീസ് സെക്രട്ടറിയായി സേവനം ചെയ്ത ശേഷം കുറുമണിയിലേക്കു സ്ഥലം മാറി പോകുന്ന സി. ലിന്റ സി. എം. സി. യ്ക്ക് രൂപത കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനയും നേരുന്നു.

രണ്ടുവർഷത്തിലേറെ കാലം രൂപതാ തിരുബാലസഖ്യം ആനിമേറ്ററായി സേവനം ചെയ്ത് സംഘടനയെ നയിച്ച സി. ആൻ ഫിലിപ്പ് എസ്. സി. വി. ക്ക് നന്ദിയും പ്രാർത്ഥനയും നേരുന്നു.

**സ്വാഗതം**

സി.എം.ൽ. ഓഫീസിൽ സെക്രട്ടറിയായി വന്ന സി. ജെസ് മേരി എസ്. എ. ബി. എസ്. ന് സി. എം. ൽ. രൂപത കുടുംബത്തിലേക്ക് സ്വാഗതവും അഭിനന്ദനങ്ങളും, ആശംസകളും നേരുന്നു.

**രൂപതാ ക്യാമ്പ് 'കൂട്ട് 2026'**

പുതിയ നേതൃത്വനിരയെ വളർത്തുന്നതിനായി വിവിധ റീജിയനുകളിൽ വച്ച് നടന്ന റീജിയണൽ ക്യാമ്പിൽ നിന്ന് തിരഞ്ഞെടുത്ത 100 കുട്ടികൾക്കായി രൂപതാതലത്തിൽ കൂട്ട് 2026 എന്ന പേരിൽ രൂപതാ ക്യാമ്പ് നടത്തി. മെയ് 24, 25, 26 തിയതികളിലായി ബോയ്സ് ടൗണിൽ സിയോൺ ധ്യാന കേന്ദ്രത്തിൽ വച്ച്

നടന്ന ക്യാമ്പിന് ജോജോ അച്ചന്റെ നേതൃത്വത്തിലുള്ള കപ്പൂച്ചിൻ വൈദികർ നേതൃത്വം കൊടുത്തു. സഹായിച്ച രൂപതാ എക്സി ക്യൂട്ടീവ്, ടീം അംഗങ്ങൾ, മേഖലാ ഭാരവാഹികൾ, എല്ലാ ക്രമീ കരണങ്ങളും ഒരുക്കി തന്ന ജിന്റോ തട്ടുപറമ്പിലച്ചൻ, നേതൃത്വം കൊടുത്ത ജോജോ അച്ചൻ, ടീം അംഗങ്ങൾ, പങ്കെടുത്ത കുട്ടികൾ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**സംസ്ഥാന ക്യാമ്പ്**

സി.എം.ൽ. സംസ്ഥാന സമിതി നടത്തിയ സംസ്ഥാന ക്യാമ്പ് മെയ് 13 മുതൽ 16 വരെ മാനന്തവാടി ബോയ്സ് ടൗണിൽ വച്ച് നടത്തി. വിവിധ രൂപതകളിൽ നിന്നായി നിരവധി കൂട്ടികൾ പങ്കെടുത്തു.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന്**

ചുങ്കക്കുന്ന്, മാനന്തവാടി മേഖലാ റീജിയണൽ ക്യാമ്പ് ബോയ്സ്ടൗണിൽ വെച്ച് നടന്നു. 82 പേർ പങ്കെടുത്തു. 10 ശാഖ കളിലും മേഖല ടീം സന്ദർശനം നടത്തി. ബെസ്റ്റ് ശാഖാ നിർ ണയം നടത്തി.

**ശാഖ വാർത്തകൾ**

**ബോസ്പാറ**

ബോസ്പാറ ശാഖയിൽ നിന്നും ആദ്യകുർബാന സ്വീകരിച്ച കുഞ്ഞുങ്ങളെ അനുമോദിക്കുകയും അവർക്കായി ആശംസ വീഡിയോ നിർമ്മിക്കുകയും ചെയ്തു. സി.എം.ൽ. മാനന്തവാടി രൂപത നടത്തിയ റീജിയണൽ ക്യാമ്പിൽ ബോസ്പാറ ശാഖയിൽ നിന്നും നാല് പേർ പങ്കെടുത്തു. പന്തകുസ്താ തിരുനാളിന് ഒരുക്ക മായി പരിശുദ്ധാത്മാവിനെ അറിയാം, സ്നേഹിക്കാം, സ്വീകരിക്കാം എന്ന ആപ്തവാക്യവുമായി 'എൽറൂഹ' എന്നപേരിൽ ഒരാഴ്ച്ച നീണ്ട പരിശുദ്ധാത്മ വിചിന്തനങ്ങളുടെ വീഡിയോ പങ്കുവച്ചു. കഴിഞ്ഞ ഒരു വർഷക്കാലം ബോസ്പാറ ശാഖയിലെ മിഷൻ ലീഗ് പ്രവർത്തനങ്ങളെ അകമഴിഞ്ഞു പ്രോത്സാഹിപ്പിക്കുകയും, പിതൃസഹചമായ വാത്സല്യ ത്തോടെ ശാഖാ മിഷൻ ലീഗിനെ വഴി നടത്തുകയും ചെയ്ത ശാഖ ഡയറക്ടർ ബഹു. ജോസ് പുളിന്താനം അച്ചന് ശാഖാ കുടുംബ ത്തിന്റെ നന്ദിയും കടപ്പാടും അറിയിക്കുകയും, അച്ചന്റെ പുതിയ കർമ്മവീഥിയിൽ പ്രാർത്ഥനാശംസകൾ നേരുകയും ചെയ്തു.

**മൂലങ്കാവ്**

സൺഡേ സ്കൂൾ അധ്യാപകരും മിഷ്യൻ ലീഗ് എക്സിക്യൂ ട്ടീവ് അംഗങ്ങളും ചേർന്ന് വേദപാഠം പഠിക്കുന്ന എല്ലാ കുട്ടിക ളുടെയും ഭവനം സന്ദർശിച്ചു.

**ഏലപ്പീടിക**

വിവാഹ ജീവിതത്തിൽ 50 വർഷം പൂർത്തിയാക്കിയ ദമ്പതികളെ ആദരിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി. ഭവനസന്ദർശനവും രോഗീ സന്ദർശനവും നടത്തി. അൾത്താര ബാലൻമാർക്ക് വി. കുർബാനയെക്കുറിച്ച് ക്ലാസ്സുകൾ എടുത്തു.

**ഓർമ്മിക്കാൻ**

ശാഖാ പ്രവർത്തന വർഷ ആരംഭം ജൂൺ ആദ്യ ഞായറാഴ്ചകളിൽ തന്നെ ശാഖകളിൽ പ്രവർത്തന വർഷരാരഭം നടത്തേണ്ടതാണ്

**രൂപതാ കൗൺസിൽ**

ശാഖാ, മേഖലാ, രൂപതാ ഭാരവാഹികൾ സംഗമിക്കുന്ന രൂപത കൗൺസിലും 2026-2027 പ്രവർത്തന വർഷ ഉദ്ഘാടനവും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ജൂൺ 13 ന് രണ്ടാം ശനിയാഴ്ച്ച നടത്തുന്നു. കൗൺസിൽ ശാഖാ, മേഖലാ, ഭാരവാഹികൾ നിർബന്ധമായും പങ്കെടുക്കുമല്ലോ.

മേഖലാ, ശാഖാ ജോയിന്റ് ഡയറക്ടേഴ്സ്, പ്രസിഡന്റ്, സെക്രട്ടറി, ഓർഗനൈസർ എന്നിവരുടെ മീറ്റിംഗ് അന്നേദിവസം കൂടുന്നതാണ്.

അടുത്ത വർഷത്തെ പ്രവർത്ത മാർഗരേഖ പ്രകാശനം ചെയ്യുന്നതാണ്. സമയക്രമം 9 മണിക്ക് രജിസ്ട്രേഷൻ, ആരാധന, ജപമാല 9 .30 ന് പതാക ഉയർത്തൽ, പൊതു സമ്മേളനം ക്ലാസ്സ്, സമ്മാനദാനം, ഭക്ഷണം.

**ജോ. ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

ശാഖാ വാർഷിക റിപ്പോർട്ടുകൾ തരാത്ത ശാഖകൾ ജൂൺ 13ന് വരുമ്പോൾ റിപ്പോർട്ടുകൾ ഓഫിസിൽ എത്തിക്കേണ്ടതാണ്. സമ്മാന കൂപ്പണുകൾ വിതരണത്തിനായി അന്നേ ദിവസംതന്നു വിടുന്നതാണ്.

മനസിലും ഹൃദയത്തിലും അപരനിലേക്കു നീളുന്ന പ്രേഷിത ചൈതന്യം ആവാഹിച്ചെടുത്ത് പുതിയ പ്രവർത്തന വർഷത്തിൽ പുതുമ നിറഞ്ഞ പ്രവർത്തനങ്ങളുമായി ചെമ്മാഞ്ഞ കൊടിക്കീഴിൽ നമുക്ക് അണിനിരക്കാം.

**ജോൺ പുല്ലാപ്പിള്ളിൽ**
സെക്രട്ടറി

# കെ. സി. വൈ. എം

**നമ്മളറിയാത്ത കുട്ടികൾ: പാനൽ ചർച്ച**

വർദ്ധിക്കുന്നോ അക്രമ വാസനകൾ? കുറയുന്നോ മാനസിക ആരോഗ്യം? മാറുന്ന കാലത്തെ കുട്ടികളിലും യുവജനങ്ങളിലും വർദ്ധിച്ചു വരുന്ന അക്രമവാസനകളും, കുറഞ്ഞു വരുന്ന മാനസികാരോഗ്യവും ഇന്നിന്റെ വലിയ ആശങ്കയാണ്. ഇതിന്റെ കാരണങ്ങളിലേക്കും പരിഹാരങ്ങളിലേക്കും വിരൽ ചൂണ്ടുന്ന പാനൽ ചർച്ചയിൽ പോലീസ്, മന:ശാസ്ത്രം, വിദ്യാഭ്യാസം, യുവജന സംഘടന തുടങ്ങിയ മേഖലകളിലെ പ്രതിനിധികൾ പങ്കെടുത്തു. കെ.സി. വൈ.എം മാനന്തവാടി രൂപത റേഡിയോ മാറ്റൊലിയുമായി സഹകരിച്ച് സംഘടിപ്പിച്ച പാനൽ ചർച്ച മാർച്ച് 23 മുതൽ 30 വരെ തീയതികളിൽ രാത്രി 8.20 നും രാവിലെ 8.20 നും സംപ്രേഷണം ചെയ്തു.

**Refine 3.0 നേതൃത്വ പരിശീലന ക്യാമ്പ്**

സംഘടനാ പ്രവർത്തനങ്ങൾക്ക് പുതുജീവൻ നൽകാനും വരുംകാലത്തെ നയിക്കാൻ പ്രാപ്തിയുള്ള നേതാക്കളെ രൂപപ്പെടുത്തി എടുക്കാനും സമുദായ ശക്തീകരണ വർഷത്തിൽ കെ.സി. വൈ.എം. തരിയോട് മേഖലയുടെ ആതിഥേയത്തിൽ റിഫൈൻ 3.0 നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിച്ചു. മാനന്തവാടി രൂപതയുടെ വിവിധ ഇടങ്ങളിൽ നിന്ന് 48 ലധികം യുവജനങ്ങൾ പങ്കുചേർന്നു. പ്രൊഫസറും ട്രെയിനറുമായ ഡോക്ടർ അലക്സ് ജോസ് കെ. സി. വൈ. എം. മുൻ പ്രസിഡന്റ് സജിൻ ചാലിൽ, ആന്റണി മങ്കടപ്ര, ജിഷിൻ മുണ്ടക്കത്തടത്തിൽ, താമരശ്ശേരി എ. കെ. സി. സി. രൂപതാ ഡയറക്ടർ ഫാ. സബിൻ തൂമുള്ളിൽ എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.

**വേളാങ്കണ്ണി തീർത്ഥാടനം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ അത്ഭുതങ്ങളും അനുഗ്രഹങ്ങളും ഒഴുകി ഇറങ്ങുന്ന വേളാങ്കണ്ണി മാതാവിന്റെ സന്നിധിയിലേക്ക് തീർത്ഥാടന യാത്ര സംഘടിപ്പിച്ചു. മാനന്തവാടി രൂപതയുടെ വിവിധ ഇടങ്ങളിൽ നിന്ന് ഏകദേശം 50 ലധികം അല്മായരും സന്യസ്തരും യുവജനങ്ങളും ഈയൊരു

യാത്രയിൽ പങ്കുചേർന്നു. വേളാങ്കണ്ണിയോടൊപ്പം തഞ്ചാവൂർ ക്ഷേത്രത്തിലെ അവിസ്മരണീയമായ ശിൽപ്പകലയും ആസ്വദിച്ചു.

**കർമ്മോദയം**

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ 2026 പ്രവർത്തന വർഷത്തോടനുബന്ധിച്ചുള്ള ഭാരവാഹികളുടെ മേഖലാ സന്ദർശനം ബത്തേരി, ദ്വാരക, കൽപ്പറ്റ മേഖലകളിൽ പൂർത്തീകരിച്ചു. രൂപതാ പ്രസിഡൻ്റ് നിഖിൽ ചൂടിയാങ്കൽ യോഗങ്ങളിൽ അധ്യക്ഷത വഹിച്ചു. മേഖലയിലെ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികളെയും നേതൃത്വനിരയിലേക്ക് കടന്നുവരേണ്ടതിന്റെ ആവശ്യകതയെയും കുറിച്ച് വിശദമായ ചർച്ചകൾ നടത്തി. രൂപതാ സമിതി നേതൃത്വം നൽകി.

**Blessed life**

സമുദായ ശക്തീകരണ വർഷത്തിൽ കുടുംബജീവിതത്തിന്റെ മാഹാത്മ്യവും വിവാഹ ജീവിതത്തിന്റെ പ്രാധാന്യവും വ്യക്തമാക്കുന്ന വീഡിയോ ഇൻസ്റ്റഗ്രാമിലും സാമൂഹ്യമാധ്യമങ്ങളിലും യുവജനങ്ങൾ പങ്കുവച്ചു.

**അഭിനന്ദനങ്ങൾ**

എസ്. എം. വൈ. എം. സംസ്ഥാന പ്രഥമ സെനറ്റ് സമ്മേളനത്തിൽ പങ്കെടുത്ത വിമൽ കൊച്ചുപുരക്കൽ, എബി മൂഴിയാങ്കൽ എന്നിവർക്ക് അഭിനന്ദനങ്ങൾ അറിയിച്ചു.

**റെഡ് റിബൺ 2026: ലഹരി വിരുദ്ധ ക്യാമ്പയിൻ (ജൂൺ 1–30)**

യുവത്വത്തെ കാർന്നുതിന്നുന്ന ലഹരി എന്ന വിപത്തിനെതിരെ 'റെഡ് റിബൺ' ക്യാമ്പയിൻ ജൂൺ മാസം മുഴുവൻ സംഘടിപ്പിക്കുന്നു. യൂണിറ്റ്, മേഖലാ തലങ്ങളിൽ ബോധവൽക്കരണ പരിപാടികളും വ്യത്യസ്തമായ ലഹരിവിരുദ്ധ പ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുക. ഏറ്റവും മികച്ച രീതിയിൽ പ്രവർത്തനങ്ങൾ നടത്തുന്ന 3 യൂണിറ്റുകൾക്കും (I,II, III) ഒരു മേഖലയ്ക്കും പ്രത്യേക പുരസ്കാരങ്ങൾ നൽകുന്നതാണ്. പ്രവർത്തന റിപ്പോർട്ടുകൾ ഫോട്ടോകൾ സഹിതം ജൂലൈ 5 ന് മുമ്പായി രൂപതാ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

**ഗ്രീൻ ഫ്യൂച്ചർ: പരിസ്ഥിതി വാരചരണം (ജൂൺ 1–7)**

'ഗ്രീൻ ഫ്യൂച്ചർ' എന്ന പേരിൽ ജൂൺ ആദ്യവാരം പരിസ്ഥിതി വാരമായി ആചരിക്കുന്നു. പ്രകൃതി സംരക്ഷണത്തിനും ശുചിത്വത്തിനും മുൻഗണന നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക്

നേതൃത്വം നൽകുക. മികച്ച രീതിയിൽ വാരാചരണം നടത്തുന്ന 3 യൂണിറ്റുകൾക്ക് (I, II, III) അവാർഡുകൾ നൽകുന്നതാണ്. പ്രവർത്തന റിപ്പോർട്ടുകൾ ജൂൺ 15 ന് മുൻപായി രൂപതാ ഓഫീസിൽ എത്തിക്കുക.

**സ്വർഗീയ മധ്യസ്ഥരുടെ അനുസ്മരണം (ജൂൺ 28, ഞായർ)**

സംസ്ഥാന കെ. സി. വൈ. എം. സംഘടനയുടെ മധ്യസ്ഥൻ വിശുദ്ധ തോമസ് മൂറിന്റെയും, കെ. സി. വൈ. എം. മാനന്തവാടി രൂപതയുടെ മധ്യസ്ഥൻ വിശുദ്ധ പൗലോസ് ശ്ലീഹായുടെയും അനുസ്മരണം ജൂൺ 28 ന് യൂണിറ്റ്, മേഖലാ തലങ്ങളിൽ സമുചിതമായി ആചരിക്കേണ്ടതാണ്. (വിശുദ്ധ പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ ജൂൺ 29 നാണ്).

**MY CHRIST: വചനമെഴുത്ത് സമർപ്പണം**

വിശുദ്ധ പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ പകർത്തിയെഴുതുന്ന 'വചനമെഴുത്ത് യജ്ഞം' വിശുദ്ധ പൗലോസ് ശ്ലീഹായുടെ തിരുനാൾ ദിനമായ ജൂൺ 29 ന് (ജൂൺ 28 നും സമർപ്പിക്കാം) പൂർത്തീകരിച്ച് സമർപ്പിക്കേണ്ടതാണ്. എഴുതി പൂർത്തിയാക്കിയവർ അക്കാര്യം ബഹുമാനപ്പെട്ട വികാരിയച്ചനെ അറിയിക്കേണ്ടതും, (ഇടവകയിൽ സമർപ്പണം നടത്താവുന്നതാണ്) തുടർന്നുള്ള ദിവസങ്ങളിൽ രൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. എഴുതുന്നവർ ഭാരവാഹികൾ വഴി രൂപതാ സമിതിയെ മുൻകൂട്ടി വിവരമറിയിക്കുക. വചനമെഴുത്ത് പൂർത്തിയാക്കുന്നവർക്ക് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതാണ്.

**പേൾ 2026: രൂപതാ സാഹിത്യമത്സരം (ജൂൺ 28, ഞായർ)**

രൂപതാതല സാഹിത്യമത്സരങ്ങൾ ജൂൺ 28 ന് ഞായറാഴ്ച ഉച്ചയ്ക്ക് 1:30 ന് വിവിധ മേഖലാ കേന്ദ്രങ്ങളിൽ ഓഫ്‌ലൈനായി നടത്തപ്പെടും. (രൂപതാ-മേഖലാ സാഹിത്യമത്സരമായിട്ടാണ് നടത്തപ്പെടുക). ഓരോ മേഖലയും ഒരു കോർഡിനേറ്ററെ തിരഞ്ഞെടുത്ത് ജൂൺ 10 ന് മുമ്പായി രൂപതാ സമിതിയെ അറിയിക്കുക. മത്സരവിവരങ്ങൾ ഇവർ വഴിയായിരിക്കും അറിയിക്കുക. മേഖലാ സമിതികൾ മത്സരത്തിനായുള്ള ക്രമീകരണങ്ങൾ പൂർത്തിയാക്കേണ്ടതാണ്. 2026 വർഷത്തെ കെ.സി.വൈ.എം. അംഗത്വം ഉള്ളവർക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ സാധിക്കൂ.

**മേഖലാ രൂപതാ അർദ്ധവാർഷിക സെനറ്റുകൾ**

**മേഖലാ സെനറ്റ്:** എല്ലാ മേഖലകളും തങ്ങളുടെ അർദ്ധവാർഷിക സെനറ്റുകൾ ജൂൺ 30 നകം പൂർത്തിയാക്കേണ്ടതാണ്.

**രൂപതാ സെനറ്റ്:** രൂപതയുടെ 32-ാമത് അർദ്ധവാർഷിക സെനറ്റ് സമ്മേളനം 2026 ജൂലൈ 11 ശനിയാഴ്ച രാവിലെ 9 മണിക്ക് നടത്തപ്പെടുന്നു (സ്ഥലം പിന്നീട് അറിയിക്കും).

**യുവജന ദിനാഘോഷം (ജൂലൈ 5, ഞായർ)**

ജൂലൈ 5 ഞായറാഴ്ച യുവജനദിനമായി ആചരിക്കുന്നു. യൂണിറ്റ്തലങ്ങളിൽ വിപുലമായ യുവജന സംഗമങ്ങളും വിവിധ പരിപാടികളും സംഘടിപ്പിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക.

**ജന്മദിനാശംസകൾ**

മാനന്തവാടി രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലം, മണിമൂളി മേഖലാ ഡയറക്ടർ ഫാ. ഷിജോ വേനക്കുഴിയിൽ, നടവയൽ മേഖലാ രൂപതാ സിൻഡിക്കേറ്റ് അലീന ബാബുരാജ്, നീലഗിരി മേഖലാ രൂപതാ സിൻഡിക്കേറ്റ് ലിജിഷ ഷാജി ആലക്കാട്ടുകുഴിയിൽ, മാനന്തവാടി മേഖലാ രൂപതാ സിന്ഡിക്കേറ്റ് ആൽബിൻ കുഴിഞ്ഞാലിൽക്കരോട്ട്, രൂപതാ സിൻഡിക്കേറ്റ് സിസ്റ്റർ ബെൻസി ജോസ് എസ്. എച്ച്. രൂപതാ ട്രഷറർ നവീൻ പുലക്കുടിയിൽ, നീലഗിരി മേഖലാ ഡയറക്ടർ ഫാ. ജോർജുകുട്ടി കണിപ്പിള്ളിൽ എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**ദിനാചരണങ്ങൾ**

വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ, രൂപതാ ദിനം, സമുദായ ദിനം, മദേഴ്സ് ഡേ എന്നീ ദിനങ്ങളുടെ ആശംസകൾ അറിയിച്ചു.

**മേഖലാ വാർത്തകൾ**

**മുള്ളൻക്കൊല്ലി**

പുൽപള്ളി ടൗൺ ചർച്ച് ദേവാലയത്തിൽ മ്യൂസിക്കൽ അഡോറേഷൻ സംഘടിപ്പിച്ചു. ബ്രദർ ജോൺ പോൾ ചാലക്കുടി, ബ്രദർ ജെസ്പിൻ പള്ളിക്കത്തൊട്ടിയിൽ എന്നിവർ നേതൃത്വം നൽകി. യുവജനങ്ങളും, ഇടവകാജനങ്ങളുമടക്കം 200 പേർ പങ്കെടുത്തു. മേഖലയുടെ നേതൃത്വത്തിൽ മെയ് 7 മുതൽ 9 വരെ തീർത്ഥാടനം സംഘടിപ്പിച്ചു. മലയാറ്റൂർ സെന്റ് തോമസ് ചർച്ച്, സെന്റ് മേരിസ് ഫൊറോനാ ചർച്ച് കുറവിലങ്ങാട്, സെന്റ് അൽഫോൻസാ ചർച്ച് ഭരണങ്ങാനം, ബസിലിക്ക ഓഫ് ഔർ ലേഡി ഓഫ് റാൻസോം വല്ലാർപാടം എന്നിവിടങ്ങളിൽ സന്ദർശിച്ചു. മറൈൻ ഡ്രൈവ് കൊച്ചി ബോട്ടിങ് നടത്തി. ആത്മീയതയും കൂട്ടായ്മയും നിറഞ്ഞ ഈ തീർത്ഥാടനം പങ്കെടുത്ത

വർക്ക് വിശ്വാസജീവിതത്തിൽ പുതുമയും സന്തോഷകരമായ അനുഭവങ്ങളും സമ്മാനിച്ചു. 42 പേർ തീർത്ഥാടനത്തിൽ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**കൊട്ടിയൂർ**

കൊട്ടിയൂർ കെ. സി. വൈ. എം. യൂണിറ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽമാസം വിപുലമായ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. വിശുദ്ധ വാര തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകിയതോടൊപ്പം കുരിശിന്റെ വഴിയിലെ ഫ്ലോട്ട് അവതരണവും ഈസ്റ്റർ ദൃശ്യാവിഷ്കാരവും ഏറെ ശ്രദ്ധേയമായി. കരിമ്പുങ്കണ്ടം, വെങ്ങലോടി കപ്പേളകളിലെ തിരുനാൾ പ്രവർത്തനങ്ങളിലും പള്ളിപരിസരം, സെമിത്തേരി, ഹോമിയോ ആശുപത്രി എന്നിവയുടെ ശുചീകരണത്തിലും യുവജനങ്ങൾ സജീവമായി പങ്കെടുത്തു. നീണ്ടുനോക്കി റോഡ് പുനരുദ്ധാരണം, അഗതിമന്ദിര സന്ദർശനം, കഠിനമായ ചൂടിൽ ടൗണിൽ സംഭാരം വിതരണം, പക്ഷികൾക്കായി തണ്ണീർക്കുടങ്ങൾ ഒരുക്കൽ, വൃക്ഷത്തൈ നടീൽ എന്നീ സാമൂഹിക പ്രവർത്തനങ്ങൾക്കും യൂണിറ്റ് നേതൃത്വം നൽകി. വിശ്വാസോത്സവത്തിലും ആദ്യകുർബാന ഒരുക്കത്തിലും കുട്ടികൾക്ക് ആവശ്യമായ പിന്തുണ നൽകിയതോടൊപ്പം സ്റ്റെം സെൽ ഡൊണേഷൻ ക്യാമ്പയിൻ, ലഹരിവിരുദ്ധ ബോധവൽക്കരണം, സമ്മർ സേഫ്റ്റി പോസ്റ്റർ പ്രചാരണം എന്നിവയും സംഘടിപ്പിച്ചു. ലോകാരോഗ്യ ദിനത്തോടനുബന്ധിച്ച് പാലുകാച്ചി മലയിലേക്ക് ട്രെക്കിംഗ് നടത്തി. *ഇടം* യുവജന സംഗമം നടത്തുകയും പ്രാർത്ഥനാ ഗ്രൂപ്പ് ആരംഭിക്കുകയും ചെയ്തു. രൂപതാ സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പിതാവിനും യൂണിറ്റ് ഡയറക്ടർ ഷിന്റോ കുളങ്ങര അച്ചനും ട്രഷറർ അലക്സ് സജിക്കും ജന്മദിനാശംസകൾ നേർന്നു. ഇൻസ്റ്റാഗ്രാം പ്രവചന മത്സരം, ലൈബ്രറി നവീകരണം, നീന്തൽ പരിശീലനം തുടങ്ങിയവ സംഘടിപ്പിച്ചു.

**ചുങ്കക്കുന്ന്**

കെ.സി.വൈ.എം. ചുങ്കക്കുന്ന് യൂണിറ്റിന്റെ നേതൃത്വത്തിൽ ഏപ്രിൽ മാസത്തിൽ സജീവമായ വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. പയ്യന്നൂർ സെന്റ് കാതറിൻസ് സ്കൂൾ പ്രിൻസിപ്പലായി നിയമിതനായ സുനിൽ മാത്യു സാറിനെ ആദരിച്ചുകൊണ്ട് ആരംഭിച്ച പ്രവർത്തനങ്ങളിൽ രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ്, വികാരി ഫാ. പോൾ കൂട്ടാല, കെ. സി. വൈ. എം. വൈസ് പ്രസിഡന്റ് ജുവൽ പനയ്ക്കപദാ

ലിൽ എന്നിവരുടെ ജന്മദിനങ്ങളും വൈദികരുടെ പൗരോഹിത്യ വാർഷികവും ഫാ. പോൾ കൂട്ടാലയുടെ ജൂബിലിയും സമുചിത മായി ആഘോഷിച്ചു. വലിയ നോമ്പിന്റെ ഭാഗമായി ദു:ഖവെള്ളി യിലും പുതുഞ്ഞായറാഴ്ചയും ഭക്തിനിർഭരമായ കുരിശിന്റെ വഴി നടത്തുകയും ഈസ്റ്റർ കല്ലറ ഒരുക്കുകയും ചെയ്തു. വോട്ടർ ബോധ വൽക്കരണ പോസ്റ്ററുകൾ തയ്യാറാക്കിയതിനൊപ്പം പാമ്പുകടി യേറ്റാൽ ചെയ്യേണ്ട മുൻകരുതലുകളെക്കുറിച്ച് 'Snakepedia' ആപ്പ് പരിചയപ്പെടുത്തിക്കൊണ്ട് മികച്ച ബോധവൽക്കരണം നൽകി. രൂപതയുടെ "REFINE" നേതൃത്വ പരിശീലന ക്യാമ്പിൽ യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു. ദൈവാലയ പരിസരത്തെ സൈൻബോർ ഡുകളും സെമിത്തേരിയും ശുചീകരിച്ച യൂണിറ്റ്, ഏപ്രിൽ 30 ന് സൺഡേ സ്കൂളിൽ 'ഇടം' യുവജന സംഗമം സംഘടിപ്പിച്ചു.

**പുൽപ്പള്ളി**

കെ. സി. വൈ. എം. പുൽപ്പള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ അംഗങ്ങൾക്കായി ഒരു ദിവസത്തെ തീർത്ഥാടനവും വിനോദയാ ത്രയും സംഘടിപ്പിച്ചു. ആത്മീയതയും സൗഹൃദവും കൂട്ടായ്മയും വളർത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു യാത്ര.

**റോബിൻ ബിജു വടക്കേക്കര**
ജനറൽ സെക്രട്ടറി

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ അലംഭാവവും ലാഘവത്വവും വെടിഞ്ഞ് നമ്മൾ ഒരുമിക്കേണ്ട സമയമാണ്. കൗമാരക്കാരും കുട്ടികളും ലഹരി മാഫിയയുടെ കെണിയിൽപ്പെട്ട് ജീവിതം അവസാനിപ്പിക്കുന്ന വാർത്തകൾ അപൂർവ്വമല്ല. അതുകൊണ്ട് തന്നെ ജ്വാല ലഹരിവിരുദ്ധ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണം. ഈ അദ്ധ്യയന വർഷം നൂതന പരിപാടികളോടെ രൂപതാ സമിതി ജ്വാല ലഹരി വിരുദ്ധ ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ നടത്തുവാൻ പ്ലാൻ തയ്യാറാക്കി വരുന്നു.

ഇടവകകളിൽ രൂപീകരിച്ച മദ്യ ലഹരിവിരുദ്ധ യൂണിറ്റുകളിലെ സന്ദർശനം പൂർത്തീകരിക്കാത്ത ഇടവകകളിൽ രൂപതാ ഭാരവാഹികൾ ഉടൻ സന്ദർശനം നടത്തുന്നതാണ്. തീയതിയും സമയവും മുൻകൂട്ടി അറിയിക്കുന്നതാണ്. യൂണിറ്റ് രൂപകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഏവരുടേയും സഹായം അഭ്യർത്ഥിക്കുകയാണ്.

**ബഹുമാനപ്പെട്ട സണ്ണി മഠത്തിലച്ചന് രൂപതാ സമിതിയുടെ ഹൃദയം നിറഞ്ഞ നന്ദി**

12 വർഷം കെ. സി. ബി. സി. മദ്യവിരുദ്ധ സമിതിയുടെ ഡയറക്ടറായി സേവനം ചെയ്ത അച്ചൻ തൽസ്ഥാനത്ത് നിന്ന് വിരമിക്കുകയാണ്. ഇടവകകളിൽ മദ്യവിരുദ്ധ സമിതി രൂപീകരിക്കുവാനും കുട്ടികളിൽ മദ്യവിരുദ്ധ മനോഭാവം വളർത്തിയെടുക്കുവാനും വേണ്ടി ജ്വാല ക്ലബ്ബ് രൂപീകരിച്ച് ഇടവകകളിൽ പ്രവർത്തനങ്ങൾ നടത്തിയതും സംസ്ഥാന സമിതിയുടെ അഭിനന്ദനങ്ങൾ ലഭിച്ചതും പ്രത്യേകം ഓർക്കുന്നു. അച്ചന്റെ നിരന്തരമായ ഇടപെടലുകളും ക്ലാസ്സുകളും സമിതിയെ രൂപതാതലത്തിൽ ജനകീയമാക്കുവാൻ സാധിച്ചു.

തുടർച്ചയായി സംസ്ഥാനതലത്തിൽ മികച്ച മദ്യലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് ഒന്നും രണ്ടും സ്ഥാനങ്ങൾ മാനന്തവാടി രൂപതയ്ക്ക് ലഭിച്ചതിന്റെ പിന്നിൽ അച്ചന്റെ നേതൃത്വത്തിന് സാധിച്ചതിൽ ഞങ്ങൾക്ക് അഭിമാനമുണ്ട്. മദ്യപന്മാരുടെ കുടുംബങ്ങൾ സന്ദർശിച്ച് മദ്യാസക്തരെ രോഗത്തിൽ നിന്നും മോചിപ്പിക്കുവാൻ വേണ്ടി ക്യാമ്പുകളിൽ പറഞ്ഞ് വിട്ടതും, എ.എ. കൂട്ടായ്മ രൂപീകരിച്ചതും ഈ അവസരത്തിൽ പ്രത്യേകം ഓർക്കുന്നു. രൂപതാ സമിതി അംഗങ്ങളെ ഹൃദയത്തോട് ചേർത്ത് നിർത്തുവാനും

സ്നേഹിക്കുവാനും പ്രോൽസാഹിപ്പിക്കുവാനും സണ്ണിയച്ചന് സാധിച്ചുവെന്നത്, സന്തോഷപൂർവ്വം ഓർമ്മിച്ചുകൊണ്ട്, രൂപതാ സമിതിക്കുവേണ്ടി പ്രത്യേകം നന്ദി പറയുന്നു. 13-05-2026 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേർന്ന യാത്രയയപ്പ് യോഗത്തിൽ രൂപതാ പ്രസിഡന്റ് രാജു വല്യാറ അദ്ധ്യക്ഷത വഹിച്ചു. രൂപതാ സെക്രട്ടറി മാത്യു ആര്യപ്പള്ളി, പി. എ. ജയിംസ്, ഷാജി കേദാരം, ബേബി പേടപ്പാട്ട്, മരിയ ഇഞ്ചിക്കാലായിൽ, ടെസ്സി ടീച്ചർ കറുത്തേടത്ത്, മാത്യു പുതുപ്പറമ്പിൽ, ലില്ലി ടീച്ചർ പെരുമ്പിൽ, ഒ .വി. വത്സമ്മ ടീച്ചർ, ചാക്കോ മൂഞ്ഞനാട്ട്, ജോയി ചൂരനോലി, റീത്ത സ്റ്റാൻലി തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

**സ്വാഗതം**

മദ്യ ലഹരി വിരുദ്ധ സമിതി മാനന്തവാടി രൂപതാ ഡയറക്ടറായി പുതിയതായി ചാർജ് എടുത്ത ബഹു. ബിജു തൊണ്ടിപ്പറമ്പിൽ അച്ചന് രൂപതാ മദ്യവിരുദ്ധ സമിതിയുടെ ഹൃദയപൂർവ്വമായ അഭിനന്ദനങ്ങളും, സ്വാഗതവും നേരുന്നു.

**രാജു വലിയാറയിൽ**
രൂപതാ പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

മെയ് മാസം 10 മുതൽ 12 വരെ നടന്ന വിവാഹ ഒരുക്ക കോഴ്സിൽ 82 പേർ പങ്കെടുത്തു. ബോയ്സ് ടൗൺ സീയോൻ ധ്യാന കേന്ദ്രത്തിൽ വച്ച് ജൂൺ മാസം 12,13,14 തീയതികളിൽ വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു. ജൂലൈ മാസത്തിലെ കോഴ്സ് 10,11,12 തീയതികളിൽ ആയിരിക്കും.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

തലശ്ശേരി അതിരൂപത സന്ദേശ ഭവൻ പാസ്റ്റർ സെന്ററിൽ വച്ച് 2026 ഏപ്രിൽ 21, 22 തീയതികളിൽ നടന്ന ഗ്ലോബൽ മാതൃവേദി ജനറൽ ബോഡി മീറ്റിംഗിൽ മാതൃവേദി രൂപതാ ഡയറക്ടർ ഫാ. ബിനു വടക്കേൽ, ആനിമേറ്റർ സി. ഷോളി ജോസഫ് എസ്.കെ.ഡി. എന്നിവരോടൊപ്പം രൂപതാ സമിതി അംഗങ്ങളും പങ്കെടുത്തു. സമുദായ ശക്തീകരണ വർഷാചരണത്തിന്റെ ഭാഗമായി നസ്രാണികളുടെ പരമ്പരാഗത വേഷമായ ചട്ടയും മുണ്ടും ധരിച്ച് വിവിധ രൂപതകളിൽ നിന്നെത്തിയ അമ്മമാർ ഉദ്ഘാടന സമ്മേളനം ആകർഷകവും ശ്രദ്ധേയവുമാക്കി. ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് സമർപ്പണം, പരിചയപ്പെടുത്തൽ, വിളക്കന്നൂർ തീർത്ഥാടനം, ക്ലാസ്സുകൾ-ചർച്ചകൾ, ഗ്ലോബൽതല സ്കിറ്റ് മത്സരത്തിൽ വിജയികൾക്ക് സമ്മാനവിതരണം എന്നിവ ഗ്ലോബൽ ജനറൽ ബോഡിയുടെ ഭാഗമായി നടന്നു. 2026 ഏപ്രിൽ ഒന്നിന് സമുദായശക്തീകരണം എന്ന വിഷയത്തിൽ ഗ്ലോബൽ മാതൃവേദി സംഘടിപ്പിച്ച സ്കിറ്റ് മത്സരത്തിൽ മാനന്തവാടി രൂപത നാലാം സ്ഥാനം കരസ്ഥമാക്കി. ഗ്ലോബൽ ജനറൽബോഡി മീറ്റിങ്ങിൽ വച്ച് തലശ്ശേരി അതിരൂപത അധ്യക്ഷൻ മാർ ജോസഫ് പാംബ്ലാനി പിതാവിൽ നിന്ന് രൂപത സമിതി സമ്മാനം ഏറ്റുവാങ്ങി.

ഗ്ലോബൽ മത്സരത്തിന്റെ ഭാഗമായി മാർച്ച് 25 ന് നടന്ന രൂപതാതല സ്കിറ്റ് മത്സരത്തിൽ മണിമൂളി മേഖലയ്ക്ക് ഒന്നാം സ്ഥാനവും നിലമ്പൂർ മേഖലയ്ക്ക് രണ്ടാം സ്ഥാനവും ലഭിച്ചു. NBCLC യിൽ വച്ചു നടന്ന LAITY ലീഡർഷിപ്പ് സെമിനാറിൽ മാനന്തവാടി രൂപത മാതൃവേദി സെനറ്റ് മെമ്പർ സിൽവി ജോയി ഏഴുമായിൽ

സംബന്ധിച്ചു.10/04/2026 ന് എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും മെയ് മാസത്തെ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു. ഏപ്രിൽ 25 ന് ശിശുമല ഉണ്ണീശോ ദേവാലയത്തിൽ വച്ച് ചേർന്ന മുള്ളൻകൊല്ലി മേഖല ജനറൽ ബോഡി യോഗത്തിൽ 'സമുദായ ശക്തീകരണം' എന്ന വിഷയത്തിൽ പ്രസിഡണ്ട് ശ്രീമതി മേഴ്സി അമരികാട്ട് ക്ലാസ് എടുത്തു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 18 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജൂൺ 23.

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി മേഖല**

യുവതി യുവാക്കളെ സമർപ്പിച്ച് ചെയിൻ റോസറി ചൊല്ലി. തൊഴിൽ രഹിതരായവർക്കുവേണ്ടി ദിവ്യകാരുണ്യ ആരാധന നടത്തി. ജനറൽ ബോഡി ചേർന്നു. തനിമ 2026 എന്ന പേരിൽ സമുദായശക്തീകരണ വർഷാചരണം നടത്തി. അതിൽ റമ്പാൻ പാട്ട്, ചട്ടയും മുണ്ടും ഉടുക്കൽ, വട്ടയപ്പം, പിടി എന്നിവയുണ്ടാക്കൽ തുടങ്ങിയ മത്സരങ്ങൾ നടത്തി. വിശുദ്ധ ജാന്ന ബരേറ്റ മോളെള യുടെ തിരുനാൾ ആഘോഷിച്ചു.

**ശാഖാ വാർത്തകൾ**

**പാതിരിപ്പാടം**

പള്ളിയും, പരിസരവും വൃത്തിയാക്കി. കുരിശ് മലയിലേയ്ക്ക് കുരിശിന്റെ വഴി നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മാതാവിന്റെ വണക്കമാസത്തിന് ഒരുക്കങ്ങൾ നടത്തി. എല്ലാ ഞായറാഴ്ചകളിലും സ്വിഗ്വി മസാല പൊടികൾ വിതരണം നടത്തി.

**കബനിഗിരി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ദൈവകരുണയുടെ തിരുനാൾ ആചരിച്ചു. ശിശുമല കുരിശുമല കയറി. ഏലീശ്വാ സന്ദർശനം നടത്തി. രോഗീ സന്ദർശനം നടത്തി. ചികിത്സാസഹായം നൽകി. മേഖലാ ജനറൽബോഡി യോഗത്തിൽ 7 പേർ പങ്കെടുത്തു. 'തനിമ' മത്സരങ്ങളിൽ മുണ്ടും ചട്ടയും, പിടി, വട്ടയപ്പം ഉണ്ടാക്കൽ എന്നീ മത്സരങ്ങളിൽ പങ്കെടുത്തു. വി. ജാന്ന ബേരേറ്റ മൊള്ളയുടെ തിരുനാൾ ആചരിച്ചു. ഇടവകയിലെ ആരംഭകാല ഭാരവാഹികളെ പ്രത്യേക സമ്മാനവും ജപമാലയും കൊടുത്ത് ആദരിച്ചു. പള്ളിയും പരിസരങ്ങളും സെമിത്തേരിയും വൃത്തിയാക്കി.

**കളത്തുവയൽ**

എക്സിക്യൂട്ടീവ് കൂടി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. വി. കത്രീനയുടെ തിരുനാൾ ദിനത്തിൽ ഇടവക ഗ്രൂപ്പിൽ പോസ്റ്റ് ഇട്ടു. പള്ളി വൃത്തിയാക്കി.

**ആലാറ്റിൽ**

എക്സിക്യൂട്ടീവ് കൂടി. രോഗീ സന്ദർശനം നടത്തി. വി. ഗീവർ ഗീസിന്റെ തിരുനാൾ, വി. ജാന്നെ ബരേറ്റ മോള്ളയുടെ തിരുനാൾ എന്നിവ ആഘോഷിച്ചു. ആ വിശുദ്ധയെ പരിചയപ്പെടുത്തി. മാതൃ വേദി അംഗങ്ങൾ ഊട്ടിക്ക് ടൂർ പോയി. യുവജനങ്ങൾക്കുവേണ്ടി ചെയിൻ റോസറി നടത്തി.

**കാരയ്ക്കാമല**

സമുദായശക്തികരണ വർഷാചരണത്തിന്റെ ഭാഗമായി നടന്ന മാതൃവേദി ദ്വാരക മേഖല റമ്പാൻ പാട്ട് മത്സരത്തിൽ കരയ്ക്കാ മല യൂണിറ്റ് മൂന്നാം സ്ഥാനം കരസ്ഥമാക്കി. രോഗീ സന്ദർശനം നടത്തി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. പൗരോഹിത്യ ദിനത്തിൽ അച്ചൻമാരെ ആദരിച്ചു. ആദ്യകുർബാന സഹായമായി 2000/- രൂപ കൊടുത്തു. വി. ജാന്ന ബെരേറ്റ മോള്ളയുടെ ജീവചരിത്രം ഓഡിയോയിലൂടെ പരിചയപ്പെടുത്തി. രോഗീ സന്ദർശനം, മരണ വീട് സന്ദർശനം എന്നിവ നടത്തി.

**കോട്ടത്തറ**

അന്താരാഷ്ട്ര ഓട്ടിസ ദിനത്തിൽ ഓട്ടിസം ബാധിച്ച എല്ലാ കുഞ്ഞുങ്ങൾക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടി കരുണ ക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു. ചെയിൻ റോസറിയിൽ പങ്കുചേർന്നു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മേഖലാ എക്സിക്യൂട്ടീവിൽ പങ്കെടുത്തു. പന്തിപ്പൊയിൽ അമലോൽഭവ മാതാവിന്റെ ദേവാല യത്തിൽ വച്ച് നടത്തിയ ചാവറ ക്വിസ്സിൽ യൂണിറ്റിൽ നിന്നും രണ്ട് അംഗങ്ങൾ പങ്കെടുത്തു. മൂന്നാം സ്ഥാനം കരസ്ഥമാക്കി. മേഖല നേതൃത്വ പരിശീലന ക്യാമ്പിൽ എല്ലാ അംഗങ്ങളും പങ്കെടുത്തു.

**പനവല്ലി**

വിശുദ്ധ വാരാചരണത്തോടെ ഏപ്രിൽ മാസം ആരംഭിച്ചു. എല്ലാ അമ്മമാരും കുമ്പസാരിച്ച് ഒരുങ്ങി ഈശോയെ സ്വീകരിച്ചു. എല്ലാമാസവും വിശുദ്ധരെ പരിചയപ്പെടുത്തുന്നു.

**വടപുറം**

വിശുദ്ധവാര ദിനങ്ങളിലെ കുർബാനകളിൽ അമ്മമാർ പങ്കെടുത്തു. മേഖലയിൽ ആഢ്യൻപാറയിലേക്ക് നടത്തിയ കുരിശിന്റെ വഴിക്ക് അമ്മമാർ പങ്കെടുത്തു. വിശുദ്ധ ജാന്ന പുണ്യവതിയുടെ തിരുനാളിന് അമ്മമാരെ സമർപ്പിച്ചു കുർബാന ചൊല്ലുകയും നേർച്ച ഭക്ഷണം നൽകുകയും ചെയ്തു. രോഗികളെ സന്ദർശിച്ച് സാമ്പത്തിക സഹായം നൽകി.

**ദ്വാരക**

പെസഹാ വ്യാഴാഴ്ചത്തേക്ക് ആവശ്യമായ അപ്പം അമ്മമാർ നൽകി. പാൽ തയ്യാറാക്കാൻ സഹായിച്ചു. ദുഃഖ വെള്ളിയാഴ്ചത്തേക്ക് ആവശ്യമായ കൈപ്പുനീർ തയ്യാറാക്കി നൽകി. ദൈവവിളിക്ക് വേണ്ടി ദിവ്യകാരുണ്യ ആരാധന നടത്തി. രോഗീ സന്ദർശനം നടത്തി.

**താളിപ്പാടം**

ദുഃഖ വെള്ളിയാഴ്ച നേർച്ച ഭക്ഷണത്തിനു വേണ്ടിയുള്ള അച്ചാർ ഇടൽ എല്ലാ അമ്മമാരുടെയും നേതൃത്വത്തിൽ നടത്തി. നിത്യോപയോഗ സാധനങ്ങൾ ശേഖരിച്ച് അഗതി മന്ദിരത്തിൽ നൽകി. ക്ലീനിങ് നടത്തി. എക്സിക്യൂട്ടീവ് കൂടി.

**ഒഴുക്കൻമൂല**

പുതുഞ്ഞായറാഴ്ച തിരുന്നാളിനോടനുബന്ധിച്ച് ഉണ്ടാക്കിയ പാച്ചോറിന് ആവശ്യമായ തേങ്ങ ചിരകാൻ അമ്മമാർ വന്ന് സഹായിച്ചു. വിശുദ്ധ ഗീവർഗ്ഗീസിന്റെ തിരുനാൾ ദിനത്തിൽ ഇടവക ജനങ്ങൾക്ക് വേണ്ടി നടത്തിയ സ്നേഹവിരുന്നിനാവശ്യമായ അപ്പം വീടുകളിൽ ഉണ്ടാക്കി പള്ളിയിലെത്തിച്ചു. പള്ളിയും പരിസരവും അടിച്ചു വൃത്തിയാക്കി. മാസക്കുറി നടത്തി ആയിരം രൂപ മാതൃവേദിക്ക് സംഭാവന നൽകി.

**അസംപ്ഷൻ, ബത്തേരി**

വചനവഴിയിൽ എന്ന പുതിയ നിയമ ബൈബിൾ വായനയും വചനവഴിയെ എന്ന ലോഗോസ് ഒരുക്ക ഓൺലൈൻ പ്രോഗ്രാമും നടത്തുന്നു. രോഗീ സന്ദർശനം, ചികിത്സാസഹായം, അഗതിമന്ദിരം സന്ദർശിക്കൽ, വൃത്തിയാക്കൽ, പൊതിച്ചോർ തുടങ്ങിയ ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തി. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് ഫണ്ട് സമാഹരിക്കുന്നതിനായി മാങ്ങ അച്ചാർ തയ്യാറാക്കി വിൽപ്പന നടത്തി.

**പാലാങ്കര**

ദുഃഖവെള്ളി തിരുകർമ്മങ്ങളിൽ പങ്കെടുക്കുകയും, ഉച്ചക്കഞ്ഞി

പാചകം ചെയ്ത പാത്രങ്ങൾ കഴുകാൻ സഹായിക്കുകയും ചെയ്തു. അച്ചാർ ഇടുവാൻ സഹായിച്ചു. വിവാഹ സഹായം നൽകി. പള്ളിയും പരിസരങ്ങളും അമ്മമാർ വൃത്തിയാക്കി. ഈസ്റ്റർ കിറ്റ് നൽകി. വിശുദ്ധരെ പരിചയപ്പെടുത്തി.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗീ സഹായമായി 3000 രൂപ കൊടുത്തു. സാമുദായ തനിമയുള്ള ഭക്ഷണങ്ങളായ പിടിയും കോഴിയും, വട്ടയപ്പം, അവിലോസ് ഉണ്ട, കപ്പബിരിയാണി തുടങ്ങിയവ സൺഡേ സ്കൂൾ കുട്ടികൾക്ക് നൽകി. കണിയാരം കത്തീഡ്രൽ പള്ളി സന്ദർശിച്ച് വിശുദ്ധരുടെ തിരുശേഷിപ്പുകൾ വണങ്ങി. സൺഡേ സ്റ്റാളിൽ വാളംപുളി ഉണക്കി ഇടിച്ച് കൊടുത്തു. ബിൻസി ജോഷി ഓണിശേരിയിൽ പഴയനിയമം എഴുതി പൂർത്തീകരിച്ചു. സാന്താ മോനിക്ക പ്രാർത്ഥന, വചനകവചം, 3 മണിയ്ക്ക് 3 നന്മനിറഞ്ഞ മറിയം, മാതൃവേദി പ്രാർത്ഥന, വിശുദ്ധരെ പരിചയപ്പെടുത്തൽ എന്നിവ നടത്തി.

**മാർട്ടിൻ നഗർ**

വനിതാദിനത്തിൽ രണ്ടു വനിതകളെ അവരുടെ ഭവനങ്ങളിൽ പോയി ആദരിച്ചു. മാണ്ഡ്യ-മിഷനിലേക്ക് സംഭാവന നൽകി. മെഡിക്കൽ കോളേജിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. ഭവന സന്ദർശനം നടത്തി.

**ചോക്കാട്**

വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാൾ ആഘോഷിച്ചു. മാതൃവേദി സഹ മധ്യസ്ഥ വിശുദ്ധ ജാന്നയുടെ തിരുനാൾ നടത്തി. നിയോഗത്തോടെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രോഗീ സന്ദർശനം, ഏലിശ്വാ സന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് കൂടി. പള്ളിയും പരിസരവും വൃത്തിയാക്കി.

**മണിമൂളി**

എക്സിക്യൂട്ടീവ് ചേർന്നു. വിവാഹം കഴിഞ്ഞു 10 വർഷം വരെയുള്ള ദമ്പതിമാരുടെ സെമിനാർ നടത്തി. ആദ്യകുർബാനക്ക് ഒരു കുട്ടിക്ക് ഉടുപ്പ് നൽകി. വി. ദേവസഹായം തീർത്ഥാടനകേന്ദ്രം സന്ദർശിച്ചു. ദേവാലയവും പരിസരവും വൃത്തിയാക്കി. സ്വിഗ്വി ഔട്ട്ലെറ്റ് നടത്തി. 4000/- രൂപ ധനസഹായം നൽകി.

**പുൽപ്പള്ളി**

പുതു ഞായർ ദിനത്തിൽ ശിശുമല കുരിശുമലയിലേക്കുള്ള കുരിശിന്റെ വഴിയിൽ പങ്കുചേർന്നു. മേഖലാ ജനറൽ ബോഡിയിൽ

പങ്കെടുത്തു. ചട്ടയും മുണ്ടും ഉടുക്കൽ മത്സരം വട്ടയപ്പം, പിടി എന്നീ പലഹാരങ്ങൾ ഉണ്ടാക്കുന്ന മത്സരം എന്നിവയിൽ പങ്കെടുത്തു. വിശുദ്ധ ജാന്നാ ബരേറ്റ മോളെള്ളയുടെ തിരുനാൾ ആചരിച്ചു.

**കൊമ്മയാട്**

വി. ഗീവർഗീസിന്റെ തിരുനാൾ ദിനത്തിൽ നേർച്ച ഭക്ഷണത്തിനായി വീടുകളിൽ നിന്ന് അപ്പം ഉണ്ടാക്കി കൊണ്ടുവന്നു. വി. ജാന്ന ബെരേറ്റ മോള്ളയുടെ തിരുനാൾ ദിനത്തിൽ കൊമ്മയാട് യൂണിറ്റിലെ അംഗങ്ങൾക്കായി ക്വിസ് മത്സരം നടത്തി.

**കുറുമ്പാല**

ഈസ്റ്റർ ദിനത്തിൽ ഇടവകയിൽ നടത്തപ്പെട്ട മെഗാ ഫെസ്റ്റ് ഷോയിൽ അമ്മമാർ സജീവമായി പങ്കെടുത്തു. എക്സിക്യൂട്ടീവ് ചേർന്നു. നസ്രാണി ഫെസ്റ്റിന് വേണ്ടി അമ്മമാരെ ക്ഷണിക്കാൻ എക്സിക്യൂട്ടീവ് അംഗങ്ങൾ വാർഡ് തിരിഞ്ഞ് ഭവന സന്ദർശനം നടത്തി. നസ്രാണി ഫെസ്റ്റ്, റമ്പാൻപാട്ട് കലാപരിപാടികൾ എന്നിവ നടത്തി. മേഖലാതലത്തിൽ നടത്തപ്പെട്ട ചാവറ ക്വിസ് മത്സരത്തിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**പനംഞ്ചിറ**

കിടപ്പുരോഗികളെ സന്ദർശിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. വി. ഗീവർഗ്ഗീസിന്റെ തിരുനാൾ ആഘോഷത്തിനായി അമ്മമാർ അപ്പം ഉണ്ടാക്കി നൽകി.

**വാകേരി**

രണ്ട് കുടുംബങ്ങൾക്ക് ഈസ്റ്റർകിറ്റ് വിതരണം ചെയ്തു. ഇടവകയിലെ കുടുംബങ്ങളിൽ നിന്ന് ഉപയോഗയോഗ്യമായ വസ്ത്രങ്ങൾ ശേഖരിച്ച് തപോവനം, തൃപ്പാദം എന്നീ അഗതിമന്ദിരങ്ങളിൽ വിതരണം ചെയ്തു. ദേവാലയം വൃത്തിയാക്കി. ദേവാലയ നിർമ്മാണ നിയോഗം വച്ചുള്ള ചെയിൻ പന്തിപ്പൊയിൽ കുരിശിന്റെ വഴിയിൽ അമ്മമാർ പങ്കെടുത്തു. സമാപന സമയത്ത് അമ്മമാർ ഒരുക്കിയ ഭക്ഷണം ഇടവകയിലെ ജനങ്ങൾക്ക് വിതരണം നടത്തി. എക്സിക്യൂട്ടീവ് യോഗം ചേർന്നു. പള്ളിയും പരിസരവും അടിച്ചുവാരി വൃത്തിയാക്കി. റോസറിയിൽ 563 ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**പാടിച്ചിറ**

1500 രൂപ നിരക്കിൽ അഞ്ച് ഭവനങ്ങളിൽ ഈസ്റ്റർ കിറ്റ് നൽകി. ഗർഭസ്ഥ ശിശുക്കൾക്ക്വേണ്ടി നിയോഗം വച്ച് ആയിരം കരുണയുടെ ജപമാല അമ്മമാർ ചൊല്ലി. ബഡ്സ് സ്കൂളിൽ 30 പേർക്കുള്ള ഭക്ഷണം അമ്മമാർ വാങ്ങിച്ചു നൽകി. മേഖലാ മീറ്റിംഗിൽ

ഭാരവാഹികൾ പങ്കെടുത്തു. പുതുഞായറാഴ്ചയിൽ കുരിശുമലയിൽ നടത്തിയ കുരിശിന്റെ വഴിയിൽ അമ്മമാർ പങ്കെടുത്തു. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി.

**ഇരുളം**

മേഖല ജനറൽ ബോഡിയിലും സെമിനാറിലും പങ്കെടുത്തു. മേഖലാ തലത്തിൽ നടത്തിയ വട്ടയപ്പം ഉണ്ടാക്കൽ, പിടി ഉണ്ടാക്കൽ, ചട്ടയും മുണ്ടും ഉടുക്കൽ തുടങ്ങിയ മത്സരങ്ങളിലും, പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ഈസ്റ്റർ കിറ്റിനായി മേഖലയിൽ നിന്ന് ലഭിച്ച 3000/- രൂപയ്ക്ക് ഇടവകയിലെ അഞ്ച് കുടുംബങ്ങൾക്ക് ഈസ്റ്റർ കിറ്റ് കൊടുത്തു. രോഗീ സന്ദർശനം നടത്തി.

**പുതുശ്ശേരിക്കടവ്**

ഓട്ടിസം ദിനത്തിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്കും അവരുടെ മാതാപിതാക്കൾക്കും വേണ്ടി കരുണകൊന്ത ചൊല്ലി പ്രാർത്ഥിച്ചു. വിശുദ്ധ ജാന ബെറേറ്റ മൊള്ള ഓൺലൈൻ ക്വിസ് മത്സരം നടത്തി. നസ്രാണി ഫെസ്റ്റ് നടത്തി. മേഖലാതല സെമിനാറിൽ പങ്കെടുത്തു. മേഖലാ തല ചാവറ ക്വിസ് മത്സരത്തിൽ പങ്കെടുത്തു.

**പൂക്കോട്ടുംപാടം**

വലിയ ആഴ്ചയിലെ തിരുക്കർമ്മങ്ങളിൽ അമ്മമാർ ഭക്ത്യാദരപൂർവം പങ്കെടുത്തു. മേഖലാതലത്തിൽ റമ്പാൻ പാട്ടു മത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**കുറുമണി**

പെസഹാ വ്യാഴം അമ്മമാരുടെ ടീം പുത്തൻ പാന ആലപിച്ച് വീഡിയോ എടുത്ത് മേഖലയ്ക്ക് നൽകി. വി. ഗീവർഗീസ് പുണ്യാളന്റെ തിരുനാൾദിനത്തിൽ അമ്മമാർ അപ്പം ഉണ്ടാക്കി കൊണ്ടുവന്ന് നേർച്ചയായി നൽകി. മേഖലയുടെ ലോകസമാധാനത്തിനായുള്ള ചെയിൻ റോസറിയിൽ പങ്കുചേർന്നു. മേഖല ചാവറ ക്വിസ്സിനും നേതൃസംഗമത്തിലും ടീം പങ്കെടുത്തു.

**നടവയൽ**

വി. ജാന്ന ബരേറ്റ മോള്ളയുടെ തിരുനാൾ ദിനത്തിൽ വിശുദ്ധയുടെ ജീവിതത്തെക്കുറിച്ച് സോഷ്യൽ മീഡിയയിൽ പങ്കുവച്ചു. പാനപാരായണ മത്സരം നടത്തി. ഒന്നും രണ്ടും മൂന്നും സ്ഥാനം നേടിയവരെയും. പ്രോത്സാഹന സമ്മാനത്തിന് അർഹതയുള്ളവരെയും കണ്ടെത്തി. സമ്മാനം നൽകി അനുമോദിച്ചു. രോഗീ സഹായം, സാധു സഹായം എന്നീ ഇനങ്ങളിലായി 1200/ രൂപ നല്കി.

**കരിമാനി**

ബഹു. വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു. ഗിഫ്റ്റ് നൽകി. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി. ഡയാലിസിസ് രോഗികളെ സന്ദർശിച്ചു പ്രാർത്ഥിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് ചേർന്നു. വി. ജാന്ന ബെറേറ്റ മോള്ളയെ പരിചയപ്പെടുത്തി വീഡിയോ ഷെയർ ചെയ്തു.

**മരക്കടവ്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വി. ജാന്നാ ബെരേറ്റാ മോള്ളയുടെ തിരുനാളിന് അമ്മമാർ ദിവ്യബലിയിൽ പങ്കെടുത്തു. ഫണ്ട് ശേഖരണാർത്ഥം ചായപൊടി വിൽപ്പന നടത്തി. മേഖലയിൽ നടത്തിയ *പിടിയും വട്ടയപ്പവും* മത്സരത്തിൽ പങ്കെടുത്തു.

**തലഞ്ഞി**

മലയാറ്റൂർ തീർത്ഥയാത്ര, ഓശാന ഞായറാഴ്ച കുരിശിന്റെ വഴിയോടു കൂടിയുള്ള നാടുകാണിയിലേക്കുള്ള തീർത്ഥയാത്ര തുടങ്ങിയവയിൽ അമ്മമാർ ഭക്തിപൂർവ്വം പങ്കുകൊണ്ടു. വിശുദ്ധ ജാന്നാ ബെരേറ്റാ മൊള്ളയുടെ തിരുനാൾ ദിനത്തിൽ പ്രത്യേകം മാധ്യസ്ഥം യാചിച്ച് പ്രാർത്ഥിച്ചു. ഇടവകയിലെ മരണവീടുകൾ സന്ദർശിച്ചു. ഗ്ലോബൽ തലത്തിലുള്ള സ്ക്കിറ്റ് മത്സരത്തിൽ നാലാം സ്ഥാനവും, രൂപതാതലത്തിൽ ഒന്നാം സ്ഥാനവും ലഭിച്ചു. വിദ്യാഭ്യാസ സഹായമായി 15000/- രൂപ നൽകി. റമ്പാൻ പാട്ട് മത്സരത്തിൽ മേഖല തലത്തിൽ രണ്ടാം സ്ഥാനം ലഭിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ &**
**ഫാ. ബിനു വടക്കേൽ**

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

സെന്റ് വിൻസന്റ് ഡി പോൾ സംഘടന സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട, നിരാലംബരായ നിരവധി കുടുംബങ്ങളുടെയും വ്യക്തികളുടെയും സാന്ത്വന സ്പർശമാണ്. സംഘടനയിലെ വിൻസെൻഷ്യൻ പ്രവർത്തനം അല്മായരുടെ വലിയ ദൗത്യമാണ്. കോൺഫറൻസുകളെയും ഏരിയ കൗൺസിലുകളെയും ഒന്നിച്ചു ചേർത്തുകൊണ്ട് മാനന്തവാടി സെൻട്രൽ കൗൺസിൽ ഈ ദൗത്യം നിറവേറ്റികൊണ്ടിരിക്കുകയാണ്.

**ഓസാനാം ഭവൻ വാർഷിക പൊതുയോഗം**

സെൻട്രൽ കൗൺസിലിന്റെ കാരുണ്യത്തിന്റെ മുഖമായ ഓസാനാം ഭവന്റെ വാർഷിക പൊതുയോഗം മെയ് മാസം രണ്ടാം തീയതി രാവിലെ 10.30 ന് ഓസാനാം ഭവനിൽ വെച്ച് നടത്തപ്പെട്ടു. സി. റോസമ്മ അയ്യങ്കുഴ പ്രാരംഭ പ്രാർത്ഥനയും ബ്ര. ജോർജ് പറമ്പിൽ ജ്ഞാനവായനയും നടത്തി. ബ്ര. ജോണി പാറ്റാനി എല്ലാവരെയും സ്വാഗതം ചെയ്തു. സെക്രട്ടറി ബ്ര. രാജു വലിയാറ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ബ്ര. ജോർജ് പറമ്പിൽ വാർഷിക വരവുചെലവ് കണക്കുകളും ബജറ്റും അവതരിപ്പിച്ചു. റിപ്പോർട്ടും കണക്കും ബജറ്റും പാസാക്കി. ചെയർമാൻ ബ്രദർ ഷൈജൻ തടങ്ങഴിയുടെ അധ്യക്ഷതയിൽ ആണ് യോഗം ചേർന്നത്. റവ. ഫാ. ജോജോ കുടക്കച്ചിറ ആത്മീയ സന്ദേശം നൽകി. തുടർന്ന് ഓസാനാം ഭവൻ ഭരണസമിതിയുടെ തിരഞ്ഞെടുപ്പ് നടന്നു. ഓസാനാം ഭവൻ ബോർഡ് അംഗങ്ങളെ യോഗം ഐകകണ്ഠേന തിരഞ്ഞെടുത്തു. ഓസാനം ഭവൻ ബോർഡ് അംഗങ്ങൾ താഴെ പറയുന്നവരാണ്.

റവ. ഫാ. ജോജോ കുടക്കച്ചിറ
റവ. ഫാ. ഗർവാസിസ് മറ്റം
ബ്രദർ ഷൈജൻ തടങ്ങഴിയിൽ (ചെയർമാൻ)
ബ്രദർ തങ്കച്ചൻ മേപ്പാടത്ത് (വൈസ് ചെയർമാൻ)
ബ്രദർ ജോർജ് പറമ്പിൽ (സെക്രട്ടറി)
ബ്രദർ അജി വിരിപ്പാമറ്റം (ജോയിന്റ് സെക്രട്ടറി)
ബ്രദർ ജയ്സൺ വടക്കേകുടിയിൽ (ട്രഷറർ)
ബ്രദർ റോയി ലൂയിസ് (മാനേജർ)
ബ്രദർ ആന്റണി മണവാളൻ

ബ്രദർ വിൻസന്റ് റാത്തപ്പള്ളി
ബ്രദർ ജോസഫ് ചാത്തമല
ബ്രദർ ഷാജി പൂവത്താനി
സിസ്റ്റർ വത്സമ്മ ഇളയചാലിൽ

ഇന്റേണൽ ഓഡിറ്റർമാരായി ബ്രദർ ജിൽസ് എം. മേക്കലിനെയും ബ്രദർ തങ്കച്ചൻ കദളിക്കാട്ടിലിനെയും തിരഞ്ഞെടുത്തു. റവ. ഫാ. ജോജോ കുടക്കച്ചിറ പുതിയ ഭരണസമിതിക്ക് ആശംസകൾ നേർന്നു. ബ്രദർ ഷൈജൻ തടങ്ങഴിയിൽ എല്ലാവർക്കും നന്ദി പറഞ്ഞു. പ്രാർത്ഥനയോടെ വാർഷിക പൊതുയോഗം അവസാനിച്ചു.

**ഓസാനാം ഭവൻ സന്ദർശനങ്ങൾ**

22/4/26 ന് കൽപ്പറ്റ എൻ.എസ്.എസ്. കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും അപ്പച്ചൻമാരെ കാണാൻ വരികയും അവർക്ക് വേണ്ടി വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. 27/4/26 ന് പാടിച്ചിറ ലിറ്റിൽ ഫ്ളവർ കോൺഫ്രൻസ് അംഗങ്ങൾ ഉച്ചഭക്ഷണം നൽകി. 10/5/26 ന് പയ്യമ്പള്ളി സെന്റ് കാതറിൻ കോൺഫ്രൻസ് അംഗങ്ങൾ ഓസാനം ഭവൻ സന്ദർശിച്ചു. 14/5/26 ന് മുള്ളൻകൊല്ലി സെന്റ് മേരീസ് കോൺഫ്രൻസ് അംഗങ്ങൾ ബ്രദർ അജി വിരിപ്പാമറ്റത്തിന്റെ നേതൃത്വത്തിൽ ഓസാനാം ഭവൻ സന്ദർശിക്കുകയും സഹായം നൽകുകയും ചെയ്തു.

**സെൻട്രൽ കൗൺസിൽ യോഗം**

2/5/26 ന് ഉച്ചകഴിഞ്ഞ് 2.30 ന് സി സി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയുടെ അധ്യക്ഷതയിൽ സെൻട്രൽ കൗൺസിൽ യോഗം ചേർന്നു. ഏരിയ കൗൺസിലുകളുടെ വാർഷിക റിപ്പോർട്ടുകൾ സ്വീകരിച്ചു. പുതിയ കോൺഫറൻസുകൾ രൂപീകരിക്കുന്നതിനെക്കുറിച്ചും വിൻസൻഷ്യൻ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

**പാടിച്ചിറ ഏരിയ കൗൺസിൽ വാർഷികം**

25/4/26 ന് പാടിച്ചിറ ഏരിയ കൗൺസിൽ വാർഷികാഘോഷം നടത്തി. എ സി പ്രസിഡന്റ് ബ്രദർ കുര്യൻ തോമസിന്റെ അധ്യക്ഷതയിൽ, വാർഷികാഘോഷം എ സി ആധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാദർ സജി ഇളയിടത്ത് ഉദ്ഘാടനം ചെയ്തു. സി സി പ്രസിഡന്റ് ബ്രദർ ഷൈജൻ തടങ്ങഴിയിൽ മുഖ്യപ്രഭാഷണം നടത്തി. മരക്കടവ് ഇടവക ആധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. ബിജോയ് ചെമ്പക്കര അനുഗ്രഹ പ്രഭാഷണം നടത്തി. റവ. ഫാ. സന്തോഷ് കരിങ്ങട കപ്പുച്ചിൻ വിൻസൻഷ്യൻ പ്രഭാഷണം നടത്തി. സി സി സെക്രട്ടറി ബ്രദർ രാജു വലിയാറ, സിസ്റ്റർ റോസിൻ മരിയ

സി.എം. സി, സിസ്റ്റർ എൽസിത സി. എം. സി. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. പൗരോഹിത്യ ജൂബിലി നിറവിൽ ആയിരിക്കുന്ന ഫാ. സജി ഇളയിടത്ത്, ഫാ. ബിജോയ് ചെമ്പക്കര എന്നീ വൈദികരെയും വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെയും സപ്തതി നിറവിൽ ആയിരിക്കുന്ന രണ്ട് അംഗങ്ങളെയും ഒരു മുൻകാല പ്രവർത്തക അംഗത്തെയും ചടങ്ങിൽ ആദരിച്ചു. ബ്രദർ ഷിജു പെരുമ്പള്ളി സ്വാഗതവും സിസ്റ്റർ മോളി ആറ്റുപുറം നന്ദിയും അർപ്പിച്ചു. കുഞ്ഞു മിഷനറിമാർ, കാതറിൻ റോസ്, ആഗ്നസ് റെജി എന്നിവർ സംഗീതം ആലപിച്ചു. കിടപ്പുരോഗി പരിചരണം, ദേവാലയത്തിൽ ഒരുമിച്ച് ചേർന്നുള്ള പ്രാർത്ഥന, മൂന്ന് നേഴ്സിങ് വിദ്യാർത്ഥികൾക്കും ഒരു എൻജിനീയറിങ് വിദ്യാർത്ഥിക്കും സാമ്പത്തികസഹായം, രോഗികൾക്ക് ചികിത്സ, ഭക്ഷണം, വസ്ത്രം എന്നിവയും നൽകുന്നുണ്ട്. നിരവധി പേർക്ക് സാമ്പത്തിക സഹായവും നൽകുന്നുണ്ട്. രോഗീസന്ദർശനം, ഭവന സന്ദർശനം എന്നീ പുണ്യ പ്രവർത്തികൾ മുടങ്ങാതെ ചെയ്യുന്നുണ്ട്.

**കൊട്ടിയൂർ ഏരിയ കൗൺസിൽ**

3/5/26 ന് വൈകുന്നേരം നാലുമണിക്ക് എ സി പ്രസിഡണ്ട് സിസ്റ്റർ പ്രിയ തടങ്ങഴിയുടെ അധ്യക്ഷതയിൽ എ സി യോഗം ചേർന്നു. ബ്രദർ ജോസഫ് ചെറുപ്ലാവിൽ സ്വാഗതം പറഞ്ഞു. സെക്രട്ടറി ബ്രദർ സോണി പൂത്തറ റിപ്പോർട്ട് അവതരിപ്പിച്ചു. ബ്രദർ മത്തായികുഞ്ഞ് കണക്ക് അവതരിപ്പിച്ചു. സി സി പ്രസിഡണ്ട് ബ്രദർ ഷൈജൻ തടങ്ങഴിയിൽ സി സി റിപ്പോർട്ടിംഗ് നടത്തി. കോൺഫറൻസുകളുടെ വാർഷിക റിപ്പോർട്ട് അവലോകനം ചെയ്തു. കോൺഫ്രൻസ് പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതമാക്കുന്നതിനും തീരുമാനിച്ചു. രോഗീസന്ദർശനം, ഭവന സന്ദർശനം, ദത്തുകുടുംബ സഹായം, കിടപ്പ് രോഗികൾക്ക് വിശുദ്ധ കുർബാന നൽകാൻ വൈദികരെ സഹായിക്കൽ എന്നീ പുണ്യ പ്രവർത്തികൾ അംഗങ്ങൾ കൃത്യമായി ചെയ്യുന്നുണ്ട്. പ്രാർത്ഥനയോടെ യോഗം അവസാനിച്ചു.

കോൺഫ്രൻസ് യോഗങ്ങളും വാർഷികാഘോഷങ്ങളും, സെന്റ് വിൻസന്റ് ഡിപോൾ സൊസൈറ്റിയുടെ, വിൻസെൻഷ്യൻ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കുന്നു.

**ബ്രദർ ഷൈജൻ തടങ്ങഴിയിൽ**
സി.സി പ്രസിഡന്റ്

### ജലസ്രോതസ്സുകളുടെ വീണ്ടെടുപ്പിനായി മുള്ളൻകൊല്ലിയിൽ 'ഊര് ഉണർവ്' സംഘടിപ്പിച്ചു

വേനലിലെ ജലക്ഷാമത്തിന് പരിഹാരം കാണുന്നതിനും പ്രകൃതിസംരക്ഷണം ഉറപ്പാക്കുന്നതിനുമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ (WSSS) നേതൃത്വത്തിൽ 'ഊര് ഉണർവ്' പരിപാടി സംഘടിപ്പിച്ചു. കാരിത്താസ് ഇന്ത്യയുടെ സഹകരണ ത്തോടെ നടപ്പിലാക്കുന്ന സേഫ് വിത്തിൻ' (Safe Within) പദ്ധതി യുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിച്ചത്. തിരുനെല്ലി ഗ്രാമ പഞ്ചായത്തിലെ മുള്ളൻകൊല്ലിയിൽ നബാർഡിന്റെ (NABARD) സഹായത്തോടെ WSSS നിർമ്മിച്ച ചെക്ക്ഡാം ശുചീകരിച്ച് കൂടുതൽ ഉപയോഗക്ഷമമാക്കുക എന്നതായിരുന്നു പദ്ധതിയുടെ പ്രധാന ലക്ഷ്യം. തിരുനെല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഞ്ജു ബാലൻ ശ്രമദാനം ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർ ശ്രീമതി കാർത്തിക അധ്യക്ഷത വഹിച്ചു.

ചെക്ക്ഡാമിൽ അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്തതോടെ പ്രദേശത്തെ ജലസംരക്ഷണശേഷി വർദ്ധിക്കു കയും കാർഷികാവശ്യങ്ങൾക്കുള്ള ജലലഭ്യത ഉറപ്പാവുകയും ചെയ്തു. നാട്ടുകാരും വിവിധ കോളേജുകളിൽ നിന്നുള്ള സോഷ്യൽ വർക്ക് വിദ്യാർത്ഥികളും കൈകോർത്തപ്പോൾ പരിപാടി ജനപങ്കാ ളിത്തം കൊണ്ട് ശ്രദ്ധേയമായി. മാനസികാരോഗ്യം, ദുരന്ത പ്രതി രോധം എന്നിവ ശക്തിപ്പെടുത്തുന്നതിനൊപ്പം പ്രകൃതി സംരക്ഷണ ത്തിലൂടെ ജീവിത വെല്ലുവിളികൾക്ക് നാട്ടുകാരിൽ നിന്ന് തന്നെ പരിഹാരം കണ്ടെത്തുകയാണ് പദ്ധതി ലക്ഷ്യമിടുന്നത്. വികസന കാര്യസ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ നീർത്തട സംരക്ഷണ സമിതി അംഗം സിജിത് കുമാർ, സേഫ് വിതിൻ പ്രൊജക്റ്റ് കോർഡിനേറ്റർ ഡെൽന മേരി ജെയ്സൺ എന്നിവർ സംസാരിച്ചു. വയനാട് സോഷ്യൽ സർവ്വീസ്സൊസൈറ്റി പ്രൊജക്റ്റ് കോ ഓർഡി നേറ്റർ റോബിൻ ജോസഫ്, സീനിയർ എഞ്ചിനീയർ സെബാസ്റ്റ്യൻ മാത്യു, കമ്മ്യൂണിറ്റി മൊബിലൈസർ സി. ദിവ്യ മുണ്ടയ്ക്കൽ,

ജയന ഒ.പി, ബ്രിഫിംഗ് കൗൺസിലർ സി. ലില്ലി മാത്യു എസ്. എച്ച്. എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**പ്രകൃതിദുരന്തങ്ങളെ അതിജീവിക്കാൻ കൈകോർത്ത് നാട്; എടവക ഗ്രാമപഞ്ചായത്തിൽ 'ഗ്രാമപഥം' സംഘടിപ്പിച്ചു.**

പ്രകൃതിക്ഷോഭങ്ങളെയും പ്രളയസാധ്യതകളെയും ശാസ്ത്രീയമായി നേരിടുന്നതിനും ജനങ്ങളുടെ മാനസിക പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സേഫ് വിത്തിൻ (Safe Within) പദ്ധതിയുടെ ഭാഗമായി എടവക ഗ്രാമപഞ്ചായത്തിൽ 'ഗ്രാമപഥം' പരിപാടി സംഘടിപ്പിച്ചു. ഏപ്രിൽ 16-ന് ചാമാടിപൊയിൽ കാർഷിക വിപണി കേന്ദ്രത്തിൽ നടന്ന ചടങ്ങിൽ അഗ്രഹാരം, ചാമാടിപൊയിൽ, പായോട് പ്രദേശങ്ങളിലെ നിരവധി നാട്ടുകാരുൾപ്പടെ 65 പേർ പങ്കെടുത്തു.

ചെറിയ മഴയിൽ പോലും വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ സജീവ പങ്കാളിത്തമാണ് പരിപാടിയിൽ ദൃശ്യമായത്. ദുരന്ത സാധ്യതയുള്ള സ്ഥലങ്ങൾ, സുരക്ഷിതമായ അഭയകേന്ദ്രങ്ങൾ എന്നിവയ്ക്ക് പുറമെ വാർഡിലെ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് സമഗ്രമായ PDRA (Participatory Disaster Risk Assement) മാപ്പിങ് തയ്യാറാക്കി. പ്രകൃതി ദുരന്തങ്ങൾക്കൊപ്പം ജനങ്ങൾ നേരിടുന്ന മാനസിക സംഘർഷങ്ങൾ പങ്കുവെക്കാനുള്ള വേദികൂടിയായി 'ഗ്രാമപദം' മാറി. എടവക ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡണ്ട് മുസ്തഫ 'ഗ്രാമപഥം' ഉദ്ഘാടനം ചെയ്തു. വാർഡ് മെമ്പർമാരായ അഷ്മില ഫൈസൽ, വിനോദ് തോട്ടത്തിൽ എന്നിവർ സംസാരിച്ചു.

2018-19 പ്രളയകാലം മുതൽ പ്രദേശവാസികൾക്ക് താങ്ങായി നിൽക്കുന്ന സംഘടനയാണ് WSSS. ഏത് ആപത്ത് ഘട്ടത്തിലും ഓടിയെത്തുന്ന ഒരു ഉത്തമ സുഹൃത്തായി WSSS കൂടെയുണ്ട് എന്നും ജനപ്രതിനിധികൾ അഭിപ്രായപ്പെട്ടു. മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനൊപ്പം ശാരീരികമായ അതിജീവനത്തിന് കരുത്തുപകരുന്ന സേഫ് വിത്തിൻ പദ്ധതികൾക്ക് വലിയ പ്രതീക്ഷയാണ് നൽകുന്നതെന്ന് പങ്കെടുത്തവർ പറഞ്ഞു. കൂട്ടായ്മയിലൂടെയും പരസ്പരമുള്ള കരുതൽ വഴിയും ദുരന്തങ്ങളെ അതിജീവിക്കാനുള്ള ഗ്രാമത്തിന്റെ ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ടാണ് പരിപാടി സമാപിച്ചത്.

സേഫ് വിത്തിൻ പ്രോജക്ട് കോർഡിനേറ്റർ ഡെൽന മേരി ജയ്സൺ, കമ്മ്യൂണിറ്റി മൊബിലൈസർ സി. ദിവ്യ മുണ്ടയ്ക്കൽ

എസ്.ഡി, എൻ. ആർ. എം. കോർഡിനേറ്റർ ദീപു, എന്നിവർ സംസാരിക്കുകയും പരിപാടിക്ക് നേതൃത്വം നൽകുകയും ചെയ്തു. വിവിധ കോളേജുകളിൽ നിന്നും സാമൂഹിക പ്രവർത്തന പരിശീലനത്തിനായി എത്തിയ വിദ്യാർത്ഥികളും പരിപാടിയിൽ സജീവ പങ്കാളികളായി.

**നീരുറവ സംരക്ഷണത്തിന് നാട് ഒന്നായി അണിചേർന്നു**

ജലസംരക്ഷണത്തിന്റെ പ്രസക്തി ഏറെ ഉള്ള ഈ സമയത്ത് പ്രദേശത്തെ പ്രധാന നീരുറവ സംരക്ഷിക്കുവാൻ ഒരുനാട് മുഴുവൻ മുന്നിട്ടിറങ്ങി. കാവിലുമ്പാറ ഗ്രാമപഞ്ചായത്ത് ചാത്തൻകോട്ടുനട നീർത്തടപ്രദേശത്തെ ഏറ്റവും പ്രധാനപ്പെട്ട നീരുറവ ആയിരുന്ന പൊയിലോംച്ചാൽ വലിയ വീട്ടിൽ ഏലിയാസിന്റെ ഉടമസ്ഥതയിലുള്ള നീരുറവ വൃത്തിയാക്കുവാൻ പ്രദേശത്തെ നൂറോളം പേർ ഒത്തുചേർന്നു. കുട്ടികളും സ്ത്രീകളും യുവജനങ്ങളും അടങ്ങുന്ന മുഴുവൻ ജനവിഭാഗങ്ങളും ഈ മഹാ ഉദ്യമത്തിൽ പങ്കാളികളായി. നീരുറവയിലെ മാലിന്യങ്ങൾ നീക്കം ചെയ്തും പരിസരത്തെ കാട് വെട്ടിനീക്കിയും ജലസ്രോതസ്സ് സംരക്ഷിച്ചു. കാവിലുമ്പാറ ഗ്രാമപഞ്ചായത്തിൽ ചാത്തൻകോട്ടുനട നീർത്തട വികസന സമിതിയുടെ നേതൃത്വത്തിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സാങ്കേതിക സഹായത്തോടെ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശ്ശിക്കുന്ന നീരുറവ അടിസ്ഥാനമാക്കിയുള്ള വികസന പദ്ധതിയുടെ ജനകീയ ശ്രമദാനം എന്ന രീതിയിലാണ് ജലസ്രോതസ്സ് വൃത്തിയാക്കിയത്. പരിപാടിയുടെ കാവിലുമ്പാറ ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ബോബി മൂക്കൻതോട്ടത്തിലിന്റെ അധ്യക്ഷതയിൽ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് രമേശൻ മണലിൽ ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി. എ. പദ്ധതി വിശദീകരിച്ചു സംസാരിച്ചു. ആറാം വാർഡ് മെമ്പർ പവിത്രൻ വട്ടകി ആശംസ നേർന്നു സംസാരിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർമാരായ പ്രിൻസി തുണ്ടിയിൽ, ദിവ്യ പൂവടിത്തറ, സൗമ്യ സജിത്ത് എന്നിവർ സംബന്ധിച്ചു. നീർത്തട വികസന സമിതി ചെയർമാൻ ടോമി പ്ലാക്കാട്ട്, സെക്രട്ടറി ജോസ് തകടിയേൽ എന്നിവർ പരിപാടിക്ക് ചാത്തൻകോട്ടുനട നീർത്തട കമ്മിറ്റി ഭാരവാഹികൾ, പ്രദേശത്തെ കുടുംബശ്രീ യൂണിറ്റുകൾ, സ്വാശ്രയ സംഘങ്ങൾ, സാമൂഹ്യ സന്നദ്ധ സംഘടനകൾ എന്നിവർ നേതൃത്വം നൽകി.

**വീ ലീഡ് പദ്ധതിയുടെ ഭാഗമായി മെഴുകുതിരി നിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി വീ ലീഡ് പദ്ധതിയുടെ ഭാഗമായി മെഴുകുതിരി നിർമ്മാണത്തിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ നടന്ന പരിശീലന പരിപാടി വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി. എ. ജോസിന്റെ അധ്യക്ഷതയിൽ വീ ലീഡ് പദ്ധതി ജില്ലാ കോഡിനേറ്റർ വരുൺ ടി.പി. ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രോഗ്രാം കോർഡിനേറ്റർ ജാൻസി ജിജോ, റീജിയണൽ കോ. ഓർഡിനേറ്റർമാരായ ബിൻസി വർഗീസ്, ജിനി ഷിനു, ആലീസ് സിസിൽ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. വീ ലീഡ് ഫീൽഡ് കോ ഓർഡിനേറ്റർ അനഘ ജോസ് പദ്ധതി വിശദീകരണം നടത്തി. സ്വന്തമായി ആവശ്യമായ മെഴുകുതിരി ഉദ്പാദിപ്പിക്കുക, വ്യക്തിപരമായും, സ്വാശ്രയ സംഘതലത്തിലും മെഴുകുതിരി ഉദ്പാദിപ്പിച്ച് വിപണനം നടത്തുക, വരുമാന വർദ്ധക പദ്ധതികൾ ആരംഭിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്. പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. കൂടാതെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള വായ്പ സൗകര്യവും സാങ്കേതിക സഹായവും നൽകും.

**സേഫ് വിതിൻ പദ്ധതിയുടെ ഭാഗമായി സംഘമിത്ര പരിപാടി സംഘടിപ്പിച്ചു**

വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി, കാരിത്താസ് ഇന്ത്യയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന സേഫ് വിത്തിൻ പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിരിക്കുന്ന കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററിൽ സംഘമിത്ര പരിപാടി സംഘടിപ്പിച്ചു. പരിപാടിയുടെ ഉദ്ഘാടനം തരിയോട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷമീം പാറക്കിനിർവഹിച്ചു. ചടങ്ങിൽ സേഫ് വിത്തിൻ കോർഡിനേറ്റർ ഡെൽനമേരി ജെയ്സൺ അധ്യക്ഷത വഹിച്ചു. സേഫ് വിത്തിൻ കമ്മ്യൂണിറ്റി മൊബിലൈസർ സി. ദിവ്യ മുണ്ടയ്ക്കൽ എസ്. ഡി. വിഷയാവതരണം നടത്തി. മാതൃദിനാചരണത്തിന്റെ ഭാഗമായി അമ്മമാരുടെ മാനസികാരോഗ്യം എന്ന വിഷയത്തെ ആസ്പദമാക്കി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു. ചെന്നലോട് ലൂയിസ്

മൗണ്ട് ഹോസ്പിറ്റലിലെ സൈക്യാട്രിക് സോഷ്യൽ വർക്കർ സിസ്റ്റർ ആൻമരിയ ക്ലാസ് നയിച്ചു.

ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി അംഗം സിസിലി മാണിയും വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി റീജിയണൽ കോർഡിനേറ്റർ ആലീസും ആശംസകൾ നേർന്നു. ചെന്നലോട് പ്രദേശത്തെ നിരവധി അമ്മമാർ പരിപാടിയിൽ പങ്കെടുത്തു. പരിപാടിയിൽ പങ്കെടുത്ത കുടുംബങ്ങൾ അവരുടെ അനുഭവങ്ങളും പ്രശ്നങ്ങളും തുറന്ന് പങ്കുവെച്ചത് ശ്രദ്ധേയമായി. ഇതിലൂടെ സമൂഹത്തിൽ മാനസികാരോഗ്യത്തെക്കുറിച്ചുള്ള അവബോധം വർധിപ്പിക്കാനും ഭാവിയിൽ ആവശ്യമായ സഹായ പദ്ധതികൾ രൂപപ്പെടുത്തുന്നതിനും സഹായകരമാകുമെന്ന് സംഘാടകർ അറിയിച്ചു.

**നബാർഡ് നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി പഠനയാത്ര നടത്തി**

കാവിലുമ്പാറ ഗ്രാമപഞ്ചായത്തിൽ നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ചാത്തൻകോട്ടുനട നീർത്തട വികസന സമിതിയുടെ നേതൃത്വത്തിൽ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സാങ്കേതിക സഹായത്തോടെ പുതുതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നീരുറവ അടിസ്ഥാനമാക്കിയുള്ള വികസന പദ്ധതിയുടെ ഭാഗമായിട്ട് പഠനയാത്ര നടത്തി. പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനാണ് കാവിലുമ്പാറ ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, നീർത്തട വികസന സമിതി ഭാരവാഹികൾ, പദ്ധതി നിർവ്വഹണ ഏജൻസി ആയ വയനാട് സോഷ്യൽ സർവീസ് സൊസൈറ്റി പ്രവർത്തകർ, കുടുബശ്രീ സ്വാശ്രയ സംഘം ഭാരവാഹികൾ, മാതൃക കർഷകർ എന്നിവർ ആണ് പഠനയാത്രയിൽ പങ്കെടുത്തത്. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ കാസർഗോഡ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സെന്റർ ഫോർ ഓവർ ഓൾ ഡെവലപ്മെന്റിന്റെ നേതൃത്വത്തിൽ കേരളത്തിൽ ആദ്യമായി നടപ്പിലാക്കിയ കുണ്ടാരം നീർത്തട പ്രദേശത്തേക്കാണ് പഠനയാത്ര നടത്തിയത്. പഠനയാത്രക്ക് കാവിലുമ്പാറ ഗ്രാമപഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ബോബി മൂക്കൻതോട്ടം, നീർത്തട വികസന സമിതി ചെയർമാൻ ടോമി പ്ലാക്കാട്ട്, സെക്രട്ടറി ജോസ് തകടിയേൽ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രൊജക്റ്റ് കോ ഓർഡിനേറ്റേഴ്സ് ആയ റോബിൻ ജോസഫ്, ദീപു ജോസഫ് എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (sws)**

**sws മീറ്റിംഗ്**

മംഗലശ്ശേരി, ചുങ്കക്കുന്ന്, മൊതക്കര, ഒഴുക്കന്മൂല, ചുള്ളിയാന, കാരക്കാമല, പോരൂർ, പ്രശാന്തഗിരി, കുറുമണി, പാൽചുരം, ചെന്നലോട്, അമ്പായത്തോട്, വെള്ളൂന്നി, കൊട്ടിയൂർ, പടമല, കമ്മന, ആറാട്ടുതറ, തൃശ്ശിലേരി, പയ്യമ്പള്ളി, ചെറുകാട്ടൂർ, ദ്വാരക, തവിഞ്ഞാൽ, ഒണ്ടയങ്ങാടി, സീതാമൗണ്ട്, കല്ലോടി, കുഞ്ഞോം, നിരവിൽപ്പുഴ, ചൂരൽമല, പാറത്തോട്ടം, എടയൂർക്കുന്ന്, നടവയൽ, ആലാറ്റിൽ, എന്നിവിടങ്ങളിൽ നടത്തിയ സോഷ്യൽ വെൽഫയർ സൊസൈറ്റി മീറ്റിംഗുകൾക്ക് ഫാ. തോമസ് വാഴച്ചാലിൽ, ഫാ. റെജീഷ് കറുത്തേടത്ത്, ഫാ. മനോജ് കാക്കോനാൽ, എസ്.ഡബ്ല്യു. എസ്. കോഡിനേറ്റർമാരായ ആലീസ് സിസിൽ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ലിജ കുര്യാക്കോസ് എന്നിവർ നേതൃത്വം നൽകി.

**ഗ്രൂപ്പ് രൂപീകരണം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിവിധങ്ങളായ പ്രൊജക്ടുകളും പ്രവർത്തനങ്ങളും കൂടുതൽ ഇടവകകളിലേക്കും കുടുംബങ്ങളിലേക്കും വ്യക്തികളിലേക്കും വ്യാപിപ്പിക്കുക, വരുമാന വർദ്ധക പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനങ്ങൾ നൽകുക, സമ്പാദ്യശീലം വളർത്തുക എന്നീ ലക്ഷ്യങ്ങളോടെ അരിവയൽ, മംഗലശ്ശേരി, അരണപ്പാറ, വലിയകൊല്ലി, കുഴിനിലം എന്നിവിടങ്ങളിൽ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**സോപ്പുല്പ്പന്ന നിർമ്മാണ പരിശീലനം നടത്തി**

ജൂഡ്സ്മൗണ്ട്, മാനന്തവാടി, തോണിച്ചാൽ, ഒഴുക്കന്മൂല എന്നീ സ്ഥലങ്ങളിൽ നിർമ്മാണ പരിശീലനം നടത്തി.

**ആട് വിതരണം**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ വിവിധ പ്രവർത്തനങ്ങൾ കൂടുതൽ വ്യക്തികളിലേക്കും കുടുംബങ്ങളിലേക്കും വരുമാനം വർധിപ്പിക്കുന്നതിനായി പ്രശാന്തഗിരി, എടയൂർക്കുന്ന് എന്നീ എസ്. ഡബ്ല്യൂ. എസിൽ ആടുവിതരണം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for  Labour and Welfare - Diocese of Mananthavady)

**പാരിഷ് കോഡിനേറ്റേഴ്സ് വാർഷിക സമ്മേളനം**

പാരിഷ് കോഡിനേറ്റർമാരുടെ വാർഷിക സമ്മേളനം മെയ് രണ്ടിന് WSSS ഓഡിറ്റോറിയത്തിൽ ചേർന്നു. കെ.എൽ.എം. രൂപതാ പ്രസിഡണ്ട് ബിജു പോൾ അധ്യക്ഷത വഹിച്ചു. WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ യോഗം ഉദ്ഘാടനം ചെയ്തു. ചെറുകിടതോട്ടം തൊഴിലാളി സംസ്ഥാന സെക്രട്ടറി ജോബി തോമസ് ക്ഷേമനിധികളെ കുറിച്ച് വിവരിച്ചു. കോഡിനേറ്റർ മിനി 2025 വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ സ്വാഗതമാശംസിക്കുകയും 2026 വർഷത്തെ പ്രവർത്തന പദ്ധതികൾ അവതരിപ്പിക്കുകയും ചെയ്തു. മാനന്തവാടി ഫൊറോനാ കോഡിനേറ്റർ മനോജ് മാസ്റ്റർ സമ്മേളനത്തിന് നന്ദിയർപ്പിച്ചു.

**തൊഴിൽ ഉപകരണങ്ങൾ വിതരണം ചെയ്തു**

നിർമ്മാണ മേഖലയിൽ തൊഴിൽ എടുക്കുന്ന മുപ്പത് തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ സൗജന്യമായി നല്കി. മാർബിൾ കട്ടർ, മെയ്സൺ കിറ്റ്, ഹാൻഡ് ഡ്രിൽ, പെയ്ൻറിംഗ് കംപ്രസർ എന്നിവയാണ് വിതരണം ചെയ്തത്.

ചെറുകിട തോട്ടം തൊഴിലാളികളായ പത്ത് പേർക്ക് കാട് വെട്ട് യന്ത്രങ്ങളും, ട്രോളികളും വിതരണം ചെയ്തു. ഉപകരണങ്ങളുടെ വിതരണം WSSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ നിർവ്വഹിച്ചു.

**ഫൊറോനാ കോഡിനേറ്റർമാരുടെ യോഗം**

ഫൊറോന കോഡിനേറ്റർമാരുടെ യോഗം രൂപതാ ഡയക്ടറുടെ നേതൃത്വത്തിൽ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും പുതിയ പ്രവർത്തനങ്ങൾക്ക് രൂപം നൽകുകയും ചെയ്തു.

**2025-ൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ**

- 20 തയ്യൽ തൊഴിലാളികൾക്കായി നാല് ലക്ഷം രൂപയ്ക്കുള്ള, മെഷിനുകൾ നല്കി തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു.
- 20 വനിതകൾക്ക് ആട് ഫാം തുടങ്ങുന്നതിന് ആടുകളെ നല്കി. ഇതിനായി രണ്ട് ലക്ഷം രൂപ വിനിയോഗിച്ചു.

- 30 നിർമ്മാണ തൊഴിലാളികൾക്ക് രണ്ട് ലക്ഷം രൂപയുടെ തൊഴിൽ ഉപകരണങ്ങൾ നല്കി.
- പത്ത് ചെറുകിട തോട്ടം തൊഴിലാളികൾക്ക് ഒന്നര ലക്ഷം രൂപയുടെ കാർഷിക ഉപകരണങ്ങൾ നല്കി.
- ഫാമിലി ഹെൽത്ത്കെയർ പദ്ധതി പ്രകാരം 251 കുടുംബങ്ങൾക്കായി ആരോഗ്യ ഇൻഷൂറൻസ് നടപ്പിലാക്കി. ഇതിനായി 15 ലക്ഷം രൂപ സഹായധനം നല്കി.
- 100 പേർക്ക് സംരംഭകത്വ പരിശീലനം നല്കി.
- 10 കുടുംബങ്ങൾക്ക് വിവിധ സർക്കാർ സംവിധാനങ്ങളിലൂടെ വിദ്യാഭ്യാസ വായ്പ, വീട് നിർമ്മാണം, സംരംഭകത്വ സഹായം എന്നിവ ലഭ്യമാക്കാൻ സാധിച്ചു.
- വിവിധ ക്ഷേമനിധികളിലായി 608 പേരെ അംഗങ്ങളാക്കി.
- വയോജനങ്ങൾക്കുള്ള സൗജന്യ ഇൻഷൂറൻസ് കാർഡ് 135 പേർക്ക് ലഭ്യമാക്കി.

**2026 ലെ പ്രധാന പദ്ധതികൾ**

- തൊഴിൽ ഉപകരണ വിതരണം
- സംരംഭകത്വ പരിശീലനം
- പാരിഷ് ടീം രൂപീകരണം
- ഫാമിലി ഹെൽത്ത് കെയർ വ്യാപനം
- ജോബ് പോർട്ടലും തൊഴിൽ ലഭ്യമാക്കലും

**കോഡിനേറ്റർമാരുടെ ശ്രദ്ധയ്ക്ക്**

പല ഇടവകകളിലും പുതിയ വികാരിയച്ചൻമാർ ചുമതല ഏറ്റെടുത്തിരിക്കുകയാണല്ലോ. കോഡിനേറ്റർമാർ അച്ചനുമായി പരിചയപ്പെടുകയും മേൽ സൂചിപ്പിച്ച പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയും ചെയ്യണം. ഫൊറോനാ കോഡിനേറ്റർമാർ ഫൊറോനാ വികാരിയുമായി കൂടി ആലോചിച്ച് ഇടവകാ പ്രവർത്തനങ്ങൾ സജീവമാക്കാനും നേതൃത്വം നൽകാനും ശ്രദ്ധിക്കുകയും ചെയ്യണം.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**1. SAFP - FDP പ്രോജക്ട് വിവരശേഖരണം**

സേവ് എ ഫാമിലി പ്രോഗ്രാമിന്റെ ഭാഗമായ ഫാമിലി ഡെവലപ്പ്മെന്റ് പ്രോജക്ട് NDS ന്റെ ആഭിമുഖ്യത്തിൽ നീലഗിരിയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുവാൻ അനുയോജ്യരായ ആളുകളെ കണ്ടെത്തുന്നതിനു വേണ്ടിയുള്ള ഫീൽഡ് വിസിറ്റ് നടത്തി, യോഗ്യരായ കുടുംബങ്ങളെ കാണുകയും വിവരശേഖരണം നടത്തുകയും ചെയ്തു. നാളിതുവരെ ഈ പ്രോജക്ടിന് അർഹരായ 280 കുടുംബങ്ങളെ കണ്ടെത്തി അവരുടെ വിവരങ്ങൾ ശേഖരിക്കുകയും 228 കുടുംബങ്ങളുടെ വിവരങ്ങൾ SAFP ഓഫീസിൽ സമർപ്പിക്കുകയും, അതിൽ 226 കുടുംബങ്ങളെ യോഗ്യരായി അംഗീകരിക്കുകയും ചെയ്തു. നിലവിൽ തിരഞ്ഞെടുക്കപ്പെട്ട 226 കുടുംബങ്ങളുടെയും വിവരങ്ങൾ സോഫ്റ്റവെയറിൽ അപ്ലോഡ് ചെയ്തു വരുന്നു.

**2. SAFP – Drinking Water Project**

ബോധവത്ക്കരണ ക്ലാസും, വാട്ടർ പ്യൂരിഫയർ വിതരണവും NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. നിഷ്വിൻ തേൻപള്ളിൽ, കയ്യൂന്നി യൂണിറ്റ് ഡയറക്ടർ ഫാ. ബിജു പൊൻപാറയ്ക്കൽ, ധർമ്മഗിരി യൂണിറ്റ് ഡയറക്ടർ ഫാ. ബിജു തുരുത്തേൽ, കൽപ്ര യൂണിറ്റ് ഡയറക്ടർ ഫാ. ജോർജ് കുട്ടി കണിപ്പള്ളിൽ, ബോസ്പാറ യൂണിറ്റ് ഡയറക്ടർ ഫാ. ജോസ്, ശ്രീനിവാസ് സർവ്വീസ് ട്രസ്റ്റ് സ്റ്റാഫംഗങ്ങൾ എന്നിവരുടെ നേതൃത്വത്തിൽ യൂണിറ്റ് ഭാരവാഹികളുടെ സഹായത്തോടെ വാട്ടർ പ്യൂരിഫയറുകളുടെ വിതരണം പൂർത്തിയാക്കി. ഈ പദ്ധതിയുടെ ഭാഗമായി 500 വാട്ടർ പ്യൂരിഫയറുകളാണ് വിതരണം ചെയ്തത്.

പ്യൂരിഫയറുകളുടെ വിതരണത്തോടനുബന്ധിച്ച് ശുദ്ധമായ കുടിവെള്ളം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ബോധവത്ക്കരണ ക്ലാസും, വാട്ടർ പ്യൂരിഫയർ ഇൻസ്റ്റലേഷൻ ഡെമോക്ലാസും നടത്തി.

| തീയതി | യൂണിറ്റിന്റെ പേര് | എണ്ണം |
|---|---|---|
| 30.03.2026 | ബോസ്പാറ | 74 |
| 31.03.2026 | ധർമ്മഗിരി | 73 |
| 07.04.2026 | കുന്നലാടി | 32 |
| 07.04.2026 | കൽപ്ര | 71 |
| 07.04.2026 | കയ്യൂന്നി | 84 |
| 11.04.2026 | വിമലഗിരി | 68 |
| 14.04.2026 | ഗൂഡല്ലൂർ | 32 |
| 17.04.2026 | ഓവാലി | 40 |
| 24.04.2026 | ശ്രീമധുര | 26 |
| | **ആകെ** | **500** |

### 3. മേഖലാ ഇവാലുവേൻ മീറ്റിംഗ്

NDS ന്റെ മേഖലാ ഇവാലുവേഷൻ മീറ്റിംഗ് 13.05.2026 ബുധനാഴ്ച്ച രാവിലെ 11 മണിമുതൽ NDS മേഖലാ ഓഫീസിൽവെച്ച് നടത്തപ്പെട്ടു. NDS ഡയറക്ടർ ബഹു. ബിനോയി കാശാംകുറ്റിയിൽ അച്ചൻ മീറ്റിംഗിന് നേതൃത്വം വഹിച്ചു. NDS വിമലഗിരി, ബോസ്പാറ, കയ്യൂന്നി, കൽപ്ര, ധർമ്മഗിരി, പെരിയശോല യൂണിറ്റിലെ കോഡിനേറ്റർമാർ അതാത് യൂണിറ്റുകളുടെ 2025–26 വർഷത്തെ പ്രവർത്തന റിപ്പോർട്ടും ക്രഡിറ്റ് യൂണിയന്റെ കണക്കും അവതരിപ്പിച്ചു. യൂണിറ്റുകളിൽ നടപ്പിലാക്കിയ മികച്ച പ്രവർത്തനങ്ങളെ എടുത്ത് പറഞ്ഞ് അച്ചൻ യൂണിറ്റിന് മേഖലയുടെ അഭിനന്ദനങ്ങൾ അറിയിച്ചു. ഓരോ യൂണിറ്റിലെയും അംഗങ്ങളുടെയും, കുടുംബങ്ങളുടെയും സാമ്പത്തികവും, സാംസ്കാരികവും, സാമൂഹികവും, വ്യദ്യാഭ്യാസപരവുമായ വികസനത്തിന് NDS നല്കുന്ന സംഭാവനകളെ അച്ചൻ ഒരിക്കൽകൂടി എടുത്തുപറയുകയും ഇനിയുള്ള കാലങ്ങളിലും NDS ന്റെ പ്രവർത്തനങ്ങൾ ഇത്തരത്തിൽ തന്നെ മുന്നോട്ട് കൊണ്ടുപോകണമെന്ന് അച്ചൻ ഭാരവാഹികൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

### 4. ബിനോയി അച്ചന് യാത്രയയപ്പ് സമ്മേളനം

കഴിഞ്ഞ 10 വർഷമായി NDS ന്റെ ഡയറക്ടറായി സേവനം അനുഷ്ഠിച്ച്, ഇപ്പോൾ ഒറീസ മിഷനിലേക്ക് യാത്രയാകുന്ന ബഹു. ബിനോയി അച്ചന് യൂണിറ്റുകളുടെ നേതൃത്വത്തിൽ 13.05.2026 ബുധനാഴ്ച്ച രാവിലെ 11 മണിക്ക് യാത്രയയപ്പ് നല്കി. നീലഗിരി റീജിയണൽ ഡയറക്ടർ ബഹു. ബിജു പൊൻപാറയ്ക്കൽ അച്ചൻ മീറ്റിംഗിന് അദ്ധ്യക്ഷത വഹിച്ചു.

ബിനോയി അച്ചൻ NDS ഡയറക്ടറെന്ന നിലയിൽ ചെയ്ത കാര്യങ്ങൾ അനുസ്മരിച്ച് നന്ദിയും ആശംസകളും അർപ്പിച്ചു. തുടർന്ന് NDS ധർമ്മഗിരി, കൽപ്ര, ബോസ്പാറ, കയ്യൂന്നി, വിമലഗിരി യൂണിറ്റുകളിൽനിന്നുള്ള പ്രതിനിധികൾ അച്ചന്റെ സേവനങ്ങളെ ഓർത്ത് നന്ദിപറയുകയും, ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

**5. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ സർവ്വീസ്**

NDS ന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പെയിൻ & പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾ 2026 മെയ് 3,5,8,11,13,16 തീയതികളിലായി നടത്തി. പെരുമ്പള്ളി, കുന്നലാടി, ബെക്കി, പാട്ടവയൽ, കയ്യൂന്നി, പ്രദേശങ്ങളിൽ പാലിയേറ്റിവ് കെയർ ശുശ്രൂഷകൾ ചെയ്തു. കിടപ്പു രോഗികൾക്ക് Catheterization ചെയ്തു. എല്ലാ രോഗികളുടെയും BP, SPO 2, GRBS എന്നിവ പരിശോധിച്ചു. 10 രോഗികൾക്ക് സ്ഥിരമായി BP യുടെ മരുന്ന് പാലിയേറ്റീവിന്റെ നേതൃത്വത്തിൽ നല്കി വരുന്നു. പെരുമ്പള്ളി, കുന്നലാടി, പാട്ടവയൽ കോളനികൾ സന്ദർശിക്കുകയും മരുന്ന്, ഭക്ഷണം, വസ്ത്രങ്ങൾ എന്നിവ നല്കുകയും ചെയ്തു. കുന്നലാടിയിൽ സിസിലി വെള്ളയിൽ എന്ന കിഡ്നി രോഗിക്ക് Erythropoietin Injection മേടിച്ച് കൊടുത്തു. ക്യാൻസർ രോഗികൾക്ക് ഡ്രസിംഗ് ചെയ്തു കൊടുത്തു.

**4. കരുണൈ ആംബുലൻസ് സർവ്വീസ്**

ഈ മാസം ആംബുലൻസ് പാട്ടവയൽ, ബത്തേരി, കടുക്കാസിറ്റി, മണിമൂളി, കൽപ്ര, കയ്യൂന്നി, കുന്നലാടി, കോഴിക്കോട് എന്നീ പ്രദേശങ്ങളിൽ രോഗികളുമായി പോകുകയും, നിർദ്ദനരായ രോഗികൾക്ക് ആംബുലൻസിന്റെ സേവനം ലഭ്യമാക്കുകയും ചെയ്തു.

**5. യൂണിറ്റ്തല പ്രവർത്തനങ്ങൾ**

**ബോസ്പാറ**

ബോസ്പാറ യൂണിറ്റിന്റെ എക്സിക്യൂട്ടീവ്, വിലയിരുത്തൽ മീറ്റിംങ്ങുകൾ നടത്തി ഗ്രൂപ്പുകളുടെയും, യൂണിറ്റിന്റെയും പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. മേഖലയുടെ നേതൃത്വത്തിൽ ക്രെഡിറ്റ് യൂണിയൻ കണക്കുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കി.

**വിമലഗിരി**

വിമലഗിരി യൂണിറ്റ് എക്സിക്യൂട്ടീവ് മീറ്റിംഗ്, വിലയിരുത്തൽ മീറ്റിംഗ് എന്നിവ കൃത്യമായി നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ യൂണിറ്റിന്റെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. ക്രെഡിറ്റ് യൂണിയന്റെ പിരിവും ലോൺ തിരിച്ചടവും കൃത്യമായി നടത്തിവരുന്നു. മേഖലയുടെ നേതൃത്വത്തിൽ ക്രെഡിറ്റ് യൂണിയൻ കണക്കുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കി.

**കൽപ്ര**

യൂണിറ്റ് കർമ്മസമിതി മീറ്റിംഗും, വിലയിരുത്തൽ മീറ്റിംഗും നടത്തി. ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കി. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ പാസാക്കുകയും ചെയ്തു. മേഖലയുടെ നേതൃത്വത്തിൽ ക്രെഡിറ്റ് യൂണിയൻ കണക്കുകളുടെയും, സ്വാശ്രയസംഘങ്ങളുടെ കണക്കുകളുടെയും ഓഡിറ്റിംഗ് പൂർത്തിയാക്കി.

**ധർമ്മഗിരി**

യൂണിറ്റ് കർമ്മസമിതിയും, ഗ്രൂപ്പുകളുടെ ഇവാലുവേഷൻ മീറ്റിംഗും നടത്തി. എല്ലാ ഗ്രൂപ്പുകളും പങ്കെടുത്തു. ക്രഡിറ്റ് യൂണിയനിൽ നിക്ഷേപം സ്വീകരിക്കുകയും, പുതിയ ലോണുകൾ പാസാക്കുകയും ചെയ്തു.

**കയ്യൂന്നി**

കയ്യൂന്നി യൂണിറ്റിന്റെ നേതൃത്വത്തിൽ കമ്മിറ്റി മീറ്റിംഗ്, ഇവാലുവേഷൻ മീറ്റിംഗ് എന്നിവ നടത്തപ്പെട്ടു. ഏപ്രിൽ മാസത്തിൽ ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ് പൂർത്തിയാക്കി. യൂണിറ്റ് കമ്മിറ്റിയംഗങ്ങൾ മൂന്ന് SHG കളുടെ മീറ്റിംഗിൽ പങ്കെടുത്തു.

**ഫാ. നിഷ്വിൻ ടി. തോമസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ
നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




**ചരിത്ര സെമിനാർ**

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സമുദായ ശക്തീകരണ വർഷത്തിന്റെ ഭാഗമായി 2026 മെയ് 1 ന് ചരിത്ര സെമിനാർ സംഘടിപ്പിച്ചു. സമുദായം സാമൂഹിക, സാംസ്കാരിക വിദ്യാഭ്യാസ, ആരോഗ്യ, സാമ്പത്തിക, രാഷ്ട്രീയ, കാർഷിക മേഖലകളിൽ നൽകിയ മികച്ച സംഭാവനകളെപ്പറ്റി സമുദായാംഗങ്ങൾക്ക് ഇടവകാതലത്തിൽ അവബോധം നൽകുവാൻ റിസോഴ്സ് ടീമിനെ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ചരിത്ര സെമിനാർ സംഘടിപ്പിച്ചത്. ഇടവകകളിൽ നിന്ന് ക്ലാസുകൾ നയിക്കാൻ പ്രാപ്തരായ മൂന്നു വ്യക്തികളെയാണ് സെമിനാറിൽ പങ്കെടുക്കുവാൻ നിർദ്ദേശിച്ചിരുന്നത്. 78 ഇടവകകളിൽ നിന്നായി 200 ഓളം പേർ സെമിനാറിൽ പങ്കെടുത്തു. കത്തോലിക്ക കോൺഗ്രസ് രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. രൂപതാ സെക്രട്ടറി മോളി മാമൂട്ടിൽ ടീച്ചർ പ്രാർത്ഥന നയിച്ചു. രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ സ്വാഗതം പറഞ്ഞു. സമുദായം ചരിത്ര വഴികളിലൂടെ എന്ന വിഷയത്തിൽ റിട്ടയേഡ് എ.ഡി.എം. അഗസ്റ്റിൻ സാർ ക്ലാസ് നയിച്ചു. സമുദായം സമകാലികം എന്ന വിഷയത്തിൽ അഡ്വ. ജിജിൽ ക്ലാസിനും ചർച്ചയ്ക്കും നേതൃത്വം നൽകി. എഫ്. സി. ആർ. എ. കാണാകെണികൾ എന്ന വിഷയത്തിൽ ഫാ. ബിജോ കറുകപ്പള്ളി ക്ലാസുകൾ നയിച്ചു. സമുദായ ശക്തീകരണ വർഷത്തെപറ്റി രൂപതാ കോഡിനേറ്റർ ജോസ് മാത്യു പുഞ്ചയിൽ ക്ലാസ് നയിച്ചു. സമുദായ സംഘടനയുടെ വഴികളിലൂടെ എന്ന വിഷയത്തിൽ രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ ക്ലാസുകൾ നയിച്ചു. തുടർന്ന് പൊതു ചർച്ചയും ഉണ്ടായിരുന്നു. മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ഓഡിറ്റോറിയത്തിൽ ആണ് സെമിനാർ നടന്നത്.

**സമുദായ ദിനം- മെയ് 3 ഞായർ**

മാനന്തവാടി രൂപത മെയ് 3 സമുദായ ദിനമായി ആചരിക്കുന്നതിന്റെ ഭാഗമായി രൂപതയിലെ മുഴുവൻ ദേവാലയങ്ങളിലും സമുദായ

ദിനം സമുചിതമായി കൊണ്ടാടി. വിശുദ്ധ കുർബാനയ്ക്കുശേഷം കത്തോലിക്ക കോൺഗ്രസിന്റെ പതാക എല്ല ഇടവകകളിലും ഉയർത്തപ്പെട്ടു. സമുദായദിന പ്രതിജ്ഞ എടുക്കുകയും യൂണിറ്റ് കൺവെൻഷനുകൾ ചേരുകയും ചെയ്തു. ചില ഇടവകകളിൽ സമുദായ ദിനറാലി സംഘടിപ്പിച്ചു. വിവിധ ഇടവകകളിൽ വിവിധ സംഘടനകളുടെ മുൻകാല രൂപതാ സംസ്ഥാന ഭാരവാഹികൾ ആയിരുന്നവരെയും രാഷ്ട്രീയ രംഗത്ത് ജനപ്രതിനിധികൾ എന്ന നിലയിൽ പ്രവർത്തിച്ചവരെയും ആദരിച്ചു. പല ഇടവകകളിലും സമുദായ ദിന സന്ദേശം നൽകുകയുണ്ടായി. ഏറെ മനോഹരമായി സമുദായ ദിനം ഇടവകകളിൽ സംഘടിപ്പിച്ച ബഹുമാനപ്പെട്ട ഇടവക വൈദികരെയും കത്തോലിക്കാ കോൺഗ്രസ് യൂണിറ്റ് ഭാരവാഹികളെയും അഭിമാനപൂർവ്വം ഓർക്കുന്നു.

**സമുദായശക്തീകരണ വർഷ സെമിനാർ**

**തോമാട്ടുചാൽ:** മെയ് 3 ന് സമുദാശക്തികരണ വർഷ സെമിനാർ സംഘടിപ്പിച്ചു. കത്തോലിക്കാ കോൺഗ്രസ് രൂപതാ റിസോഴ്സ് ടീം മെമ്പർ ശ്രീ. അനീഷ് ഓമക്കര സന്ദേശം നൽകി.

**ചിത്രഗിരി:** മെയ് മൂന്നിന് ചിത്രഗിരി ഇടവകയിൽ സമുദായശക്തികരണവർഷ സെമിനാർ നടത്തി. കത്തോലിക്കാ കോൺഗ്രസ് രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസുകൾ നയിച്ചു.

**കത്തീഡ്രൽ:** ഇടവകയിൽ മെയ് മൂന്നിന് കത്തോലിക്കാ കോൺഗ്രസ് യൂണിറ്റിന്റെ നേതൃത്വത്തിൽ സമുദായ ദിനത്തോടനുബന്ധിച്ച് നടത്തിയ സെമിനാറിൽ രൂപതാ ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ ക്ലാസ് നയിച്ചു.

**കല്ലുവയൽ:** ഇടവകയിൽ നടന്ന സമുദായശക്തികരണ സെമിനാറിൽ ഗ്ലോബൽ വൈസ് പ്രസിഡണ്ട് കെ. പി. സാജു കൊല്ലപ്പള്ളി സെമിനാർ നയിച്ചു.

**മുള്ളൻകൊല്ലി:** മെയ് 17 ന് ഞായറാഴ്ച മുള്ളൻകൊല്ലി ഇടവകയിൽ യൂണിറ്റ് രൂപീകരണം നടന്നു. യൂണിറ്റിലെ ആദ്യകാല അംഗങ്ങളും പുതിയതായി ചേർന്ന അംഗങ്ങളും ചേർന്ന് കൂടുതൽ ശക്തമായി പ്രവർത്തിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് സെമിനാർ നടന്നത്. റവ. ഫാ. ജോർജ് ആലുക്ക യൂണിറ്റ് രൂപീകരണ സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ് നയിച്ചു. ഫോറോനാ പ്രസിഡന്റ് സുനിൽ, രൂപതാ പ്രവർത്തകർ സമിതി അംഗം ബീന കരുമാംകുന്നേൽ എന്നിവർ ആശംസകൾ നേർന്നു. യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു.

**ബത്തേരി ഫൊറോനാ കമ്മിറ്റി**

കത്തോലിക്ക കോൺഗ്രസ് ബത്തേരി ഫൊറോന കമ്മിറ്റിയുടെ പ്രതിമാസ യോഗം മെയ് 6 ന് ഞായറാഴ്ച അമ്പലവയൽ സെൻ്റ് മാർട്ടിൻ ദേവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഫൊറോന പ്രസിഡൻ്റ് ഡേവി മങ്കുഴ അധ്യക്ഷത വഹിച്ച യോഗത്തിൽ അമ്പലവയൽ ഇടവക വികാരി റവ. ഫാ. ചാക്കോ മേപ്പുറത്ത് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഫൊറോനാ ഡയറക്ടർ ഫാ. ജോസ് മേച്ചേരിൽ ആമുഖ പ്രഭാഷണം നടത്തി. രൂപതാ പ്രസിഡൻ്റ് ജോൺസൺ തൊഴുത്തുങ്കൽ മുഖ്യപ്രഭാഷണം നടത്തി. സാജു പുലിക്കോട്ടിൽ, രാജു മണക്കുന്നേൽ, നാഷ് ഇളയിടത്ത് മഠത്തിൽ, അജി, ജോഷി കാരക്കുന്നേൽ, ജേക്കബ് ബത്തേരി, ചാൾസ് വടാശേരിൽ, സ്മിത എന്നിവർ പ്രസംഗിച്ചു. കേരളത്തിൻ്റെ ഭരണാധികാരം ഏറ്റെടുത്ത യുഡിഎഫ് ഗവൺമെൻ്റിനെ യോഗം അഭിനന്ദിച്ചു. ന്യൂനപക്ഷ ക്ഷേമ വകുപ്പും വിദ്യാഭ്യാസ വകുപ്പും മുഖ്യമന്ത്രി ഏറ്റെടുക്കണമെന്ന് യോഗം അഭ്യർത്ഥിച്ചു.

**നന്ദിപൂർവ്വം**

കത്തോലിക്ക കോൺഗ്രസിൻ്റെ വിവിധ ഫൊറോനകളിൽ ഫൊറോനാ ഡയറക്ടർമാരായി സേവനം ചെയ്തിരുന്ന 5 വൈദികർ  സ്ഥലം മാറ്റം വഴി മറ്റ് ഇടവകകളിൽ നിയമിക്കപ്പെട്ടു. മാനന്തവാടി ഫൊറോനാ ഡയറക്ടർ ഫാ. ജെയിംസ് പുത്തൻപറമ്പിൽ, ചുങ്കക്കുന്ന് ഫൊറോനാ ഡയറക്ടർ ഫാ. ടോമി പുത്തൻപുരക്കൽ, നടവയൽ ഫൊറോനാ ഡയറക്ടർ ഫാ. ജോസ് കപ്യാരുമലയിൽ, നിലമ്പൂർ ഫൊറോനാ ഡയറക്ടർ ഫാ. ജസ്റ്റിൻ മൂന്നനാൽ, ഗൂഡല്ലൂർ ഫൊറോനാ ഡയറക്ടർ ഫാ. സിജോ എടക്കുടി എന്നിവരാണ് പുതിയ ഇടവകകളിലേക്ക് നിയമിതരായിരിക്കുന്നത്. ബഹുമാനപ്പെട്ട അച്ചന്മാരുടെ സേവനങ്ങളെ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു. കൂടുതൽ യൂണിറ്റുകൾ രൂപീകരിക്കുവാനും ഫൊറോനാ പ്രവർത്തനങ്ങൾ ശക്തമാക്കുവാനും ബഹുമാനപ്പെട്ട വൈദികർ മുൻഗണന നൽകിയെന്നുള്ളത് അഭിമാനാർഹമായ കാര്യമാണ്. ഇവരുടെ സേവനങ്ങളെയും പ്രവർത്തനങ്ങളെയും നന്ദിപൂർവ്വം രൂപതാ സമിതി സ്മരിക്കുകയാണ്. പുതിയ പ്രവർത്തന മേഖലകളിലെല്ലാം എല്ലാ വിജയങ്ങളും ആശംസിക്കുന്നു. എല്ലാവരുടെയും ആത്മാർത്ഥമായ സഹകരണം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡണ്ട്

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസകീട നാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസ പദാർഥങ്ങൾ, ജൈവമാറ്റം വരുത്തിയവിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാ ഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവ രുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നത്തിനു മായി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS-Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷക രുമാണ് ഉണ്ടാവുക. കർഷകരുടെ അംഗത്വം പരിശോധിക്കുന്ന തിനും ഉറപ്പുവരുത്തുന്നതിനുമായി സർട്ടിഫിക്കേഷൻ ഏജൻസി കൾ നിയോഗിച്ച ഉദ്യോഗസ്ഥർ ഫാർമർ വെരിഫിക്കേഷൻ നടത്തിവരുന്നു.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങ ൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർ ത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിന്നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങ ളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**VFC ഇലക്ഷൻ നടന്നു**

WSSS ഓർഗാനിക് ഫാർമേഴ്സ് ഫയർട്രേഡ് അസോസിയേഷൻ (വൊഫ) യിൽ ഉൾപ്പെടുന്ന വില്ലേജ് ഫാം ക്ലബ്ബ്കളിൽ ഇലക്ഷൻ നടന്നു വരുന്നു. 2026–29 വർഷത്തിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പാണ് നടന്നുവരുന്നത്.

**സിഗ്‌വി – സസ്റ്റെയ്നബിൾ ഇൻകം ജനറേഷൻ ഫോർ വിമൻ എന്റർപ്രണേഴ്സ്**

മാനന്തവാടി പനമരം ബ്ലോക്കുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 20 വനിതകളെ ചേർത്തുകൊണ്ട് ബയോവിന്നിന്റെ നേതൃത്വത്തിൽ ആരംഭിച്ച സിഗ്‌വിയിലൂടെ (SIGWE - Sustainable Income Generation for Women Entrepreneurs) വനിതകളെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതോടൊപ്പം ഗുണമേന്മയുള്ള കാർഷിക ഉൽപ്പങ്ങൾ ഉപയോഗിച്ച് മായം കലരാത്ത ഉത്പ്പന്നങ്ങൾ വിപണിയിൽ എത്തിക്കുക എന്നതുകൂടിയാണ് ബയോവിന്നിന്റെ ലക്ഷ്യം. ബയോവിൻ സഹായത്തോടെ ആരംഭിച്ച സ്വന്തം യൂണിറ്റുകളിൽ ഗുണമേന്മ ഉറപ്പുവരുത്തി സംസ്ക്കരണം നടത്തുന്ന ഉത്പന്നങ്ങൾ ബയോവിന്നിൽ എത്തിച്ച് ചേരുവകൾ കൃത്യമായി യോജിപ്പിച്ചതിനു ശേഷമാണ് വിപണിയിലേക്കെത്തിക്കുന്നതിനുള്ള പാക്കിങ് നടക്കുക. മുഴുവൻ പ്രവർത്തനങ്ങളിലും ക്വാളിറ്റി കൺട്രോൾ മാനേജരുടെ മേൽനോട്ടം ബയോവിൻ ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. കറി മസാലകളും, കാപ്പി, ചായ പൊടികളും ബ്രേയ്ക് ഫാസ്റ്റ് പൗഡറുകളുമാണ് നിലവിൽ സിഗ്‌വി ബ്രാൻഡിൽ വിപണനമാരംഭിച്ചിരിക്കുന്നത്. ബയോവിൻ ഫാക്ടറി ഔട്ട്ലെറ്റിൽ ഇവ ലഭ്യമാണ്.

**സിഗ്‌വി ബസാർ**

സിഗ്‌വിയിലൂടെ തയ്യാറാക്കപ്പെടുന്ന മായമില്ലാത്ത ഭക്ഷ്യവസ്തുക്കൾ, മിതമായ വിലയിൽ ഉപഭോക്താവിന്റെ ഏറ്റവും അരികെ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയായാണ് ഈ സംരംഭത്തിന് തുടക്കമിട്ടിരിക്കുന്നത്. ഞായറാഴ്ചകളിൽ സിഗ്‌വി ബസാറിലൂടെയും, മറ്റുദിവസങ്ങളിൽ പഞ്ചായത്ത്തല വാർഡ് അടിസ്ഥാനത്തിൽ വീട് വീടാന്തരം നേരിട്ട് വിപണനം നടത്തുന്നതുമായിരിക്കും.

**സംസ്കരണം, വിപണനം**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യവർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക്

ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കൈതച്ചക്ക തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി ജർമ്മനി, ഇറ്റലി, ഫ്രാൻസ്, ബെൽജിയം, പോളണ്ട്, UAE, USA, ന്യൂസിലാൻഡ്, കാനഡ, ഓസ്ട്രേലിയ, സ്പെയിൻ, UK, പോർട്ടുഗൽ, അയർലണ്ട്, ഒമാൻ, ഓസ്ട്രിയ, ടർക്കി, ഡെൻമാർക്ക്, സ്വീഡൻ, നെതർലാൻഡ്സ് എന്നിവിടങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു. റഷ്യ, ഉക്രൈൻ, ഈജിപ്ത്, ഇസ്രായേൽ തുടങ്ങിയ രാജ്യങ്ങളിലേക്ക് പുതുതായി വിപണി കണ്ടെത്തുവാനും കഴിഞ്ഞിട്ടുണ്ട്.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**സുസ്വാഗതം**

റേഡിയോ മാറ്റൊലിയുടെ പുതിയ സ്റ്റേഷൻ ഡയറക്ടറായി മാനന്തവാടി രൂപതാംഗമായ ഡോ. ഫാ. ജോഫ്രി പോൾ കളരിക്കൽ ചാർജ്ജ് എടുത്തു. കൊമേഴ്സിൽ ഡോക്ടറേറ്റ് ബിരുദധാരിയായ അദ്ദേഹം റേഡിയോ മാറ്റൊലിയുടെ നാലാമത്തെ ഡയറക്ടറാണ്. റേഡിയോ മാറ്റൊലി കോൺഫറൻസ് ഹാളിൽ നടന്ന സ്വാഗത സമ്മേളനത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസ് കറുകപ്പിള്ളിൽ അധ്യക്ഷനായിരുന്നു. പതിനെട്ടാം വർഷത്തിലേക്ക് പ്രവേശിക്കുന്ന റേഡിയോ മാറ്റൊലിക്ക് ജോഫ്രി അച്ചന്റെ നേതൃത്വം മുതൽക്കൂട്ടാവട്ടെയെന്ന് അദ്ദേഹം ആശംസിച്ചു. അസി. ഡയറക്ടർമാരായ ഫാ. ബിവാൾഡിൻ തേവർകുന്നേൽ, ഫാ. സന്തോഷ് കാവുങ്കൽ, സീനിയർ എക്സ്പേർട്ട് വോളന്റിയർമാരായ കെ. കെ. ചന്ദ്രശേഖരൻ, ജോസ് കുരിശിങ്കൽ എന്നിവർ ആശംസകൾ നേർന്നു. മാറ്റൊലി കുടുംബത്തിലേക്ക് ജോഫ്രി അച്ചനെ ഹൃദ്യമായ സ്വാഗതം ചെയ്യുന്നതോടൊപ്പം അച്ചന് പ്രാർത്ഥനാപൂർവ്വകമായ ആശംസകളും നേരുന്നു.

**അഭിനന്ദനങ്ങൾ**

ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും കൊമേഴ്സിൽ ഡോക്ടറേറ്റ് ബിരുദം കരസ്ഥമാക്കിയ റേഡിയോ മാറ്റൊലിയുടെ പുതിയ സ്റ്റേഷൻ ഡയറക്ടർ ജോഫ്രി പോൾ കളരിക്കൽ അച്ചന് എല്ലാവിധ അഭിനന്ദനങ്ങളും ഒത്തിരി സ്നേഹത്തോടെ അറിയിക്കുന്നു.

**നന്ദിയോടെ**

റേഡിയോ മാറ്റൊലിയിൽ കഴിഞ്ഞ 3 വർഷക്കാലം വോളണ്ടിയറായി സേവനം ചെയ്ത സിസ്റ്റർ സീന എസ്. കെ. ഡി. ക്ക് റേഡിയോ മാറ്റൊലിക്കുടുംബത്തിന്റെ സ്നേഹാശംസകൾ. ഉന്നതപഠന മേഖലയിൽ ഒരുപാട് ഉയരങ്ങൾ കീഴടക്കാൻ സാധിക്കട്ടെ എന്ന ആശംസയോടെ പ്രാർത്ഥനാമംഗളങ്ങളും നേരുന്നു.

**സന്ദർശനം**

മുക്കം കെ. എം. സി. റ്റി. ഗ്രൂപ്പ് ഓഫ് എൻജിനീയറിംഗ് അധികൃതർ മാറ്റൊലി സന്ദർശിച്ചു. കെ. എം. സി. റ്റി. ഗ്രൂപ്പ് കോഴിക്കോടും കട്ടപ്പനയിലും കമ്മ്യൂണിറ്റി റേഡിയോ തുടങ്ങുന്നതിന്റെ ഭാഗമായിട്ട് ലീഡ് റേഡിയോ ആയ റേഡിയോ മാറ്റൊലിയുടെ പ്രവർത്തനങ്ങൾ മനസിലാക്കുന്നതിനും നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമാണ് കെ. എം. സി. റ്റി. ഗ്രൂപ്പ് മാറ്റൊലി സന്ദർശിച്ചത്.

**ഇന്റേൺഷിപ്പ്**

വിവിധ കോളേജുകളിൽ നിന്നുമുള്ള ബി.എ ഇംഗ്ലീഷ്, ജേർണലിസം ഡിപ്പാർട്ട്മെന്റുകളിലെ വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് ആരംഭിച്ചു. ലിസ്സ കോളേജ് കൈതപൊയിൽ, എം. ഇ. എസ്. കോളേജ് മമ്പാട് (2–ാം ബാച്ച്), പ്രൊവിഡൻസ് കോളേജ് കോഴിക്കോട്, മജ്‌ലിസ് ആർട്സ് ആന്റ് സയൻസ് കോളേജ് വളാഞ്ചേരി എന്നീ കോളേജുകളിൽ നിന്നായി 20 വിദ്യാർത്ഥികളാണ് ഇന്റേൺഷിപ്പ് ചെയ്യുന്നത്.

ജില്ലാ ലൈബ്രറി കൗൺസിലിൽ ഇന്റേൺഷിപ്പ് ചെയ്യുന്ന ബത്തേരി സെന്റ് മേരീസ് കോളേജ്, മുട്ടിൽ ഡബ്ള്യൂ എം. ഓ. കോളേജ് എന്നീ വിദ്യാർത്ഥികൾ മാറ്റൊലി സന്ദർശിച്ചു.

**ഫിലിം ഷൂട്ടിംഗ്**

കുഞ്ചാക്കോ ബോബൻ, സുരാജ് വെഞ്ഞാറമൂട് തുടങ്ങിയവർ പ്രധാനവേഷങ്ങളിലഭിനയിക്കുന്ന സിനിമയുടെ ഷൂട്ടിംഗിന്റെ ചില സീനുകൾ മെയ് 11 –ന് റേഡിയോ മാറ്റൊലി സ്റ്റുഡിയോയിൽ ചിത്രീകരിച്ചു.

**ഫാ. ടോണി ഏലംകുന്നേൽ**
**അസി. ഡയറക്ടർ റേഡിയോ മാറ്റൊലി**

**New Programme- B Sc data Science & Logistics**

The college has received approval to start a new programme, B.Sc. Data Science & Logistics, in the academic year 2026–27.

**Platinum Sustainable Campus Partner**

Our college has been recognized as a Platinum Sustainable Campus Partner for successfully conducting sustainable activities during Earth Week (April 22–29, 2026) under the leadership of the NSS units. The activities were organized as part of the Bharat Environment Program – A National Sustainable Campus Mission 2026, conducted by the Research Heights Foundation in association with EPTRI.

**Kuki students completed graduation**

Five Kuki students completed their graduation and left the campus after three years filled with heartfelt experiences and cherished memories. They expressed their gratitude to the Diocese of Mananthavady and the entire college community for the compassion and financial support extended to them during these years.

**PhD in Mathematics**

Mr. Santhosh Kumar C. G. was awarded a PhD in Mathematics under the guidance of Dr. Sr. Bindhu K. Thomas from Kannur University.

**Alumni Meet**

The College Alumni Association conducted the Alumni Meet on May 9, 2026. New office bearers were elected during the meeting. The college gratefully acknowledged the valuable contributions of the executive committee members under the leadership of Adv. Shebin George, former President of the Alumni Association.

**College Day**

College Day, along with a live music performance and farewell programme for the outgoing students, was conducted on March 30, 2026.

**Campus Drive**

Vonnue, an emerging software company based in Bathery, conducted a placement drive at our college on May 16, 2026.

**Edu-Expo**

Our college is participating in Edu-Expo, a career orientation programme conducted from May 16–23, 2026, across different panchayats in the Mananthavady Block.

**Social Outreach Programme:**

- The Department of English visited Tazza's Special School on March 24, 2026.
- The Department of Mathematics, Physics and Chemistry visited Emmaus Villa, Thonichal on March 27, 2026.
- The Department of Comp. Science visited jeevandhara Re habilitation Centre, Peruvaka on march 27, 2026.

**Student/Alumni Achievements**

- Dr. Dhanush Bhaskar (Zoology, 2008–11) was selected as the Global Coordinator of the International Union for Conservation of Nature. He is the first Asian to attain this position.
- Ms. Anusha M. J. (II B.Sc. Zoology) was selected as the Best Parliamentarian in the State-Level Model Parliament Competition conducted by the Institute of Parliamentary Affairs, Government of Kerala.
- Mr. Clince Johnson (Mathematics, 2013–16) was appointed as an NSG Commando.
- Mr. Muhammed Sinan C. H. (II B.Sc. Computer Science), Ms. Shahidha Thasneem (I BA Social Science – Economics), Ms. Vaisali B. (II BA Social Science – Economics), and Mr. Shajon Kurian (I B.Sc. Physics) participated in a virtual interaction with the Hon'ble Prime Minister of India on April 12–13, 2026, following their outstanding performance in the My Bharat Budget Quest 2026.
- Mr. Alan Tom and Mr. Adwaith Sanooj S. (M.Sc. Compute Science, 2024–26) secured placements at Acadeno Tecnologies, Cyber Park, Kozhikode.

**Prof. Thomas Monoth**
Principal

## ഫെഡാർ ഫൗണ്ടേഷൻ

**ജർമ്മൻ പ്രോഗ്രാം**

കഴിഞ്ഞ ദിവസങ്ങളിൽ വന്ന റിസൾട്ടുകളിൽ ഫെഡാർ ഫൗണ്ടേഷനിൽ പഠിച്ച 10 വിദ്യാർത്ഥികൾ B2 ഫുൾ മൊഡ്യൂളും 6 പേർ B1 ഫുൾ മൊഡ്യൂളും പാസായി. മെയ് പകുതിയോടെ ന്യൂമാൻസ് ക്യാമ്പസിൽ ക്ലാസ്സുകൾ ആരംഭിച്ചു. മെയ് അവസാനത്തോടെ ന്യൂമാൻസ് ക്യാമ്പസിൽ പുതിയ ബാച്ചുകൾ ആരംഭിക്കുന്നതാണ്. അഡ്മിഷനും അന്വേഷണങ്ങൾക്കുമായി വിളിക്കുക:
ഫാ. റിൻസൺ നെല്ലിമലയിൽ, 6238862380, 6235372134

**ഫെഡാർ കണക്ട്**

ഏപ്രിൽ 22 ന് ഫെഡാർ കണക്ടിന്റെ ആഭിമുഖ്യത്തിൽ കുട്ടികളെ KCET പരീക്ഷ എഴുതിക്കാൻ കൊണ്ടുപോയി. ചങ്ങനാശ്ശേരി അതിരൂപതയിലെ വിവിധ കോൺഗ്രേഷനിൽപെട്ട സിസ്റ്റേഴ്സിന്, ഫെഡാർ ഫൗണ്ടേഷനെക്കുറിച്ചും ഫെഡാർ കണക്ടിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും പരിചയപ്പെടുത്തി കൊടുക്കുവാൻ ഫെഡാർ കണക്ട് ടീം ചങ്ങനാശ്ശേരി SB കോളേജിൽ വച്ച് നടന്ന ഒരാഴ്ചത്തെ ഓറിയന്റേഷൻ പ്രോഗ്രാമിൽ ക്ലാസുകൾ നയിച്ചു.

കാട്ടിക്കുളത്ത് വച്ച് നടന്ന IKON NURSING COLLEGE MANAGEMENT TEAM MEETING ൽ സിസ്റ്റേഴ്സ് പങ്കെടുത്തു. ഫോൺ കോൺടാക്റ്റിലൂടെ കുട്ടികളും മാതാപിതാക്കളുമായി മെന്ററിങ് നടന്നുവരുന്നു.

**റെസിഡൻഷ്യൽ സ്കൂൾ**

പ്ലസ് വൺ റെസിഡൻഷ്യൽ 2026-27 ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. സയൻസ്, കമ്പ്യൂട്ടർ സയൻസ്, കൊമേഴ്സ് തുടങ്ങിയ വിഷയങ്ങൾക്ക് അഡ്മിഷൻ ലഭ്യമാണ്. ഹയർ സെക്കണ്ടറി പഠനത്തോടൊപ്പം കുട്ടികൾക്ക് ജർമ്മൻ ഭാഷാപഠനം, എ. ഐ. & കമ്പ്യൂട്ടർ, എൻട്രൻസ് കോച്ചിംഗ് മുതലായവക്കും അവസരമുണ്ട്. അഡ്മിഷനും അന്വേഷണങ്ങൾക്കുമായി വിളിക്കുക:
ഫാ. അരുൺ മഠത്തിപറമ്പിൽ 8848729103, ഷിബു പി. യു. 9447922211.

**ഫാ. അരുൺ മഠത്തിപ്പറമ്പിൽ**
ജി. എം., ഫെഡാർ ഫൗണ്ടേഷൻ

# സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ, മാനന്തവാടി

**ജനറൽ മെഡിസിൻ വിഭാഗത്തിൽ പുതിയ ഡോക്ടർ ജോയിൻ ചെയ്തു**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിൽ ജനറൽ മെഡിസിൻ വിഭാഗത്തിൽ പുതിയ ഡോക്ടർ ജോയിൻ ചെയ്തു. ഡോ. നീതു രാജു (MBBS, DNB) ആണ് ഹോസ്പിറ്റലിൽ പുതിയതായി സേവനം ആരംഭിച്ചത്. തിങ്കൾ മുതൽ ശനി വരെയുള്ള എല്ലാ ദിവസങ്ങളിലും ഡോക്ടറിന്റെ സേവനം ലഭ്യമാണ്.

**വേൾഡ് ലബോറട്ടറി ദിനം**

വേൾഡ് ലബോറട്ടറി ദിനത്തിന്റെ ഭാഗമായി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലിൽ ലാബ് ഡേ ആഘോഷിച്ചു. സെന്റ് ജോസഫ്സ് ലബോറട്ടറിയിൽ വെച്ചായിരുന്നു പരിപാടി നടത്തിയത്. പരിപാടിക്ക് സ്വാഗതം പറഞ്ഞത് ലാബ് ഇൻചാർജ് സിസ്റ്റർ ജോയ്സ് ആയിരുന്നു. പരിപാടിക്ക് ആശംസകൾ അറിയിച്ച് സംസാരിച്ചത് അസിസ്റ്റന്റ് ഡയറക്ടർ ഫാ. വിപിൻ കളപ്പുരയ്ക്കൽ ആണ്. തുടർന്ന് ലാബ് ഡേ സന്ദേശം നൽകിയത് ലാബ് ടെക്നീഷ്യൻ ഗായത്രി ആയിരുന്നു.

**ബി. എൽ. എസ്. പരിശീലനം**

മാനന്തവാടി സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റലും മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ട്മെന്റും സംയുക്തമായി ബി. എൽ. എസ്. പരിശീലനത്തിന് തുടക്കം കുറിച്ചു. ചടങ്ങിൽ ജോയിന്റ് ആർ. ടി. ഒ. നജീബ് ഉദ്ഘാടനം നിർവഹിക്കുകയും ഹോസ്പിറ്റൽ ഡയറക്ടർ ഫാ. മനോജ് കവളക്കാട് അധ്യക്ഷ പ്രസംഗം നടത്തുകയും ചെയ്തു. ഉദ്ഘാടന പ്രസംഗത്തിൽ റോഡിൽ പൊലിയുന്ന ജീവനുകളെ കുറിച്ചും ബി. എൽ. എസി. ന്റെ പ്രാധാന്യത്തെ കുറിച്ചും അത് അറിഞ്ഞിരിക്കേണ്ട ആവശ്യകതയെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ഹെവി ഡ്രൈവിംഗ് ലൈസൻസ് എടുക്കുന്നവർക്കുള്ള പ്രത്യേക പരിശീലനമായാണ് ആദ്യ ഘട്ടത്തിൽ ഇത് സംഘടിപ്പിക്കുന്നത്.

**പീഡിയാട്രിക് മെഡിക്കൽ ക്യാമ്പ് @ ആറാട്ടുതറ**

സെന്റ് ജോസഫ് ഹോസ്പിറ്റൽ മാനന്തവാടിയുടെ നേതൃത്വത്തിൽ ആറാട്ടുതറയിൽ സൗജന്യ പീഡിയാട്രിക് മെഡിക്കൽ ക്യാമ്പ് നടത്തി. അംഗവൈകല്യമുള്ള കുട്ടികൾക്കായിട്ടാണ് ക്യാമ്പ് സംഘടിപ്പിച്ചത്. പ്രസ്തുത ക്യാമ്പിൽ 37 ഓളം കുട്ടികൾ പങ്കെടുത്തു.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

സെന്റ് ജോസഫ്സ് മിഷൻ ഹോസ്പിറ്റൽ മാനന്തവാടിയും, കൈത്താങ്ങ് ചാരിറ്റബിൾ ട്രസ്റ്റ് പായോടും സംയുക്തമായി ചേർന്ന് പായോട് അംഗൻവാടിയിൽ വച്ച് സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ക്യാമ്പിൽ ഗൈനക്കോളജി, ജനറൽ മെഡിസിൻ എന്നിവരുടെ സേവനവും ക്യാൻസർ സ്ക്രീനിംഗ് ടെസ്റ്റ്, തൈറോയ്ഡ് ടെസ്റ്റ്, പി എഫ് ടി ടെസ്റ്റ് എന്നിവയും സൗജന്യമായി മെഡിസിൻ വിതരണവും ഉണ്ടായിരുന്നു. ക്യാമ്പിൽ 135 പേരോളം പങ്കെടുത്തു.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ

## കോർഷറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള മുഴുവൻ അധ്യാപക അനധ്യാപകരുടെയും സംഗമവും 2025–26 അധ്യയനവർഷം സർവീസിൽനിന്നും വിരമിക്കുന്നവർക്കുള്ള യാത്രയയപ്പും മെയ് മാസം ഒൻപതാം തീയതി ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽവെച്ചു നടത്തപ്പെട്ടു. കണിയാരം ഫാ. ജി. കെ. എം. ഹയർസെക്കണ്ടറി വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ സ്വാഗതനടനത്തോടെ ആരംഭിച്ച സമ്മേളനത്തിന്റെ ഉദ്ഘാടനവും സർവീസിൽ നിന്നും വിരമിക്കുന്ന അധ്യാപക അനധ്യാപകർക്കുള്ള ആദരവും മാനന്തവാടി രൂപതയുടെ മെത്രാൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു. വിവിധ മേഖലകളിൽ മികവ് തെളിയിച്ച വിദ്യാലയങ്ങളെയും വിദ്യാർത്ഥി പ്രതിഭകളെയും മാനന്തവാടി രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് ആദരിച്ചു.

2025–26 അധ്യയനവർഷത്തിൽ SSLC പരീക്ഷയിൽ 100 ശതമാനം വിജയം കൈവരിച്ചുകൊണ്ട് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ യശസ്സുയർത്തിയ വിദ്യാലയങ്ങൾക്കും വിദ്യാർത്ഥികൾക്കും അതിനായി അവരെ പ്രാപ്തരാക്കിയ പ്രധാനാധ്യാപകർക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും അഭിനന്ദനങ്ങൾ.

**വിദ്യാലയ വാർത്തകൾ**

**എൽ. പി. വിഭാഗം**

**I ദേവമാതാ എൽ. പി. സ്കൂൾ ആടിക്കൊല്ലി**

കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കുകയും ക്ഷേമം അന്വേഷിക്കുകയും ചെയ്തു. കോർപ്പറേറ്റ് മാനേജ്മെന്റ് വിദ്യാലയത്തിന് മഴക്കുഴി സ്ഥാപിച്ച് നൽകി.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

ഔദ്യോഗിക ഇടവക ജീവിതത്തിൽ നിന്ന് വിരമിക്കുന്ന സ്കൂൾ മാനേജർ ജോസ് തേക്കനാടി അച്ചന് പി. റ്റി. എ. എക്സിക്യൂട്ടീവിന്റെയും അധ്യാപകരുടെയും നേതൃത്വത്തിൽ യാത്രയയപ്പ്

നൽകി. അടുത്ത അധ്യയന വർഷത്തേക്കുള്ള വിഭവ സമാഹരണത്തിന്റെ ഭാഗമായി വാഴ, ചേന, ചേമ്പ് തുടങ്ങിയവ നട്ട് പച്ചക്കറിത്തോട്ടം വിപുലീകരിച്ചു. വാർഡ് മെമ്പറുടെ നേതൃത്വത്തിൽ സ്കൂൾ സുരക്ഷാ കമ്മറ്റി സുരക്ഷാ ക്രമീകരണങ്ങൾ വിലയിരുത്തി. മഴവെള്ള സംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചു.

**III സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

പുതിയ അധ്യയന വർഷത്തിലെ പ്രവേശനോത്സവം ഭംഗിയാക്കുന്നതിനായുള്ള വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനായി സ്കൂളിൽ അധ്യാപകരുടെയും പി.ടി.എ. പ്രതിനിധികളുടെയും നേതൃത്വത്തിൽ യോഗം സംഘടിപ്പിച്ചു.

**IV സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

2026-27 അധ്യയന വർഷത്തേയ്ക്കുള്ള സ്കൂൾ അഡ്മിഷൻ പൂർത്തിയാക്കി. വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും ഭവനങ്ങൾ സന്ദർശിച്ചു. വായന ചങ്ങാത്തം അവധിക്കാലഭാഷാ പരിശീലന പരിപാടി ആരംഭിച്ചു.

**V എ. എൽ. പി. സ്കൂൾ കണിയാരം**

2026-2027 അധ്യയന വർഷത്തേയ്ക്കുള്ള അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. അധ്യാപകർ പല തവണ കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും അഡ്മിഷൻ പ്രവർത്തനങ്ങളിൽ സജ്ജീവമായി പങ്കെടുക്കുകയും ചെയ്തു. സ്കൂളും പരിസരവും വൃത്തിയാക്കിയും ക്ലാസ് മുറികളിലും വരാന്തയിലും ചിത്രങ്ങൾ വരച്ചും സ്കൂൾ ഭംഗിയാക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആരംഭിച്ചു. കോർപ്പറേറ്റ് എജുക്കേഷൻ ഏജൻസി സംഘടിപ്പിച്ച ലഹരി വിരുദ്ധ വാരത്തോടനുബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങൾക്ക് എൽ. പി. വിഭാഗത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**VI സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനും പഠനത്തിനോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനുമായി അവധിക്കാലത്ത് വിവിധ പഠന പ്രവർത്തനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കി വരുന്നു. കുട്ടികളുടെ ഭവന സന്ദർശനം നടത്തി സുരക്ഷാ നിർദേശങ്ങൾ കുട്ടികൾക്ക് അധ്യാപകർ നൽകുകയും ചെയ്തു. സ്കൂൾ പ്രവേശനോത്സവം സംബന്ധിച്ച് എസ് ആർ ജി മീറ്റിംഗ് കൂടുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**VII നിർമല എൽ. പി. സ്കൂൾ ആലാറ്റിൽ**

ദീർഘകാല അധ്യാപന സേവനത്തിന് വിരാമമിട്ട് സർവീ

സിൽ നിന്ന് വിരമിക്കുന്ന സ്കൂൾ ഹെഡ്മിസ്ട്രസിന് ഹൃദയസ്പർശിയായ യാത്രയയപ്പ് നൽകി. പ്രവേശനോത്സവ മുന്നൊരുക്ക പ്രവർത്തനങ്ങൾ ആരംഭിച്ചു. സ്കൂൾ അവധിക്കാലം പ്രയോജനപ്രദമാക്കുന്നതിനായി വിദ്യാർത്ഥികൾക്ക് വായനാശീലവും ചെറിയ പഠന പ്രവർത്തനങ്ങളും നൽകുന്ന പ്രവർത്തനങ്ങൾക്ക് തുടക്കമായി. 'എന്റെ ചെടി എന്റെ സ്കൂളിന്' പദ്ധതി ആരംഭിച്ചു.

**VIII സി. കെ. എൽ. പി. എസ്. മണിമൂളി**

കുട്ടികൾക്കായി പ്രത്യേക അവധിക്കാല പ്രവർത്തന മോഡ്യൂൾ, HAPPY VACATION നിർമ്മിച്ചു. ഇതനുസരിച്ച് അവധിക്കാലങ്ങളിൽ കളികളോടൊപ്പം ചിന്തകളും അടങ്ങിയ പ്രവർത്തനങ്ങൾ നൽകുകയും കൃത്യമായ ഇടവേളകളിൽ ഇത് മൂല്യനിർണയം നടത്തുകയും ചെയ്തുവരുന്നു.

**IX സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

പിടിഎ, SRG, സ്കൂൾ സുരക്ഷമീറ്റിംഗ് ഇവ സംയുക്തമായി നടത്തപ്പെട്ടു. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് പരിസരം വൃത്തിയാക്കി. ദേശജ്യോതി ക്വിസ് മത്സരത്തിലും സന്മാർഗ പരീക്ഷയിലും വിജയങ്ങൾ കരസ്ഥമാക്കി.

**യു. പി. വിഭാഗം**

**I അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അവർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി സുൽത്താൻബത്തേരി ഹെഡ്മാസ്റ്റേഴ്സ് ഫോറവും അസംപ്ഷൻ എ.യു.പി. സ്കൂളും സംയുക്തമായി അറിവിന്റെ പൊതുവഴികൾ തേടി എന്ന പേരിൽ പഠന പിന്തുണ പ്രവർത്തനം സംഘടിപ്പിച്ചു. വിദ്യാർത്ഥികളിൽ വായനാശീലവും വിജ്ഞാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചത്.

**II സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

5,6,7 ക്ലാസ്സുകളിൽ E ഗ്രേഡ് കിട്ടിയ കുട്ടികൾക്ക് ഏപ്രിൽ 20 മുതൽ 27 വരെ പ്രത്യേക പരിശീലനം നൽകുകയും, പഠന പിന്തുണയുടെ ഭാഗമായുള്ള വിലയിരുത്തൽ പ്രവർത്തനങ്ങൾ ഏപ്രിൽ 29-ാം തീയതി നടത്തുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾക്ക് ക്ലാസ് പ്രൊമോഷൻ നൽകി.

**III സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

Smart Summer English എന്ന പേരിൽ ഓൺലൈൻ മാധ്യമ

ങ്ങളിലൂടെ കുട്ടികൾ ഇംഗ്ലീഷ് കഥകൾ, പാട്ടുകൾ, കൊച്ചുകൊച്ചു സന്ദേശങ്ങൾ, ഉദ്ധരണികൾ എന്നിവ അവതരിപ്പിച്ചു വരുന്നു. അവധിക്കാല വായനയെ പ്രോത്സാഹിപ്പിക്കുന്നതിനായി ലൈബ്രറി പുസ്തകങ്ങളുടെ വിതരണവും നടത്തുന്നു.

**IV സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

അവധിക്കാലത്ത് കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നിരവധി പോസ്റ്ററുകളും വീഡിയോകളും തയ്യാറാക്കി ക്ലാസ് ഗ്രൂപ്പുകളിലൂടെ നൽകി മാതാപിതാക്കൾക്കും കുട്ടികൾക്കും ബോധവൽക്കരണം നടത്തുകയും ചെയ്തു. വാർഷിക പരിക്ഷയിൽ വിവിധ വിഷയങ്ങളിൽ ഇ ഗ്രേഡ് കിട്ടിയ കുട്ടികൾക്ക് ദിവസവും രാവിലെ 7.30 മുതൽ 10.30 വരെ പഠന പിന്തുണ പ്രവർത്തനങ്ങൾ നടന്നു. സ്കൂളിലെ എല്ലാ കുട്ടികളുടെയും വീടുകളിൽ അധ്യാപകർ സന്ദർശിക്കുകയും അഡ്മിഷനുമായി ബന്ധപ്പെട്ട സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്യുന്നു.

**V സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ ഭാഗമായി നിർമിച്ച ചിൽഡ്രൻസ് പാർക്കിന്റെ ഉദ്ഘാടനം നിർവഹിച്ചു. പരേതയായ പുത്തൻപുരയിൽ മേരി ചാക്കോയുടെ ഓർമ്മക്കായിട്ടാണ് പാർക്ക് നിർമിച്ചത്.

**VI അമ്പായത്തോട് യു. പി. സ്കൂൾ**

2025-26 അധ്യയന വർഷത്തെ അഡ്മിഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തി. സ്കൂൾ മാനേജർ ഫാ. അനീഷ് കാട്ടാത്തിനുള്ള യാത്രയയപ്പ് സംഘടിപ്പിച്ചു. പ്രവേശനോത്സവത്തിന് മുന്നോടിയായി സ്കൂളിൽ ചെയ്യേണ്ട കാര്യങ്ങൾ സ്റ്റാഫ് മീറ്റിംഗ് കൂടി ചർച്ച ചെയ്ത് ഓരോന്ന് നടപ്പിലാക്കി വരുന്നു

**VII സെന്റ് ജോസഫ്സ് ടി. ടി. ഐ. മാനന്തവാടി**

2025-27 ഡി. എൽ. എഡ്. ബാച്ചിന്റെ സമൂഹ സമ്പർക്ക സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു. യു. പി. വിഭാഗത്തിലെ പഠനത്തിൽ പിന്നാക്കം വന്ന കുട്ടികൾക്ക് പഠന പിന്തുണ ക്ലാസുകൾ നടത്തുകയും വിലയിരുത്തൽ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. 2026-27 അധ്യയന വർഷത്തെ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**VIII സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

എം. എൽ. എ. ഫണ്ടിൽ നിന്നും അനുവദിച്ച തുക ഉപയോ

ഗിച്ച് നിർമ്മിക്കുന്ന സ്കൂൾ പാചകപ്പുരയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സ്കൂൾ സുരക്ഷാ സമിതി രൂപീകരിക്കുകയും, പ്രവേശനോത്സവത്തോടനുബന്ധിച്ച് സ്കൂളും ചുറ്റുപാടുകളും സുരക്ഷിതവും മനോഹരമാക്കുകയും ചെയ്തു.

**IX സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി നടത്തിയ മോറൽ സയൻസ് പരീക്ഷയിൽ നാലാം ക്ലാസ്സ് വിദ്യാർത്ഥി ഒന്നാം സ്ഥാനം കരസ്ഥമാക്കി. കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി സംഘടിപ്പിച്ച ലഹരി വിരുദ്ധവാരത്തോടനുബന്ധിച്ച് നടത്തിയ പ്രവർത്തനങ്ങൾക്ക് യു. പി. വിഭാഗത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**Xസെന്റ് തോമസ് എ. യു. പി. സ്ക്കൂൾ ഇടിവണ്ണ**

കുട്ടികൾക്ക് അവധിക്കാല പ്രവർത്തനങ്ങൾ നൽകി. വിലയിരുത്തൽ നടത്തിവരുന്നു. സ്കൂളിൽ അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**XI സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

പ്രധാനാധ്യാപകന് ഉചിതമായ യാത്രയയപ്പ് നൽകി. സന്മാർഗം സ്കോളർഷിപ്പ് പരീക്ഷയിൽ ഏഴാം ക്ലാസ്സ് വിദ്യാർത്ഥി രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**XII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്ക്കൂൾ പാടിച്ചിറ**

പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂളും അഹല്യ ഫൗണ്ടേഷൻ ഐ ഹോസ്പിറ്റലും പാടിച്ചിറ ജനതാ ഗ്രന്ഥാലയവും സംയുക്തമായി സൗജന്യ നേത്ര പരിശോധന ക്യാമ്പ് സംഘടിപ്പിച്ചു.

**XIII സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

തവിഞ്ഞാൽ സെന്റ് തോമസ് യു. പി. സ്കൂളിൽ 2026-27 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഭവന സന്ദർശനങ്ങൾ നടത്തി. അധ്യാപകരുടെ നേതൃത്വത്തിൽ പൂന്തോട്ട പരിപാലനം നടത്തി.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

വിവിധ വിഷയങ്ങളിൽ 30% മാർക്കിൽ കുറവുള്ള കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുകയും പരീക്ഷ നടത്തുകയും ചെയ്തു. NMMS സ്കോളർഷിപ്പ് പരീക്ഷയിൽ വിദ്യാലയത്തിലെ 5 വിദ്യാർത്ഥികൾ വിജയിച്ചു.

**II സെൻ്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

അഡ്മിഷൻ പ്രവർത്തനങ്ങൾ ആരംഭിച്ചു. NMMS സ്കോളർഷിപ്പ് പരീക്ഷ എഴുതിയ 48 കുട്ടികളിൽ 43 കുട്ടികളും സ്കോളർഷിപ്പ് പരീക്ഷ വിജയിക്കുകയും നാല് കുട്ടികൾ 48,000 രൂപ വീതം സ്കോളർഷിപ്പിന് അർഹത നേടുകയും ചെയ്തു. വയനാട് ജില്ല കളരിപ്പയറ്റ് അസോസിയേഷൻ ഇരുപത്തിരണ്ടാമത് കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് സ്കൂളിൽ വെച്ച് നടത്തപ്പെട്ടു.

**III സെൻ്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

പഠനപിന്തുണ ക്ലാസുകളും പുന:പരീക്ഷകളും നടത്തി. സ്കൂളിലെ വിദ്യാർത്ഥി NMMS സ്കോളർഷിപ്പ് നേടി. കുട്ടികൾ ഗൈഡ്സ് ക്യാമ്പിൽ പങ്കെടുത്തു. ദിശ 2K26 ശില്പശാല ക്രമീകരിച്ചു.

**IV അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

എൻ. എം. എം. എസ്. പരീക്ഷയിൽ മികച്ച വിജയം നേടി. പരീക്ഷയെഴുതിയ 4 വിദ്യാർത്ഥികൾ സ്കോളർഷിപ്പിന് അർഹരായി. ദേശജ്യോതി ക്വിസ് മത്സരത്തിൽ വിജയം നേടിയ വിദ്യാർത്ഥികളെ അഭിനന്ദിച്ചു.

**V സി. കെ. എച്ച്. എസ്. മണിമൂളി**

ഏപ്രിൽ മാസം പതിനാലാം തീയതിയോടെ വാർഷിക പരീക്ഷയുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി. പഠന പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവർക്കായി പ്രത്യേക എസ്. ആർ. ജി. കൂടി പഠന മൊഡ്യൂൾ തയ്യാറാക്കി ക്ലാസുകൾ നടത്തി. മെയ് രണ്ട് മുതൽ 5 വരെ പ്രമോഷൻ നടപടികൾ പൂർത്തിയാക്കി. പുതിയ അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ നടപടികൾ പുരോഗമിക്കുന്നു. പത്താം ക്ലാസ് പരീക്ഷ എഴുതിയ 334 വിദ്യാർത്ഥികളിൽ 333 പേരും വിജയിച്ചു.

**VI ഐ. ജെ. എം. എച്ച്. എസ്. കൊട്ടിയൂർ**

NMMS SCHOLARSHIP ന് ഒരു വിദ്യാർത്ഥി അർഹനായി. എല്ലാ ക്ലാസ് റൂമുകളിലും ഡിജിറ്റൽ ഇൻട്രാക്ടീവ് ബോർഡുകൾ സ്ഥാപിച്ചു. സന്മാർഗ ശാസ്ത്ര പരീക്ഷയിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി. അവധി ദിവസങ്ങളിൽ സ്കൂളിൽ വോളിബോൾ, ഫുട്ബോൾ ബാസ്ക്കറ്റ്ബോൾ തുടങ്ങിയ ഇനങ്ങൾക്ക് പ്രാക്ടീസ് നൽകുന്നു.

**VII ഫാ. ജി. കെ. എം. ഹൈസ്കൂൾ കണിയാരം**

എട്ട്, ഒൻപത് ക്ലാസുകളിൽ വാർഷിക പരീക്ഷയ്ക്ക് മുപ്പത് ശതമാനത്തിൽ താഴെ മാർക്ക് വാങ്ങിയ കുട്ടികൾക്കായി പഠനപിന്തുണ ക്ലാസ്സ് നൽകി മൂല്യനിർണയം നടത്തി. പഠന പിന്തുണ ക്ലാസുകൾക്ക് ഹാജരാകാതിരുന്ന കുട്ടികളുടെ ഭവനങ്ങൾ അധ്യാപകർ സന്ദർശിക്കുകയും സ്കൂളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

**VIII സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

അവധിക്കാലത്ത് പിന്നാക്കം നിന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി. 30% ൽ കുറഞ്ഞ മാർക്ക് ലഭിച്ച കുട്ടികളെ പുനർമൂല്യനിർണയത്തിന് ഒരുക്കി. അധ്യാപകർ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ചു.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

സ്കൂൾ ഫിറ്റ്നസിനുള്ള രേഖകൾ തയ്യാറാക്കി. സർവീസിൽ നിന്ന് വിരമിക്കുന്ന ലാബ് അസിസ്റ്റന്റിന് യാത്രയയപ്പ് നൽകി.

**II ഐ. ജെ. എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസിന്റെ നേതൃത്വത്തിൽ വിവിധ ഓൺലൈൻ ക്ലാസുകൾ നൽകിവരുന്നു. സദ്ഗമയ 2026 അധ്യാപക അനധ്യാപക സംഗമവേദിയിൽവെച്ച് ദേശജ്യോതി ക്വിസ് മത്സരത്തിൽ വിജയികളായവർക്ക് മൊമെന്റോയും ക്യാഷ് പ്രൈസും നൽകി.

**III സി. കെ. എച്ച്. എസ്. എസ്. മണിമൂളി**

പുതിയ അധ്യയന വർഷത്തെ വരവേൽക്കുന്നതിനായി ശുചീകരണപ്രവർത്തനങ്ങൾ നടത്തി വരുന്നു. പ്ലസ് ടു ക്ലാസിലെ കുട്ടികൾക്ക് അഭിരുചിയ്ക്കനുസരിച്ചുള്ള കോഴ്സ് തിരഞ്ഞെടുക്കുന്നതിനു വേണ്ടി വിവിധ കോഴ്സിനെക്കുറിച്ചും ജോലി സാധ്യതകളെക്കുറിച്ചും കരിയർ ഗൈഡൻസ് സെല്ലിന്റെ നേതൃത്വത്തിൽ ഓൺലൈൻ ക്ലാസുകൾ നടത്തി.

**IV സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ നടവയൽ**

അനധ്യാപക ജില്ലാ കൺവെൻഷന് വിദ്യാലയം വേദിയായി. വരുംവർഷത്തേയ്ക്കുള്ള സ്കൂൾതല പ്ലാനിംഗ് നടത്തി. സ്കൂളും പരിസരവും വൃത്തിയാക്കാൻ തീരുമാനിച്ചു.

**V സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

മാനന്തവാടി നഗരസഭയും സെന്റ് കാതറിൻസ് ഹയർ സെക്കന്ററി എൻ. എസ്. എസ്. യൂണിറ്റും സംയുക്തമായി മാനന്തവാടിയിൽ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. അവധിക്കാല എൻ. സി. സി. കേഡറ്റുകൾക്ക് നടത്തിയ പരിശീലന പരിപാടിയിൽ സ്കൂളിൽ നിന്നും 28 കേഡറ്റുകൾ പങ്കെടുത്തു.

2026-27 അധ്യയനവർഷം കൂടുതൽ മികവുകളോടെ പൂർത്തിയാക്കുവാൻ ഏവർക്കും ആശംസകൾ. നവാഗതരായി വിദ്യാലയങ്ങളിലേക്കെത്തുന്ന കുഞ്ഞുങ്ങൾക്ക് വഴിയും വെളിച്ചവുമാകാൻ എല്ലാ അധ്യാപകർക്കും സാധിക്കട്ടെ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**June 2026**

*01 Mon-05 Fri: ............ POC: KCBC Meeting*

*07 Sunday: .................. Norbert House: Diaconate*

*08 Monday: ................. Ondayangady: Blessing of chapel*

*16 Tue-18Thu: ............. Refresher Course for Senior Priests*

*24 Wednesday: ............ Jubilee Inauguration of Minor Seminary*


*26 Fri- 30 Tue: ........... Abroad*

**July 2026**

*01 Wed- 17 Fri: ........... Abroad*

*20 Mon- 23 Thu: ......... Faridabad: Seminar*

# Auxiliary Bishop's Programme



**June 2026**

*01 Mon- 05 Fri: ......... POC: KCBC Meeting*

*07 Sunday: ................. Irulam: Pastoral Visit*

*09 Tuesday: ................ Prasanthagiri: Monthly Recollection*

*14 Sunday: .................. Thelpara: Pastoral Visit*

*16 Tue-18 Thu: .......... Refresher Course for Senior Priests*

*21 Sunday: ................. Vanjode: Pastoral Visit*

*24 Wednesday: ........... Jubilee Inauguration of Minor Seminary*

*27 Saturday: ............. Edoor: CSSR Jubilee Mass*

*28 Sunday: ................. Thonichal: Pastoral Visit*

**July 2026**

*02 Thursday: ............. Peravoor: S H Renewal Assembly*

*05 Sunday: ................. Vazhavatta: Pastoral Visit*

*10 Friday: ................... Out of Station*

*11 Saturday: ............. Kappad: Feast of St. Benedict: Holy Mass*

*19 Sunday: ................. Ambalavayal: Pastoral Visit*

*26 Sunday: ................. Kadalmad: Pastoral Visit*



## ST.THOMAS CHURCH, DEEPTHIGIRI

**Blessed on 15th January 2026**



## ST.MARTIN’S CHURCH, AMBALAVAYAL

**Blessed on 6th May 2026**

**ദേവാലയ നിർമ്മിതിക്ക് നേതൃത്വം നൽകിയ ദീപ്തിഗിരി ഇടവക വികാരി ബഹു. ചാണ്ടി പുനക്കാട്ടച്ചനും ഇടവകജനത്തിനും, അമ്പലവയൽ ഇടവക വികാരി ബഹു. ചാക്കോ മേപ്പുറത്ത് അച്ചനും ഇടവകജനത്തിനും മാനന്തവാടി രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.**